محرمات استهان بها كثير من الناس - مليالم

ഭൂരിഭാഗവും നിസ്സാരമാക്കുന്ന

# നിഷിദ്ധങ്ങൾ

ترجمة

المكتب التعاوني للدعوة والارشاد وتوعية الجاليات في شقراء




شعبة توعية الجاليات بالزلفي

هاتف: ٤٢٣٤٤٦٦ ٠٦ فاكس: ٤٢٣٤٤٧٧ ٠٦ ص.ب: ١٨٢

ഭൂരിഭാഗവും നിസ്സാരമാക്കുന്ന

# നിഷിദ്ധങ്ങൾ


മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്

വിവ: ഇസ്‌ലാമിക് സെന്റർ ശഖ്‌റാഅ്

ح) المكتب التعاوني للدعوة والإرشاد بمحافظة شقراء ، ١٤٢٦هـ

فهرسة مكتبة الملك فهد الوطنية أثناء النشر

المنجد ، محمد بن صالح

محرمات استهان بها كثير من الناس باللغة مليباري –

محمد بن صالح المنجد – شقراء ، ١٤٢٦هـ

١١٦ ص ؛ ١٢ × ١٧ سم

ردمك : ٢ – ٤٩٩ – ٤٧ – ٩٩٦٠

١– الحلال والحرام أ– العنوان

ديوي ٢٥٩ ١٤٢٦/١٠٩٦

رقم الايداع: ١٤٢٦/١٠٩٦

ردمك: ٢-٤٩٩-٤٧-٩٩٦٠

بسم الله الرحمن الرحيم

# ഉള്ളടക്കം


| നമ്പർ | വിഷയം | പുറം |
|---|---|---|
| 1 | ശിർക് | 18 |
| 2 | ഖബ്റാരാധന | 18 |
| 3 | സിഹ്ർ | 23 |
| 4 | ഞാറ്റുവേലകളും നക്ഷത്രഫലങ്ങളും | 25 |
| 5 | ലോകമാന്യം | 27 |
| 6 | പക്ഷിശാസ്ത്രം | 29 |
| 7 | സൃഷ്ടികളുടെ പേരിൽ സത്യംചെയ്യൽ | 31 |
| 8 | കപടന്മാരുടെയും തെമ്മാടികളുടെയും കൂടെ | 34 |
| 9 | നമസ്കാരത്തിൽ തുമഅ്നീനത്ത് ഒഴിവാക്കൽ | 35 |
| 10 | നമസ്കാരത്തിൽ കൂടുതൽ അനക്കം | 37 |
| 11 | ഇമാമിനെ മുൻകടക്കൽ | 38 |
| 12 | ഉള്ളി പോലുള്ളവ കഴിച്ചു പള്ളിയിൽ | 40 |
| 13 | വ്യഭിചാരം | 42 |
| 14 | സ്വവർഗ്ഗരതി | 44 |
| 15 | സ്ത്രീ ഭർത്താവിന്റെ വിരിപ്പ് ഉപേക്ഷിക്കൽ | 45 |
| 16 | കാരണം കൂടാതെ ത്വലാഖ് ആവശ്യപ്പെടൽ | 46 |
| 17 | ദിഹാർ | 47 |
| 18 | ആർത്തവ സമയത്ത് ലൈംഗികബന്ധം | 49 |
| 19 | സ്ത്രീയെ ഗുദമൈഥുനം ചെയ്യൽ | 50 |
| 20 | ഭാര്യമാർക്കിടയിൽ നീതി | 51 |
| 21 | അന്യസ്ത്രീയുമായി ഒറ്റക്കിരിക്കൽ | 52 |
| 22 | അന്യസ്ത്രീക്ക് ഹസ്തദാനം | 54 |
| 23 | സ്ത്രീ പുറത്തിറങ്ങുമ്പോൾ സുഗന്ധം പൂശൽ | 55 |
| 24 | സ്ത്രീ ഒറ്റക്കു യാത്ര ചെയ്യൽ | 56 |
| 25 | അന്യസ്ത്രീകളെ നോക്കൽ | 57 |
| 26 | വീട്ടുകാരിയെ കുറിച്ചു രോഷമില്ലാത്തവൻ | 58 |
| 27 | വ്യാജപിതൃത്വം, പിതൃത്വ നിഷേധം | 59 |
| 28 | പലിശ ഭുജിക്കൽ | 60 |
| 29 | കച്ചവടത്തിലെ വഞ്ചന | 64 |
| 30 | കൊള്ളലാഭം | 65 |
| 31 | ജുമുഅഃക്കു ബാങ്കുവിളിച്ച ശേഷം കച്ചവടം | 66 |
| 32 | ചൂതാട്ടം | 67 |

| | | |
|---|---|---|
| 33 | മോഷണം | 69 |
| 34 | കൈക്കൂലി | 71 |
| 35 | ഭൂമി കയ്യേറ്റം | 72 |
| 36 | ശുപാർശക്കു പാരിതോഷികം | 73 |
| 37 | ജോലിക്കു കൂലി നൽകാതിരിക്കൽ | 74 |
| 38 | മക്കൾക്കു ദാനം നൽകുന്നതിൽ നീതി | 76 |
| 39 | യാചന | 78 |
| 40 | കടം വാങ്ങൽ | 79 |
| 41 | നിഷിദ്ധ ഭക്ഷണം | 81 |
| 42 | മദ്യപാനം | 82 |
| 43 | സ്വർണ്ണ, വെള്ളി പാത്രങ്ങൾ | 85 |
| 44 | കള്ളസാക്ഷ്യം | 85 |
| 45 | സംഗീതം, വാദ്യോപകരണം | 87 |
| 46 | പരദൂഷണം | 89 |
| 47 | ഏഷണി | 90 |
| 48 | വീട്ടിലേക്കു എത്തിനോട്ടം | 91 |
| 49 | രഹസ്യം പറയൽ | 92 |
| 50 | വസ്ത്രം വലിച്ചിഴക്കൽ | 93 |
| 51 | പുരുഷന് സ്വർണ്ണാഭരണം | 95 |
| 52 | സ്ത്രീകളുടെ വസ്ത്രം | 95 |
| 53 | കൃത്രിമ മുടി | 97 |
| 54 | വേഷം മാറൽ | 97 |
| 55 | മുടി കറുപ്പിക്കൽ | 99 |
| 56 | ജീവനുള്ള വസ്തുക്കളുടെ ചിത്രീകരണം | 100 |
| 57 | കാണാത്ത സ്വപ്നം കണ്ടതായി പറയൽ | 102 |
| 58 | ഖബ്റിന്നരികിൽ | 103 |
| 59 | മൂത്ര വിസർജ്ജനത്തിൽ അശ്രദ്ധ | 104 |
| 60 | അന്യരുടെ സംസാരം കട്ടുകേൾക്കൽ | 105 |
| 61 | ചീത്ത അയൽവാസം | 106 |
| 62 | വസ്വിയ്യത്തിൽ അക്രമം | 108 |
| 63 | പകിടകളി | 109 |
| 64 | ശാപവാക്കുകൾ | 109 |
| 65 | മരണ വീട്ടിലെ അട്ടഹാസം | 110 |
| 66 | മുഖത്തടിക്കൽ, ചൂടുവക്കൽ | 111 |
| 67 | പിണക്കം | 112 |

بسم الله الرحمن الرحيم

# മുഖവുര

സ്തുതി ലോകരക്ഷിതാവിന്, പ്രഭു മുഹമ്മദ് നബിയിൽ അല്ലാഹുവിൻെറ കൃപാകടാക്ഷങ്ങൾ സദാ വർഷിക്കുമാറാകട്ടെ.
പ്രിയ വായനക്കാരോട്

സഊദി പണ്ഢിതനായ സ്വാലിഹ് അൽമുനജ്ജിദ് രചിച്ചിട്ടുള്ള **'മുഹർറമാതുൻ ഇസ്തഹാന ബിഹാ കസീറുമ്മിനന്നാസു'** എന്ന കൊച്ചു കൃതിയുടെ ആശയ വിവർത്തനമാണ് ഈ പുസ്കതം. സാധാരണക്കാരുടെ നിത്യജീവിതത്തിൽ സംഭവിക്കാൻ സാധ്യതയുള്ള ഒട്ടനേകം തെറ്റുകളെ ചൂണ്ടിക്കാണിക്കുകയും അതിൻെ അപകടത്തെക്കുറിച്ചു സമൂഹത്തെ ഉണർത്തുകയുമാണ് ഗ്രന്ഥകർത്താവ് ചെയ്യുന്നത്.

ഈ ഉപഹാരം കേരളീയ വായനക്കാർക്ക് സമർപ്പിച്ച **ശഖ്റാ ഇസ്ലാമിക് ഗൈഡൻസ് സെൻറർ** ഭാരവാഹികളോടും സഹകരിച്ച മറ്റു സഹോദരങ്ങളോടും ഞാൻ വളരെയധികം കടപ്പാടുള്ളവനാണ്. ഞങ്ങളുടെ സൽകർമ്മങ്ങളുടെ തുലാസിൽ ഭാരം തൂങ്ങുന്ന ഒന്നായി ഈ സംരംഭം സ്വീകരിക്കേണമേ, നാഥാ.

പി.സി. മുഹെമ്മദ് സുല്ലമി,
ഇസ്ലാമിക് ഗൈഡൻസ് സെൻറർ
പി.ബി. 152, ശഖ്റാ. 11961
സുഊദി അറേബ്യ.

# സമർപ്പണം

സർവ്വസ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു. നമ്മുടെ മനസ്സിൻെറ ദോഷത്തിൽ നിന്നും നമ്മുടെ പ്രവർത്ത നങ്ങളുടെ ദുഷ്യത്തിൽ നിന്നും അല്ലാഹുവിനോട് കാവൽ തേടുന്നു.അല്ലാഹു സന്മാർഗത്തിലാക്കിയവരെ ദുർമാർഗത്തിലാക്കുന്നവരില്ല. അവൻ ദുർമാർഗത്തിലാക്കിയവരെ സന്മാർഗത്തിലാക്കുന്നവരുമില്ല അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്നും മുഹമ്മദ് ﷺ അല്ലാഹുവിൻെറദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അല്ലാഹു ചെയ്യാൻ കൽപിച്ചിട്ടുള്ള നിർബന്ധ (فـرض) കാര്യങ്ങളിൽ വീഴ്ച വരുത്തുവാനോ, നിഷിദ്ധമാക്കിയവ (حـرام) പ്രവർത്തിക്കുവാനോ അവൻ നിശ്ചയിച്ച അതിർത്തികൾ ലംഘിക്കാനോ പാടുള്ളതല്ല.

നബി ﷺ പറഞ്ഞു:

(مـا أحل الله في كتابه فهو حلال وما حرّم فهو حرام وما سكت عنه فهو عافية، فاقبلوا من الله العافية، فإن الله لم يكن نسيا ثم تلا هذه الآية:﴿ وَمَا كَـانَ رَبُّكَ نَسِيًّا﴾) (رواه الحاكم ٢/٣٧٥ وحسنه الألباني في غاية المرام ص:١٤)

**അല്ലാഹു അവൻെറ ഗ്രന്ഥത്തിൽ അനുവദിച്ചതെല്ലാം ഹലാലും (അനുവദനീയവും) നിരോധിച്ചതെല്ലാം ഹറാമും (നിഷിദ്ധവും) മൗനം പാലിച്ചതെല്ലാം വിട്ടുവീഴ്ച നൽകപ്പെടുതുമാകുന്നു. നിങ്ങൾ അവൻെറ വിട്ടുവീഴ്ചകൾ സ്വീകരിക്കുക.അല്ലാഹു കാര്യങ്ങളെ മറക്കുന്നവനല്ല. അനന്തരംനബി ﷺ 'നിൻെറ രക്ഷിതാവ് മറക്കുന്നവനല്ല എന്ന ഖുർആൻവചനം പാരായണം ചെയ്തു.** [ഹാകിം]

നിഷിദ്ധകാര്യങ്ങൾ അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകളാണ്.

അല്ലാഹുപറയുന്നു:

﴿تِلْكَ حُدُودُ اللَّهِ فَلَا تَقْرَبُوهَا﴾ (البقرة: ١٨٧)

**അത് അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകളാകുന്നു. നിങ്ങൾ അവയെ സമീപിക്കരുത്.** (വി.ഖു. 2:187)

നിഷിദ്ധമായവ പ്രവർത്തിക്കുകയും അവൻെറ അതിർവരമ്പുകളെ ലംഘിക്കുകയും ചെയ്യുന്നവരെ അല്ലാഹു താക്കീതു ചെയ്തിരിക്കുന്നു.

﴿ وَمَــنْ يَّعْصِ اللَّهَ وَرَسُولَهُ وَيَتَعَدَّ حُدُودَهُ يُدْخِلْهُ نَارًا خَالِدًا فِيهَا وَلَهُ عَذَابٌ مُّهِينٌ ﴾ (النساء:١٤)

**ആർ അല്ലാഹുവിനെയും അവൻെറ ദൂതനെയും ധിക്കരിക്കുകയും അവൻെറ (നിയമ) പരിധികളെ മറികടക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണവന്നുള്ളത്.** [വി.ഖു. 4:14]

നിഷിദ്ധകാര്യങ്ങളിൽ നിന്ന് അകന്നുനിൽക്കൽ നിർബന്ധമാണ്. നബി ﷺ പറയുന്നു:

ما نهيتكم عنه فاجتنبوه، وما أمرتكم به فافعلوا منه ما استطعتم (رواه مسلم ، الحديث ١٣٠ كتاب الفضائل)

**ഞാൻ നിങ്ങളോട് വിരോധിച്ച കാര്യങ്ങളിൽ നിന്ന് പരിപൂർണ്ണമായി വിട്ടുനിൽക്കുകയും കൽപിച്ചവ കഴിവിൻെറ പരമാവധി പ്രവർത്തിക്കുകയും ചെയ്യുവിൻ.** [മുസ്ലിം]

ദേഹേച്ഛയെ പിൻപറ്റുന്ന വിഢ്ഢികളും ദുർബല മനസ്കരും നിഷിദ്ധകാര്യങ്ങളെക്കുറിച്ചു കേൾക്കാനിടവന്നാൽ മടുപ്പോടെയും വെറുപ്പോടെയും പറയാറുള്ളത് 'നിങ്ങൾ ഞങ്ങൾക്ക് എല്ലാം ഹറാമാക്കി, ഹറാമായതല്ലാതെ നിങ്ങളുടെ പക്കൽ ഞങ്ങൾ ഒന്നും കാണുന്നില്ല, ഞങ്ങളുടെ ജീവിതമാകെ നിങ്ങൾ ഹറാമുകളുടെ ചങ്ങലക്കെട്ടുകളിൽ ബന്ധിതമാക്കി, ഞങ്ങൾക്ക് മടുപ്പും മനഃപ്രയാസവും സൃഷ്ടിക്കുന്നു. നിങ്ങളുടെ കയ്യിൽ ഹറാമുകൾ മാത്രമേയുള്ളൂ. എന്നാൽ മതം നിങ്ങൾ പറയുന്നതു പോലെയല്ല. അത് അയത്നലളിതവും വിശാലവുമാണ്. അല്ലാഹു അനുഗ്രഹിക്കുന്നവനും മാപ്പരുളുന്നവനുമാണ്.

മഹാനും ഉന്നതനുമായ രക്ഷിതാവ് അവൻെറ സൂക്ഷ്മവും വിശാലവുമായ അറിവും ഹിക്മതും അനുസരിച്ചാണ് വിധിക്കുന്നത്. അവന്ന് എതിരിൽ വിധി നടത്തുന്നവരില്ല. അവൻെറ അന്യൂനമായ വിധിയിൽ ആർക്കും ഒരു കുറ്റവും കണ്ടെത്താനാകുകയില്ല. അവനു

ദ്ദേശിക്കുന്നതെല്ലാം അവൻ ഹലാലാക്കുന്നു. അവനുദ്ദേശിക്കുന്നതെല്ലാം അവൻ ഹറാമുമാക്കുന്നു. അവൻെറ അടിമകളാണ് നാം. എന്നു പറഞ്ഞാൽ അവൻ കൽപിച്ചത് അനുസരിക്കേണ്ടവരും അവൻ വിധിച്ചതിൽ പൂർണ്ണ സംതൃപ്തിയടയേണ്ടവരുമാണ്.

അല്ലാഹുവിൻെറ വിധിവിലക്കുകൾ അവൻെറ അറിവിനും ഹിക്മത്തിനും നീതിക്കുമനുസരിച്ചുണ്ടാകുന്നു. അവ പാഴ്വേലകളോ വിനോദമോ അല്ല. അല്ലാഹു പറയുന്നു:

﴿ وَتَمَّتْ كَلِمَةُ رَبِّكَ صِدْقًا وَعَدْلًا لَا مُبَدِّلَ لِكَلِمَاتِهِ وَهُوَ السَّمِيعُ الْعَلِيمُ﴾ (الأنعام:١١٥)

**താങ്കളുടെ രക്ഷിതാവിൻെറ വചനം സത്യത്തിലും നീതിയിലും പരിപൂർണ്ണമായിരിക്കുന്നു. അവൻെറ വചനങ്ങൾക്ക് മാറ്റം വരുത്താനാരുമില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.** [വി.ഖു. 6:115]

ഹലാൽ, ഹറാമുകളുടെ അടിസ്ഥാനമായ മാനദണ്ഡങ്ങളെ അല്ലാഹു നമുക്ക് വിവരിച്ചു തന്നിരിക്കുന്നു.

﴿وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَائِثَ ﴾ (الأعراف:١٥٧)

**നല്ലവസ്തുക്കൾ അവർക്ക് അദ്ദേഹം (പ്രവാചകൻ) അനുവദനീയമാക്കുകയും, ചീത്തവസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു...** [വി.ഖു. 7:157]

എല്ലാ നല്ലവസ്തുക്കളും ഹലാലും, മുഴുവൻ ചീത്തകാര്യങ്ങളും ഹറാമുമാകുന്നു. ഒരു കാര്യത്തെക്കുറിച്ച് ഹലാലെന്നോ, ഹറാമെന്നോ വിധി പറയാനുള്ള അധികാരം അല്ലാഹുവിനു മാത്രമാകുന്നു. പ്രസ്തുത അധികാരം തനിക്കുണ്ടെന്ന് ആരെങ്കിലും അവകാശപ്പെടുകയൊ, മറ്റു വല്ലവർക്കുമുണ്ടെന്ന് സമ്മതിച്ചു കൊടുക്കുകയോ ചെയ്താൽ അവൻ മതത്തിൽ നിന്നും പുറത്തു പോകുന്ന വലിയ കുഫ്റിൽ അകപ്പെടുന്നു.

അല്ലാഹു പറയുന്നു:

﴿أَمْ لَهُمْ شُرَكَاءُ شَرَعُوا لَهُمْ مِنَ الدِّينِ مَالَمْ يَأْذَنْ بِهِ اللَّهُ﴾ (٤٢/٢١)

**അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്കു നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ?** [വി.ഖു. 42:21]

ഖുർആനിലും നബിചര്യയിലും അവഗാഹ പാണ്ഡിത്യം നേടിയവരല്ലാതെ ഒരു കാര്യത്തെക്കുറിച്ച് അത് ഹലാലാണെന്നോ ഹറാമാണെന്നോ വിധിനടത്തരുത്. കാരണം, അജ്ഞതയോടെ ഇക്കാര്യം നിർവ്വഹിക്കുന്നവരെക്കുറിച്ച് അല്ലാഹു താക്കീത് നൽകിയിട്ടുണ്ട്:

﴿وَلَا تَقُولُوا لِمَا تَصِفُ أَلْسِنَتُكُمُ الْكَذِبَ هَٰذَا حَلَالٌ وَهَٰذَا حَرَامٌ لِّتَفْتَرُوا عَلَى اللَّهِ الْكَذِبَ﴾ (النحل:١١٦)

**നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 'ഇത് അനുവദനീയമാണ്, ഇത് നിഷിദ്ധമാണ്' എന്നിങ്ങനെ നിങ്ങൾ കള്ളം പറയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയത്രെ (അതിന്റെ ഫലം.)** [വി.ഖു. 16:116]

ഹറാമായ കാര്യങ്ങളെക്കുറിച്ച് ഖുർആനിലും നബിചര്യയിലും ഖണ്ഡിതമായ രൂപത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. ഉദാ:

﴿قُلْ تَعَالَوْا أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ أَلَّا تُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَلَا تَقْتُلُوا أَوْلَادَكُم مِّنْ إِمْلَاقٍ...﴾ (الأنعام:١٥١)

**(നബിയേ,) പറയുക; നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്കു ഞാൻ പറഞ്ഞു കേൾപ്പിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മചെയ്യണം, ദാരിദ്ര്യം കാരണമായി സ്വന്തംമക്കളെ നിങ്ങൾ കൊന്നു കളയരുത്.** [വി.ഖു. 6:151]

നബിﷺ പറഞ്ഞു:

إنّ الله حــرّم بــيع الخمر والميتة والخنزير والأصنام (رواه أبوداود :٣٤٨٦ صحيح أبي داود:٩٧٧)

നിശ്ചയം! മദ്യം,ശവം,പന്നിമാംസം,വിഗ്രഹങ്ങൾ എന്നിവ വിൽക്കുന്നത് അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു.(അബൂദാവൂദ്)

إن الله إذا حـــرّم شــيأ حرم ثمنه ( رواه الدارقطني: ٧/٣ وهو حديث صحيح)

തീർച്ചയായും അല്ലാഹു ഒരു വസ്തു നിഷിദ്ധമാക്കിയാൽ അതിൻെറ വിലയും നിഷിദ്ധമാകുന്നു. (ദാറഖുത്വ്നി)

ഭക്ഷ്യവസ്തുക്കളിൽ നിഷിദ്ധമാക്കപ്പെട്ടവയെക്കുറിച്ച് പറഞ്ഞതു പോലെ മറ്റുനിഷിദ്ധ കാര്യങ്ങളെക്കുറിച്ചും ഖുർആനിൽ സുവ്യക്തമായി വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿حُرِّمَـــتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنْزِيرِ وَمَا أُهِلَّ لِغَيْرِ اللَّهِ بِهِ وَالْمُنْخَـــنِقَةُ وَالْمَوْقُـــوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلاَّ مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ وَأَنْ تَسْتَقْسِمُوا بِالأَزْلاَمِ﴾(المائدة:٣)

ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചു കൊന്നത്, വീണു ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കു മുമ്പിൽബലിയർപ്പിക്കപ്പെട്ടതു (നിങ്ങൾക്ക് നിഷിദ്ധമാകുന്നു.) അമ്പുകൾ ഉപയോഗിച്ചു ഭാഗ്യം നോക്കലും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.)... (വി.ഖു. 5:3)

വിവാഹം നിഷിദ്ധമായവർ ആരെല്ലാമാണെന്ന് അല്ലാഹു പറയുന്നു:

﴿ حُرِّمَـــتْ عَلَيْكُمْ أُمَّهَاتُكُمْ وَبَنَاتُكُمْ وَأَخَوَاتُكُمْ وَعَمَّاتُكُمْ وَخَالاَتُكُمْ وَبَنَاتُ الأَخِ وَبَنَاتُ الأُخْتِ وَأُمَّهَاتُكُمُ اللَّتِي أَرْضَعْنَكُمْ وَأَخَوَاتُكُمْ مِنَ الرَّضَـــاعَةِ وَأُمَّهَـــاتُ نِسَـــائِكُمْ وَرَبَائِبُكُمُ اللَّتِي فِي حُجُورِكُمْ مِنْ نِسَـــائِكُمُ اللَّتِـــي دَخَلْتُمْ فَإِنْ لَمْ تَكُونُوا دَخَلْتُمْ بِهِنَّ فَلاَ جُنَاحَ عَلَيْكُمْ وَحَلاَئِـــلُ أَبْنَائِكُمُ الَّذِينَ مِنْ أَصْلاَبِكُمْ وَأَنْ تَجْمَعُوا بَيْنَ الأُخْتَيْنِ إِلاَّ مَا قَدْ سَلَفَ إِنَّ اللَّهَ كَانَ غَفُورًا رَحِيمًا ﴾(النساء:٢٣)

**നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃ സഹോദരിമാർ, മാതൃ സഹോദരിമാർ, സഹോദരപുത്രിമാർ, സഹോദരീപുത്രിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മുലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ലൈംഗികവേഴ്ചയിൽ ഏർപ്പെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തു പുത്രിമാരും. (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) ഇനി നിങ്ങൾ അവരുമായി ലൈംഗിക വേഴ്ചയിലേർപ്പെട്ടിട്ടില്ലെങ്കിൽ അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങൾക്ക് കുറ്റമില്ല. നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രന്മാരുടെ ഭാര്യമാരും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) രണ്ടു സഹോദരിമാരെ ഒന്നിച്ചു ഭാര്യമാരാക്കുന്നതും (നിഷിദ്ധമാകുന്നു.) മുമ്പുചെയ്തു പോയതൊഴികെ.തീർച്ചയായും അല്ലാഹു ഏറെപൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.** [വിഖു. 4:23]

സമ്പാദ്യങ്ങളിൽ ഏതെല്ലാം നിഷിദ്ധമാണെന്ന് അല്ലാഹു പറയുന്നു:

﴿...وَأَحَلَّ اللَّهُ الْبَيْعَ وَحَرَّمَ الرِّبَا ﴾ ( البقرة:٢٧٥)

**അല്ലാഹു കച്ചവടം അനുവദനീയമാക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു.** [വിഖു. 2:275]

അല്ലാഹു അവന്റെ കാരുണ്യം കൊണ്ട് നമുക്ക് എല്ലാ നല്ലവസ്തുക്കളും അനുവദിച്ചു തന്നു. അവ നമുക്ക് എണ്ണിക്കണക്കാക്കാൻ കഴിയാത്തത്രയാണ്. അതുപോലെതന്നെ എല്ലാവൃത്തിഹീനമായതും അവൻ നമുക്ക് നിഷിദ്ധമാക്കി. അവ വളരെക്കുറച്ചു മാത്രമേയുള്ളൂ. അതുകൊണ്ട് തന്നെ അവയെക്കുറിച്ച് വളരെ വിശദമായി വിവരിച്ചു തന്നിട്ടുമുണ്ട്. അതിനാൽ നമുക്ക് അതിൽ നിന്ന് വിട്ടുനിൽക്കൽ എളുപ്പമായിത്തീരുന്നു. അല്ലാഹു പറയുന്നു:

﴿وَقَدْ فَصَّلَ لَكُمْ مَا حَرَّمَ عَلَيْكُمْ إِلاَّ مَا اضْطُرِرْتُمْ إِلَيْهِ﴾ (الأنعام:١١٩)

**നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് അവൻ നിങ്ങൾക്ക് വിശദമാക്കി തന്നിട്ടുണ്ടല്ലോ. നിങ്ങൾ (തിന്നുവാൻ) നിർബന്ധിതരായിത്തീരുന്നതൊഴികെ.** [വി.ഖു. 6:119]

ശുദ്ധമായ എല്ലാ വസ്തുക്കളും, അവ ആരോഗ്യത്തിനു ഹാനികരമല്ലാത്തപ്പോഴെല്ലാം (മൊത്തത്തിൽ) അനുവദിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا النَّاسُ كُلُوا مِمَّا فِي الأَرْضِ حَلاَلاً طَيِّبًا﴾ (البقرة:١٦٨)

**മനുഷ്യരെ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ചു കൊള്ളുക.** [വി.ഖു. 2:168]

ഖണ്ഡിതമായി ഹറാമാണെന്ന് സ്ഥിരീകരിക്കപ്പെടാത്ത എല്ലാ വസ്തുക്കളും അനുവദനീയമാണെന്നാണ് ഇസ്‌ലാമിൻെറ കാഴ്ചപ്പാട്. അഥവാ ഇസ്‌ലാം വസ്തുക്കളെക്കുറിച്ച് നിഷേധാത്മക നിലപാട് വച്ചുപുലർത്തുന്നില്ല എന്നു സാരം. അല്ലാഹു തൻെറ അടിമകളോട് കാണിച്ച ഏറ്റവും വലിയ കാരുണ്യമാണത്. അതിനാൽ അവനെ അനുസരിക്കലും അവനോട് നന്ദികാണിക്കലുമാണ് നമ്മുടെ ബാധ്യത.

ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ചു അറിവില്ലാത്ത ചില ദുർബല വിശ്വാസികൾ, ഹറാമുകളെക്കുറിച്ചുള്ള ക്ലിപ്തവും വിശദവുമായ പ്രതിപാദനം കാണുമ്പോൾ വിഷമിക്കുന്നതായിക്കാണാം. മതം വളരെ ലളിതമാണെന്നവർ സമ്മതിക്കാനായി അവരുടെ മുമ്പിൽ ഹലാലുകളൊന്നൊന്നായി എണ്ണിക്കൊടുക്കണമെന്നാണോ അവർ ആഗ്രഹിക്കുന്നത്? എങ്കിൽ അതവരുടെ വിശ്വാസ ദൗർബല്യത്തിൻെറയും അജ്ഞതയുടെയും നിദർശനമാണ്.

ഇസ്‌ലാമിക ശരീഅത്ത് അവർക്ക് കുഴപ്പമൊന്നും വരുത്തുന്നില്ലെന്ന് വരാൻ വിശിഷ്ടവസ്തുക്കൾ ഓരോന്നും എണ്ണിപ്പറയേണമോ?

അറുക്കപ്പെട്ട ഒട്ടകം, പശു, ആട്, മുയൽ, മാൻ, മലയാട്, കോഴി, പ്രാവ്, താറാവ്, അരയന്നം, ഒട്ടകപ്പക്ഷി, എന്നിവയും വെട്ടുകിളി (ജറാദ്), മത്സ്യം എന്നിവ ചത്താലും ഹലാലാകുമെന്ന് പറയണമോ?

പച്ചക്കറി, ചീര, പഴവർഗങ്ങൾ, ധാന്യങ്ങൾ, എന്നിവ ഹലാലാണെന്ന് പറയണമോ? വെള്ളവും പാലും തേനും എണ്ണയും ഉപ്പും മസാലകളും ഹലാലാണെന്ന് പറയണമോ? കല്ല്, മണ്ണ്, മണൽ,

മരം, ഇരുമ്പ്, ഗ്ളാസ്, പ്ളാസ്റ്റിക്ക്, റബ്ബർ എന്നിവ ഹലാലാണെന്ന് പറയണമോ? കാറ്,ബസ്സ്,തീവണ്ടി,വിമാനം,മൃഗങ്ങൾ എന്നിവ വാഹനങ്ങളായി ഉപയോഗിക്കാമെന്ന് പറയണമോ?

എയർ കണ്ടീഷനർ, ഫ്രിഡ്ജ്, അലക്കുയന്ത്രം, ജ്യൂസ്മെഷീൻ എന്നിവയും ചികിത്സക്കും എഞ്ചിനിയറിങ്ങിനും വാനനിരീക്ഷണത്തിനും ഉപയോഗിക്കുന്ന യന്ത്രങ്ങളും ഹലാലാണെന്ന് പറയണമോ? എണ്ണയും ലോഹങ്ങളും ഖനനം ചെയ്യുന്നതും ശുദ്ധീകരിക്കുന്നതും അച്ചടിയന്ത്രവും കമ്പ്യൂട്ടറും ഉപയോഗിക്കുന്നതും ഹലാലാകുമെന്ന് പറയണമോ?

അനുവദനീയമായ മൃഗങ്ങളുടെ തോലുകൾ, പരുത്തി, ലിനൻ, രോമം, നൈലോൺ, പോളിയസ്റ്റർ എന്നിവ ഉപയോഗിക്കൽ ഹലാലാണെന്ന് പറയണമോ?

കല്യാണം, കച്ചവടം, വസ്തുക്കൾ കൂലിക്കുനൽകൽ എന്നിവയും ആശാരിപ്പണി, കൊല്ലപ്പണി, സാങ്കേതിക വിദ്യകൾ, ആടുമാടുകളെ വളർത്തൽ, തുടങ്ങിയവയും ഹലാലാണെന്ന് പറയണമോ?

സഹോദരാ, ഇങ്ങനെ എണ്ണിപ്പറയാൻ തുടങ്ങിയാൽ ഈ പട്ടിക അനന്തമായി നീണ്ടുപോകും. എന്തുകൊണ്ടാണീ ജനങ്ങൾ മനസ്സിലാക്കാതെ പോകുന്നത്!

മതം എളുപ്പവും ലളിതവുമാണെന്ന അവരുടെ ന്യായം സത്യമാണെങ്കിലും അവർ അതുകൊണ്ടുദ്ദേശിക്കുന്നത് അസത്യം മാത്രമാണ്. മനുഷ്യരുടെ ദേഹേച്ഛകൾ അംഗീകരിക്കുന്ന എല്ലാ കാര്യങ്ങളും അനുവദിച്ചു കൊടുക്കുന്നുവെന്നല്ല മതം എളുപ്പമാണെന്നതിൻെറ വിവക്ഷ. മതം എളുപ്പമാണെന്ന ന്യായീകരണത്തിലൂടെ അല്ലാഹു നിഷിദ്ധമാക്കിയവ ഉപയോഗിക്കുന്നതും, യാഥാർത്ഥ്യവും തമ്മിൽ വളരെ വലിയ അന്തരമുണ്ട്. ഇസ്ലാമിക നിയമത്തിലെ കൽപനകളിൽ നൽകിയിട്ടുള്ള ഇളവു(رخصة) കളാണ് ഇതു കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. യാത്രക്കാരന് നമസ്കാരം ജംഉം ഖസ്റും ആക്കി(ചുരുക്കിയും, ഒന്ന്മറ്റൊന്നിനോട് ചേർത്തും) നിർവ്വഹിക്കാം.

രോഗിക്കും യാത്രക്കാരനും റമദാൻ മാസത്തിലെ നിർബന്ധ നോമ്പ് ഒഴിവാക്കി, സൗകര്യമുള്ളപ്പോൾ നോറ്റുവീട്ടാം. വുദുവെടുക്കുന്നവന് പാദരക്ഷയിൽതടവാം.യാത്രക്കാരന് മൂന്നു ദിവസവും നാട്ടിൽ താമസിക്കുന്നവന് ഒരുദിവസവും ഈ ഇളവുലഭിക്കും. നിർബന്ധിത ഘട്ടങ്ങളിൽ ശുദ്ധീകരണത്തിനു വെള്ളത്തിനു പകരം

മണ്ണ് ഉപയോഗിക്കാം. ശക്തമായ മഴയുള്ളപ്പോഴും രോഗം കൊണ്ട് വിഷമിക്കുമ്പോഴും നമസ്കാരം ജംആക്കി നിർവ്വഹിക്കാം.

വൈവാഹിക ആവശ്യത്തിനായി അന്യസ്ത്രീയെ കാണാം. ശപഥലംഘനത്തിൻെറപ്രായശ്ചിത്തമായിപ്പറഞ്ഞമൂന്നുകാര്യങ്ങളിൽ (അടിമയെമോചിപ്പിക്കൽ, ഭക്ഷണംനൽകൽ, വസ്ത്രംനൽകൽ) എന്നിവയിലേതെങ്കിലുംസൗകര്യമുള്ളത്തെരഞ്ഞെടുക്കാവുന്നതാണ്.നിർബന്ധിതാവസ്ഥയിൽ സ്വരക്ഷക്കായി ശവംഭക്ഷിക്കലും അനുവദിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഇളവുകളത്രെ ഇസ്ലാം ലളിതമാകുന്നു, നിങ്ങൾക്ക് ബുദ്ധിമുട്ടല്ല ഉദ്ദേശിക്കുന്നത് എന്നുപറയുമ്പോൾ അർത്ഥമാക്കുന്നത്.

മേൽപറയപ്പെട്ട വസ്തുതകൾ ആലോചിച്ചാൽ, ചിലകാര്യങ്ങൾ അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ളത് അതിൽ ചിലതത്വങ്ങൾ ഉള്ളതു കൊണ്ടാണെന്ന് മനസ്സിലാക്കാം.

ഹറാമുകളോട് മനുഷ്യർ എങ്ങനെ പ്രതികരിക്കുന്നുവെന്ന അല്ലാഹുവിൻെറ പരീക്ഷണം അതിലൊന്നാണ്. അവൻെറ ദാസന്മാർ അവൻെറ കൽപനകൾ അനുസരിക്കുമോ ഇല്ലയോ എന്ന പരീക്ഷ. സ്വർഗാവകാശികളും നരകാവകാശികളും അതുമൂലം വേർതിരിച്ചെടുക്കപ്പെടുന്നു. നരകത്തെ ആവരണം ചെയ്തിട്ടുള്ള ഇച്ഛാപരമായ കാര്യങ്ങളിൽ മുഴുകി നരകാവകാശികൾ ജീവിക്കുമ്പോൾ സ്വർഗത്തെ ആവരണം ചെയ്തിട്ടുള്ള പ്രയാസകരമായ (ദേഹേച്ഛകൾക്കെതിരായ) കാര്യങ്ങളിൽ പ്രവർത്തന നിരതരായി ക്ഷമിക്കുന്ന സ്വർഗാവകാശികളെയും കാണാം. ഈ പരീക്ഷണം നടക്കുന്നില്ലെങ്കിൽ പാപിയും പുണ്യവാളനും തമ്മിൽ അന്തരമുണ്ടാകില്ല.

വിശ്വാസികൾ പ്രതിഫല മോഹം കൊണ്ടും അല്ലാഹുവിൻെറ തൃപ്തി കരസ്ഥമാക്കാനുള്ള ആഗ്രഹം കൊണ്ടും ദൈവീക കൽപനകളുടെ ചില്ലറ പ്രയാസങ്ങളെ നേരിട്ടു വിജയം വരിക്കുമ്പോൾ കപടന്മാർ ഇച്ഛാഭംഗത്തോടെയും നഷ്ടബോധത്തോടെയും വേദനയോടെയും നോക്കിനിൽക്കുന്നു. അതോടു കൂടി മുന്നോട്ടുള്ള ഓരോ കാൽവെപ്പും കഠിനവും പ്രയാസകരവുമായിത്തീരുന്നു. അവന് അല്ലാഹുവിൻെറ കൽപനകൾ അനുസരിക്കാൻ കഴിയാതെയും വരുന്നു.

നിഷിദ്ധങ്ങൾ വർജ്ജിക്കുന്നതിലൂടെ സത്യവിശ്വാസികൾ വിശ്വാസത്തിൻെറ മാധുര്യം ആസ്വദിക്കുന്നു. അല്ലാഹുവിനു വേണ്ടി വല്ല കാര്യവും ഒരാൾ ത്യജിച്ചാൽ അതിനെക്കാൾ നല്ലത് അല്ലാഹു അവന് പകരം നൽകുന്നതാണ്.

ഈ ചെറിയ ലേഖനത്തിൽ ഖുർആനും സുന്നത്തും നിഷിദ്ധമാക്കിയ കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്. എന്നാൽ മുസ്ലിംകൾ വ്യാപകമായി ചെയ്തുകൊണ്ടിരിക്കുന്ന ചില നിഷിദ്ധകാര്യങ്ങളെക്കുറിച്ചു തുടർന്നു പ്രതിപാദിക്കുന്നു. സമുദായത്തോടുള്ള ഗുണകാംക്ഷയും നന്മയിലുള്ള താൽപര്യവും നിമിത്തം അവരെ ഉപദേശിക്കുകയും കാര്യങ്ങളെക്കുറിച്ചു വിശദീകരിക്കുകയും മാത്രമാണ് ഇവിടെ ചെയ്യുന്നത്.

എനിക്കും എൻെറ മുസ്ലിം സഹോദരങ്ങൾക്കും എല്ലാ നന്മകളും പ്രവർത്തിക്കാനുള്ള തൗഫീഖിനു വേണ്ടിയും തിന്മകളിൽ നിന്നു വിട്ടുനിൽക്കാനുള്ള അവബോധം നൽകുവാനും അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. പരമകാരുണികനായ നാഥൻ എല്ലാ തെറ്റുകളിൽ നിന്നും നമ്മെ രക്ഷിക്കുമാറാകട്ടെ. ആമീൻ.

# ശിർക്

നിഷിദ്ധകാര്യങ്ങളിൽ ഒന്നാമത്തേതും ഭയങ്കരവുമായ പാപമാണിത്. ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

عـن أبـي بكـرة قال: قال رسول الله ﷺ : ((ألا أنبئكم بأكبر الكبائر (ثلاثـا) قالوا: قلنا بلى يا رسول الله، قال: الإشراك بالله ....))
متفق عليه، البخاري:٢٥١١

**അബൂബക്റ(റ)യിൽ നിന്ന്, നബി(ﷺ)ചോദിച്ചു: വൻദോഷങ്ങളിൽ ഏറ്റവും വലിയതേതാണെന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെയോ? (ഇതു നബി മൂന്നു പ്രാവശ്യം ആവർത്തിച്ചു.) അവർ മറുപടി പറഞ്ഞു: അതെ, പ്രവാചകരേ. നബി: അല്ലാഹുവിൽ പങ്കുചേർക്കൽ** [ബുഖാരി, മുസ്‌ലിം]

ശിർക്കല്ലാത്ത ഏതു പാപവും അല്ലാഹു പൊറുത്തു കൊടുക്കാൻ സാധ്യതയുണ്ട്. എന്നാൽ ശിർക്ക് പൊറുക്കപ്പെടണമെങ്കിൽ പ്രത്യേകം പശ്ചാത്തപിക്കുക തന്നെ വേണം. അല്ലാഹു പറയുന്നു:

﴿إِنَّ اللَّـهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ﴾
(النساء:٤٨)

**തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തു കൊടുക്കുന്നതാണ്.** [വി.ഖു. 4:48]

വലിയ ശിർക്കോടെ ഒരാൾ മരിച്ചാൽ അദ്ദേഹം മതത്തിൽ നിന്നു പുറത്തു പോയവനും നരകത്തിൽ നിത്യവാസിയുമായിരിക്കും. മുസ്‌ലിംകൾക്കിടയിൽ പ്രചരിച്ചിട്ടുള്ള അത്തരം ശിർക്കിൻെറ രൂപങ്ങളിൽ പെട്ടതാണ് ഖബ്റാരാധന.

## ഖബ്റാരാധന

മരിച്ചുപോയ പുണ്യാത്മാക്കൾ മനുഷ്യരുടെ വിഷമങ്ങൾ ദൂരീകരിക്കുമെന്നും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുമെന്നും വിശ്വസിക്കുന്നതും അതിന്നായി അവരോട് സഹായം അഭ്യർത്ഥിക്കുന്നതും ശരണം തേടുന്നതും ശിർക്കാണ്. അല്ലാഹു പറയുന്നു:

﴿وَقَضَى رَبُّكَ أَلاَّ تَعْبُدُوا إِلاَّ إِيَّاهُ ...﴾ (الإسراء:٢٣)

**തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു.** [വി.ഖു. 17:23]

അപകടങ്ങളിൽ നിന്നു രക്ഷപ്പെടുത്താൻ വേണ്ടിയോ ശുപാർശ ചെയ്യപ്പെടുന്നതിനു വേണ്ടിയോ മരിച്ചുപോയ പുണ്യാത്മാക്കളോടും പ്രവാചകരോടും പ്രാർത്ഥിക്കുന്നതും ഇതേഗണത്തിൽപ്പെടും. അല്ലാഹു പറയുന്നു:

﴿أَمَّـنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الأَرْضِ ءَ إِلَهٌ مَّعَ اللَّهِ قَلِيلاً مَّا تَذَكَّرُونَ﴾ (النمل:٦٢)

**അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ചു മാത്രമേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ.** [വി.ഖു. 27:62]

ചിലർ ശൈഖിന്റെ നാമം ജീവിതത്തിൽ ഒരു പതിവു പോലെ ഉപയോഗിക്കുന്നു. അവർ ഇരിക്കുകയോ നിൽക്കുകയോ കാൽവഴുതുകയോ ചെയ്താലും വിഷമവേളകളിലും വിളിക്കാറുള്ളത് യാ മുഹമ്മദ്, യാ അലീ, യാ ബദ്‌വീ, യാ ഹുസൈൻ, യാ ശാദിലീ, യാ രിഫാഈ, യാ ഹൈദറൂസ്, യാ സൈനബ്, യാ ഇബ്നഉൽവാൻ എന്നിവരെയാണ്. അല്ലാഹു പറയുന്നു:

﴿إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ عِبَادٌ أَمْثَالُكُمْ﴾ (الأعراف:١٩٤)

**തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസന്മാർ മാത്രമാണ്.** [വി.ഖു. 7:194]

ഖബർ പൂജകരായ ചിലർ അതിനു ത്വവാഫ് (പ്രദക്ഷിണം) ചെയ്യുകയും, തൊട്ടുമുത്തുകയും മണ്ണെടുത്ത് ശരീരത്തിൽ തടവുകയും ചുംബിക്കുകയും സുജൂദ് ചെയ്യുകയും ഭക്തി പുരസ്സരം വണങ്ങുകയും ഉദ്ദേശ്യങ്ങളും ആവശ്യങ്ങളും സങ്കടങ്ങളും ബോധിപ്പിക്കുകയും ചെയ്യുന്നു. രോഗനിവാരണത്തിനും ഉദ്ദിഷ്ട കാര്യസാധ്യത്തി

നും സന്താന ലബ്ധിക്കും ജീവിത മാർഗതടസ്സങ്ങൾ നീങ്ങുന്നതി നും വേണ്ടി ഖബറിൽ മറവു ചെയ്യപ്പെട്ടയാളെ വിളിച്ചു തേടുന്നു. ചി ലർ യാസയ്യിദീ, ഞാൻ വളരെ ദൂരദിക്കിൽ നിന്നു നിങ്ങളുടെ സന്നി ധിയിൽ വന്നവനാണ്, എന്നെ വെറുതെ മടക്കരുത്, എന്നെ നിരാശ നാക്കരുത് എന്നിങ്ങനെയെല്ലാം പ്രാർത്ഥിക്കുന്നു. എന്നാൽ അല്ലാഹു പറയുന്നു:

﴿وَمَــنْ أَضَــلُّ مِمَّنْ يَدْعُو مِنْ دُونِ اللَّهِ مَنْ لاَ يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ﴾ (الأحقاف:٥)

**അല്ലാഹുവിനുപുറമെ,ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ യും തനിക്കുത്തരം നൽകാത്തവരെവിളിച്ചുപ്രാർത്ഥിക്കുന്നവ നെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു.** [വി.ഖു. 46:5]

നബി ﷺ പറയുന്നു:

((مــن مــات وهو يدعو من دون الله ندًا دخل النار)) (رواه البخاري، الفتح ٨/ ١٧٦)

**അല്ലാഹുവിനു പുറമെ വല്ലസമന്മാരെയും വിളിച്ചു പ്രാർ ത്ഥിക്കുന്നവനായി ആരെങ്കിലും മരിച്ചാൽ അവൻ നരക ത്തിൽ പ്രവേശിക്കും.** [ബുഖാരി]

ചിലർ ഖബറുകൾക്കരികിൽ വെച്ച് തലമുണ്ഡനം ചെയ്യുന്നു. മറ്റുചിലർ ജാറങ്ങളും ദർഗകളും സന്ദർശിക്കുന്നതിനായി ചില നിയമ മര്യാദകൾ രേഖപ്പെടുത്തിയ (മനാസികു ഹജ്ജിൽ മശാഹിദ്) പുസ്തകങ്ങൾ വരെ കൈവശം വെക്കാറുണ്ട്. ജാറം സന്ദർ ശിക്കുന്നവർ പാലിച്ചിരിക്കേണ്ട മര്യാദകളത്രെ ഇതിലുള്ള പ്രതിപാദ്യ വിഷയം. ചിലരുടെ വിശ്വാസം ഈ പ്രപഞ്ചത്തിന്റെ ഭരണ നിയന്ത്രണങ്ങളിൽ ചില ഔലിയാക്കൾകൂടി പങ്കാളികളാകുന്നു എന്നതാണ്. തന്മൂലം അവർ ഉപകാരവും ഉപദ്രവവും വരുത്തി വെക്കുമെന്നും വിശ്വസിക്കുന്നു. എന്നാൽ അല്ലാഹു പറയുന്നു:

﴿وَإِنْ يَمْسَسْـكَ اللَّــهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِنْ يُرِدْكَ بِخَيْرٍ فَلاَ رَادَّ لِفَضْلِهِ يُصِيبُ بِهِ مَنْ يَشَاءُ مِنْ عِبَادِهِ وَهُوَ الْغَفُورُ الرَّحِيمُ﴾ (يونس:١٠٧)

**നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവ നൊഴികെ അതുനീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവൻെറ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തൻെറ ദാസന്മാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭ വിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനി ധിയുമത്രെ.** [വി.ഖു. 10:107]

ഈ ആയത്ത് പ്രപഞ്ചത്തിൻെറയും അഖില സൃഷ്ടികളുടെയും മുഴുവൻ നിയന്ത്രണം അല്ലാഹുവിനു മാത്രമാണ് എന്ന് ബോധ്യപ്പെ ടുത്തുന്നു.

അതുപോലെ അല്ലാഹുവിൻെറ പേരിലല്ലാതെ നേർച്ചയാക്കുന്ന തും ശിർക്കിൽ ഉൾപ്പെടുന്നു. പലരും വിളക്കു കത്തിക്കുന്നതിന്നായി എണ്ണയും നെയ്യും മെഴുകുതിരികളും ചന്ദനത്തിരികളും ജാറങ്ങളി ലേക്കും ദർഗകളിലേക്കും നേർച്ചയാക്കാറുണ്ട്.

അല്ലാഹുവിൻെറ പേരിലല്ലാതെ ബലിയർപ്പിക്കുന്നതും ശിർക്കാ കുന്നു. അല്ലാഹു പറയുന്നു:

﴿فَصَلِّ لِرَبِّكَ وَانْحَرْ﴾ (الكوثر:٢)

**ആകയാൽ നീ നിൻെറ രക്ഷിതാവിനു വേണ്ടി നമസ്കരിക്കു കയും ബലിയർപ്പിക്കുകയും ചെയ്യുക.** [വി.ഖു. 108:2]

നബി ﷺ പറഞ്ഞു:

((لعن الله من ذبح لغير الله)) (رواه مسلم/١٩٧٨)

**അല്ലാഹുഅല്ലാത്തവർക്കു ബലിയർപ്പിക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു.** [മുസ്ലിം]

ഇപ്രകാരം അറുക്കപ്പെട്ട മൃഗത്തിൻെറ മാംസം ഭക്ഷിക്കൽ രണ്ടു കാരണങ്ങളാൽ നിഷിദ്ധമാകുന്നു.

1-അത് അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കായി ബലിയർപ്പിക്കപ്പെട്ട താകുന്നു.

2-അല്ലാഹു അല്ലാത്തവരുടെ നാമം ഉയർത്തപ്പെട്ടതാകുന്നു.

ഇതു ഭക്ഷിക്കൽ നിഷിദ്ധമാകാൻ മതിയായ കാരണങ്ങളാണ് ഇവ രണ്ടും. ജാഹിലിയ്യത്തിൽ ഉണ്ടായിരുന്നതും ഇക്കാലഘട്ടത്തിൽ പുനഃപ്രചാരംസിദ്ധിച്ചു കൊണ്ടിരിക്കുന്നതുമായ ഒരുസമ്പ്രദായമാണ്-

ജിന്നുകൾക്കുള്ളബലി. ഒരു വീടുണ്ടാക്കുകയോ വാങ്ങുകയോ ഒരു- കിണർ കുഴിക്കുകയോ ചെയ്താൽ ജിന്നിൻെറ ഉപദ്രവം നീങ്ങു ന്നതിനായി അതിൻെറ സമീപത്തോ ഉമ്മറപ്പടിയിലോ വെച്ച് ബലി- നൽകുന്നു. മലയാളികൾക്കിടയിൽ അറിയപ്പെടുന്ന കുറ്റുപൂജ, പാലു കാച്ചൽ, മുട്ടറുക്കൽ എന്നിവപോലെ, വിവ:

വലിയ ശിർക്കിൽ ഉൾപെടുന്നതും ഇപ്പോൾ പ്രചാരത്തിലുള്ളതു മായ ഒരു കാര്യമാണ് അല്ലാഹു ഹലാലാക്കിയതിനെ ഹറാമാക്കാ നും, ഹറാമാക്കിയത് ഹലാലാക്കാനും തനിക്കോ അല്ലെങ്കിൽ അ ല്ലാഹുവല്ലാത്ത മറ്റാർക്കെങ്കിലുമോ അധികാരമുണ്ടെന്ന വിശ്വാസം. അങ്ങനെ പ്രവർത്തിക്കലും ജാഹിലിയ്യഃ നിയമങ്ങൾ തൃപ്തിപ്പെട്ടു കൊണ്ടും, ഹലാലും ഹറാമും നിശ്ചയിക്കാൻ ഇസ്‌ലാമികേതര കോടതികൾക്കു അധികാരമുണ്ടെന്ന് വിശ്വസിച്ചു കൊണ്ടും അവയെ സമീപിക്കലും അതുപോലെ തന്നെയാകുന്നു. അല്ലാഹു പറയുന്നു:

﴿اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِّنْ دُونِ اللَّهِ...﴾ (التوبة:٣١)

**അവരുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാ ഹുവിനു പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു...**[വിഖു. 9:31]

നബി ﷺ ഈ ഖുർആൻ വചനം പാരായണം ചെയ്യുന്നത് അദി യ്യുബ്നു ഹാതിം എന്ന സ്വഹാബി കേൾക്കാനിടയായി. അദ്ദേഹം പറഞ്ഞു: ഞങ്ങൾ അവരെ ആരാധിക്കാറില്ലല്ലോ. അപ്പോൾ നബി ﷺ പറഞ്ഞു:

قال: ((أجل ولكن يُحلون لهم ما حرّم الله فيستحلونه ويحرّمون عليهم ما أحل الله فيحرمونه فتلك عبادتهم لهم )) (رواه البيهقي في السنن الكبرى:١١٦/١٠)

**ശരിതന്നെ, അല്ലാഹു നിഷിദ്ധമാക്കിയ ഒരുകാര്യം പണ്ഡി തന്മാർ അവർക്ക് അനുവദനീയമാക്കിയാലും അല്ലാഹു ഹ ലാലാണെന്ന് പറഞ്ഞകാര്യം അവർ ഹറാമാക്കിയാലും അവ രത് അംഗീകരിക്കാറുണ്ടായിരുന്നില്ലേ? അതു തന്നെയാണ് അവർക്കുള്ള ആരാധന.** [ബൈഹഖി]

അല്ലാഹുവും അവൻെറ റസൂലും നിഷിദ്ധമാക്കിയതിനെ അംഗീ കരിക്കാത്തവരും സത്യമതത്തെ അംഗീകരിക്കാത്തവരുമായിരുന്നു

മക്കാമുശ്‌രികുകളെന്ന് അല്ലാഹു പറയുന്നു:

﴿قُلْ أَرَأَيْتُمْ مَا أَنْزَلَ اللَّهُ لَكُمْ مِنْ رِزْقٍ فَجَعَلْتُمْ مِنْهُ حَرَامًا وَحَلَالًا قُلْ آللَّهُ أَذِنَ لَكُمْ أَمْ عَلَى اللَّهِ تَفْتَرُونَ﴾ (يونس:٥٩)

**പറയുക; അല്ലാഹു നിങ്ങൾക്കിറക്കിത്തന്ന ആഹാരത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? എന്നിട്ട് അതിൽ (ചിലത്) നിങ്ങൾ നിഷിദ്ധവും (വേറെചിലത്)അനുവദനീയവുമാക്കിയിരിക്കുന്നു. പറയുക: അല്ലാഹുവാണോ നിങ്ങൾക്ക് (അതിന്) അനുവാദം തന്നത്? അതല്ല, നിങ്ങൾ അല്ലാഹുവിൻെറ പേരിൽ കെട്ടിച്ചമക്കുകയാണോ?** [വി.ഖു. 10:59]

ജനങ്ങൾക്കിടയിൽ പ്രചരിച്ചിട്ടുള്ള മറ്റൊരു ഹറാമാണ് സിഹ്‌റും ജ്യോത്സ്യവും.

## സിഹ്‌ർ

സിഹ്‌ർ, കുഫ്‌റും വിനാശകരങ്ങളായ ഏഴു മഹാപാപങ്ങളിൽ ഉൾപെട്ടതുമാകുന്നു. അതുകൊണ്ട് ഉപദ്രവമല്ലാതെ യാതൊരു ഉപകാരവുമില്ല. അതു പഠിക്കുന്നതിനെക്കുറിച്ച് അല്ലാഹു പറയുന്നു:

﴿وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلَا يَنْفَعُهُمْ ...﴾ (البقرة:١٠٢)

**അവർക്കുതന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർപഠിച്ചു കൊണ്ടിരിക്കുന്നത്...**[വി.ഖു. 2:102]

﴿وَلَا يُفْلِحُ السَّاحِرُ حَيْثُ أَتَى﴾ (طه:٦٩)

**ജാലവിദ്യക്കാരൻ എവിടെച്ചെന്നാലും വിജയിയാവുകയില്ല.** [വി.ഖു. 20:69]

മാരണവിദ്യ കൈകാര്യം ചെയ്യുന്നവർ കാഫിറാണെന്ന് അല്ലാഹു പറയുന്നു:

﴿وَمَا كَفَرَ سُلَيْمَانُ وَلَكِنَّ الشَّيَاطِينَ كَفَرُوا يُعَلِّمُونَ النَّاسَ السِّحْرَ وَمَا أُنْزِلَ عَلَى الْمَلَكَيْنِ بِبَابِلَ هَارُوتَ وَمَارُوتَ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولَا إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ...﴾ (البقرة:١٠٢)

**സുലൈമാൻ നബി ദൈവനിഷേധം കാണിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്കു മാന്ത്രികവിദ്യ പഠിപ്പിച്ചു കൊടുത്തു കൊണ്ട്- പിശാചുക്കളാണ് ദൈവനിഷേധത്തിലേർപ്പെട്ടത്. ബാബിലോണിയയിൽ ഹാറൂത്തെന്നും മാറൂത്തെന്നും പേരുള്ള രണ്ടു മാലാഖമാർക്ക്‌ലഭിച്ചതിനെയും (പറ്റി പിശാചുക്കൾ പറഞ്ഞുണ്ടാക്കിയിരുന്നത് അവർ പിന്തുടർന്നു). എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്കു പഠിപ്പിക്കുമ്പോഴും, 'ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ ഇതുപയോഗിച്ചു ദൈവനിഷേധത്തിലേർപ്പെടരുത്' എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല...** [വി. ഖു. 2:102]

സിഹ്ർ ചെയ്യുന്നവരെ വധിച്ചു കളയണമെന്നാണ് ഇസ്‌ലാമിൻെറവിധി. മാരണം മുഖേന സമ്പാദിക്കുന്ന ധനം നികൃഷ്ടവും ഹറാമുമുകുന്നു. അക്രമികളും വിഢ്ഢികളും ദുർബല വിശ്വാസക്കാരുമായ ചിലർ, ആരോടെങ്കിലുമുള്ള പ്രതികാരം ചെയ്യാനോ, ഉപദ്രവിക്കാനോ മാരണക്കാരെ സമീപിക്കാറുണ്ട്. ചിലർ ചെയ്യപ്പെട്ട മാരണത്തിൻെറ പ്രതിവിധിയായും സിഹ്ർ ചെയ്യാറുണ്ട്. അങ്ങനെ ഒരുഹറാമിനെ മറ്റൊരു ഹറാംകൊണ്ട് തടയാൻ ശ്രമിക്കുന്നു. യഥാർത്ഥത്തിൽ അല്ലാഹുവിൽ അഭയംതേടുകയും അവൻെറ കാവൽ വചനങ്ങളായ (المعوذتين) (قل أعوذ برب الفلق ،قل أعوذ برب الناس) കൊണ്ട് ശരണം തേടുകയുമാണ് ചെയ്യേണ്ടത്.

ജോത്സ്യനും കണക്കു നോട്ടക്കാരനും തങ്ങൾക്കു ഗൈബ് (അദൃശ്യം) അറിയുമെന്ന് വാദിക്കുന്നുണ്ടെങ്കിലവർ കാഫിറുകളാണ്. കാരണം ഗൈബ് അല്ലാഹുവിനല്ലാതെ അറിയുകയില്ല. ഇവർ മനുഷ്യരുടെ അജ്ഞത ചൂഷണം ചെയ്തു പണം സമ്പാദിക്കുന്നതിനായി കളംവരക്കൽ, കവടി നിരത്തൽ, ഹസ്തരേഖ വായിക്കൽ, മഷിനോട്ടം തുടങ്ങിയവനടത്തുന്നു. അങ്ങനെ അവർ പ്രവചിക്കുന്ന കാര്യങ്ങളിൽ നൂറിലൊന്ന് മാത്രം ചിലപ്പോൾ ശരിയാവുകയും ബാക്കി തൊണ്ണൂറ്റിയൊൻപതും കളവുമായിരിക്കും. എന്നാലും ചിന്താശൂന്യരായ ജനങ്ങൾ ആ കള്ളന്മാരുടെ ഈ ഒരു സത്യത്തെമാത്രം വിശ്വസിക്കുകയും മറ്റുള്ള കളവുകളെ മുഴുവൻ അവഗണിക്കുകയും ചെയ്തു കൊണ്ടവരെ വിശ്വസിക്കുന്നത് അത്ഭുതം തന്നെ. ഭാവിയെക്കുറിച്ചറിയുവാനും കച്ചവടത്തിലോ വൈവാഹിക ജീവിതത്തിലോഉണ്ടായേക്കാവുന്ന ഭാഗ്യനിർഭാഗ്യ

ങൾ അറിയുവാനും നഷ്ടപ്പെട്ടു പോയവസ്തു തിരിച്ചു കിട്ടുവാനുമെല്ലാം ഇത്തരക്കാരെ സമീപിക്കുന്നവർ ഇവരുടെ വാക്കുകളിൽ വിശ്വാസമുള്ളവരും അംഗീകരിക്കുന്നവരുമാണെങ്കിൽ, അത്തരക്കാർ മതത്തിൽനിന്നു പുറത്തുപോകുന്ന കുഫ്റിലാണ് അകപ്പെട്ടിട്ടുള്ളത്. നബി ﷺ പറഞ്ഞു:

((من أتى كاهنا أو عرّافا فصدّقه بما يقول فقد كفر بما أنزل على محمد ))
(رواه أحمد ٢/٤٢٩، صحيح الجامع:٥٩٣٩)

**ആരെങ്കിലും ജോത്സ്യനേയോ ഗണിതക്കാരനേയോ സമീപിക്കുകയും അവൻ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു.** [അഹ്മദ്]

അവർക്കു ഗൈബറിയുമെന്ന വിശ്വാസമില്ലാതെയും ഒരു പരീക്ഷണമെന്ന നിലയിലും പോയാൽ തന്നെയും കാഫിറാകില്ലെങ്കിലും അവന്റെ നാൽപതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല.

നബി ﷺ പറഞ്ഞു:

((مـن أتى عرّافا فسأله عن شيء لم تقبل له صلاة أربعين ليلة)) (رواه مسلم ٢٢٣٠)

**ആരെങ്കിലും ഗണിതക്കാരനെ സമീപിച്ചു വല്ലതും ചോദിച്ചാൽ അവന്റെ നമസ്കാരങ്ങളിൽ നിന്ന് ഒന്നും തന്നെ നാൽപതു ദിവസം സ്വീകരിക്കപ്പെടുകയില്ല.** [ബുഖാരി]

## ഞാറ്റുവേലകളും നക്ഷത്രഫലങ്ങളും.

عـن زيد بن خالد بن الجهني قال: صلى لنا رسول الله ﷺ صلاة الصبح بالحديبية- على إثر سماء كانت من الليلة- فلما انصرف أقبل على الناس فقال:(( هل تدرون ماذا قال ربكم؟)) قالوا: الله ورسوله أعلم. قال(( أصبح مـن عبادي مؤمن بي وكافر، فأما من قال مطرنا بفضل الله ورحمته فذلك مؤمـن بـي وكافـر بالكوكب، وأما من قال بنوء كذا وكذا فذلك كافر بي ومؤمن بالكوكب)) (رواه البخاري: ٨٤٦)

**സൈദുബ്നുഖാലിദിൽജുഹനി നിവേദനം, നബി ﷺ ഹുദൈബിയയിൽ വെച്ച് ഞങ്ങളുടെ കൂടെ സുബ്ഹ് നമസ്ക**

**രിച്ചു. രാത്രിയിൽ പെയ്ത മഴയുടെ ഉടനെ തന്നെയായിരുന്നു അത്. ജനങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് നബി ﷺ ചോദിച്ചു: നിങ്ങളുടെ രക്ഷിതാവ് പറഞ്ഞതെന്താണെന്ന് നിങ്ങൾക്കറിയാമോ? സ്വഹാബികൾ: അല്ലാഹുവിനും അവന്റെ ദൂതനും മാത്രമേ അതറിയുകയുള്ളൂ. നബി: ഇന്നു നേരം പുലർന്നതോടുകൂടി എന്റെ അടിമകളിൽ എന്നിൽവിശ്വസിച്ചവരും അവിശ്വസിച്ചവരും ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും നിമിത്തം നമുക്ക് മഴ ലഭിച്ചു എന്നുപറഞ്ഞവൻ എന്നിൽ വിശ്വസിക്കുകയും ഞാറ്റുവേലകളിൽ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ഞാറ്റുവേല നിമിത്തം മഴകിട്ടിയെന്നു പറഞ്ഞവൻ ഞാറ്റുവേലയിൽ വിശ്വസിച്ചവനും എന്നിൽ അവിശ്വസിച്ചവനുമാകുന്നു.** [മുസ്ലിം]

പത്ര മാസികകളിലും വാർത്താമാധ്യമങ്ങളിലും കണ്ടുവരുന്ന നക്ഷത്ര ഫലങ്ങളിൽ വിശ്വസിക്കുന്നതും തത്തുല്യമായ തെറ്റു തന്നെയാണ്. അത് വെറുംതമാശക്കുപോലും വായിക്കുന്നത് പാപകരമത്രെ. കാരണം ശിർക്കുപരമായ കാര്യങ്ങൾവായിച്ചു രസിക്കുന്നതിലൂടെ പിശാച്, അവന്റെ മനസ്സിൽ സ്വാധീനം ചെലുത്താനുള്ള കാരണമാകുകയും, അവൻ ശിർക്കിലേക്ക് വഴുതി വീഴുകയും ചെയ്തേക്കാം. അല്ലാഹു ഉപകാരം നിശ്ചയിച്ചിട്ടില്ലാത്ത ഒരു വസ്തു ഉപകരിക്കുമെന്ന വിശ്വാസം ശിർക്കാകുന്നു.

ചിലർ ഏലസ്സ്, മന്ത്രിച്ച നൂലുകൾ, ചിപ്പികൾ, കവടിച്ചിപ്പികൾ, രുദ്രാക്ഷം, ലോഹവളകൾ എന്നിവ ഏതെങ്കിലും ഗണിതക്കാരന്റെയോ മാരണക്കാരന്റെയോ നിർദേശമനുസരിച്ചോ പാരമ്പര്യ വിശ്വാസമനുസരിച്ചോ തന്റെയോ സന്താനങ്ങളുടെയോ കഴുത്തിലോ കൈകളിലോ അരഭാഗങ്ങളിലോ അണിയുന്നു. കണ്ണേറു തടയുന്നതിനായി ചിലർ കാറിലോ ബസ്സിലോ വീട്ടിലോ കച്ചവട സ്ഥാപനങ്ങളിലോ സൂക്ഷിക്കുന്നു. മറ്റുചിലർ മന്ത്രമോതിരങ്ങളും മോതിരക്കല്ലുകളും ഫലസിദ്ധിക്കു വേണ്ടി യണിയുന്നു. കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കുക (തവക്കുൽ ചെയ്യുക) എന്ന കൽപനക്കു വിപരീതമാണിവയെല്ലാമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. ഇവയെല്ലാം മനുഷ്യർക്ക് എല്ലാവിധേനയുമുള്ള ദൗർബ

ല്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തനവും ഹറാമുകൊണ്ടുള്ള ചികിത്സയുമാണ്.
ഈ ഏലസ്സുകൾ പലതും വ്യക്തമായ ശിർക് ഉൾകൊള്ളുന്നതും ജിന്ന്, ശൈത്വാൻ തുടങ്ങിയ ദുശ്ശക്തികളോടോ അല്ലാഹു അല്ലാത്ത മറ്റു വല്ലതിനോടുമോ ഉള്ള സഹായാഭ്യാർത്ഥനയും ശരണ പ്രാർത്ഥനയും ഉൾകൊള്ളുന്നവയായിരിക്കും. ഇതിനു വേണ്ടി ഉണ്ടാക്കപ്പെടുന്ന ക്ഷുദ്രവസ്തുക്കളിൽ അവ്യക്തമായ വരയും കുറിയും ഖുർആനിനോട് കൂട്ടിക്കലർത്തിയ ശിർക്കൻ മന്ത്രങ്ങളും ആർത്തവരക്തമോ മറ്റുമാലിന്യ പദാർത്ഥങ്ങൾ കൊണ്ടോ എഴുതിയ ഖുർആൻ വചനങ്ങളും കാണാം. ഇത്തരം വസ്തുക്കൾ ഉപയോഗിക്കുന്നത് ഹറാമാണ്. നബി ﷺ പറയുന്നു:

((من علق تميمة فقد أشرك)) (رواه أحمد: ٤/١٥٦، السلسلة الصحيحة: ٤٩٢)

**ആരെങ്കിലും ഏലസ്സു (ഐക്കല്ല്) കെട്ടിയാൽ അവൻ അല്ലാഹുവിൽ പങ്കുചേർത്തു.** [അഹ്മദ്]

ഇത്തരം വസ്തുക്കൾ തനിക്ക് ഉപകാരോപദ്രവങ്ങൾ വരുത്തി വെക്കാൻ സ്വയം കഴിവുള്ളവയാണെന്ന് വിശ്വസിച്ചുകൊണ്ട് അണിഞ്ഞാൽ അവൻ വലിയശിർക്ക് ചെയ്യുന്നവനാകും. ഇവ ഉപകാരോപദ്രവങ്ങൾക്ക് കാരണം മാത്രമാണെന്ന് വിശ്വസിച്ചു കൊണ്ടണിഞ്ഞാൽ ചെറിയ ശിർക്കായിത്തീരും. കാരണം ഇവയൊന്നും അല്ലാഹു നിയമമാക്കിയ കാരണങ്ങളിൽ പെട്ടതല്ല. ഇവയെല്ലാം വലിയശിർക്കിലേക്കു തുറക്കപ്പെടുന്ന കവാടങ്ങളത്രെ.

## ലോക മാന്യം

ഒരു കർമ്മം അല്ലാഹുവിങ്കൽ സ്വീകാര്യമായിത്തീരാൻ രണ്ടു നിബന്ധനകളുണ്ട്.
1-അല്ലാഹുവിൻെറ പ്രീതിമാത്രം ലക്ഷ്യം വെച്ചു പ്രവർത്തിക്കുക.
2-നബി ﷺ യിൽ നിന്ന് മാതൃക സ്വീകരിക്കുക.

ഈ രണ്ടുനിബന്ധനകളും ഒത്തുചേരാത്ത പ്രവർത്തനങ്ങൾ സ്വീകാര്യമാവുകയില്ല. ജനങ്ങളറിയാനായി ആരെങ്കിലും ആരാധനാ കർമ്മങ്ങൾ അനുഷ്ഠിച്ചാൽ അവൻ ചെറിയ ശിർക്ക് (رياء) ചെയ്തവനായിത്തീരും. അവൻെറ പ്രവർത്തനങ്ങൾക്ക് പ്രതിഫലം ലഭിക്കാ

തെ വ്യഥാവിലാവുകയും ചെയ്യും. ജനങ്ങൾ കാണാനായി നമസ്ക രിക്കുന്നവനെപ്പോലെ ഫലശൂന്യമായ കർമ്മമാണിത്. അല്ലാഹു പറ യുന്നു:

﴿إِنَّ الْمُنَافِقِينَ يُخَادِعُونَ اللَّهَ وَهُوَ خَادِعُهُمْ وَإِذَا قَامُوا إِلَى الصَّلَوٰةِ قَامُوا كُسَالَى يُرَاءُونَ النَّاسَ وَلَا يَذْكُرُونَ اللَّهَ إِلَّا قَلِيلًا﴾ (النساء:١٤٢)

**തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്കാരത്തിനു നിന്നാൽ ഉദാസീനരായിക്കൊണ്ടും,ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ചു മാത്രമേ അവർ അല്ലാഹുവെ ഓർമ്മിക്കുകയുള്ളൂ.** [വി.ഖു. 4:142]

ജനങ്ങൾക്കിടയിൽ പേരും പ്രസിദ്ധിയും ലഭിക്കണമെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവരും ലോകമാന്യം ( ریاء )എന്ന ചെറിയ ശിർക്കിൽ അകപ്പെട്ടവരാണ്. ഇത്തരക്കാർക്ക് അല്ലാഹുവിൻെറ പ്രവാചകൻ ﷺ താക്കീതു നൽകുന്നു:

في حديث ابن عباس مرفوعا (من سمّع سمّع الله به ومن راءى راءى الله به)) رواه مسلم:٢٩٨٦

**പ്രസിദ്ധിക്കായി ആരെങ്കിലും പ്രവർത്തിച്ചാൽ അത് അല്ലാഹു ജനങ്ങളെ കേൾപ്പിക്കും. ജനങ്ങൾ കാണുന്നതിനായി ആരെങ്കിലും പ്രവർത്തിച്ചാൽ അത് അല്ലാഹു ജനങ്ങളെ കാണിക്കുന്നതാണ്.** [മുസ്ലിം2986]

അല്ലാഹുവിൻെറ പക്കൽ നിന്നുള്ള പ്രതിഫലത്തോടൊപ്പം തന്നെ ജനങ്ങളുടെയിടയിൽ പ്രസിദ്ധി കൂടി ആഗ്രഹിച്ചു കൊണ്ട് പ്രവർത്തിക്കുന്നതും നിഷ്ഫലമാണ്. ഖുദുസിയായ ഒരു ഹദീഥിൽ ഇപ്രകാരം കാണാം:

((أنا أغنى الشركاء عن الشرك، مَنْ عَمِلَ عملا أشرك فيه معي غيري تركته وشركه)) رواه مسلم:٢٩٨٥

**(അല്ലാഹു പറയുന്നു:) ഒരു പങ്കുകാരൻെറ പങ്കും ആവശ്യമില്ലാത്തവനാകുന്നു ഞാൻ. ആരെങ്കിലും എന്നോട്കൂടി മറ്റുള്ളവരെ പങ്കുചേർത്തു കൊണ്ട് ഒരു പ്രവൃത്തി ചെയ്**

**താൽ അവനെയും അവൻെറ ശിർക്കിനെയും (പ്രവൃത്തി യെ) ഞാൻ തള്ളിക്കളയും. [മുസ്ലിം]**

അല്ലാഹുവിൻെറ പ്രീതി മാത്രം ലക്ഷ്യമാക്കികൊണ്ട് പ്രവർത്തി ക്കുന്നതിനിടയിൽ ലോകമാന്യം കടന്നു വന്നാൽ അതിനോട് അതി ശക്തമായ സമരം നടത്തി പ്രതിരോധിക്കേണ്ടതാണ്. എന്നാൽ മാത്രമേ ആ പ്രവൃത്തിയുടെ വിശുദ്ധി സംരക്ഷിക്കാനാവൂ. ലോക മാന്യചിന്തയിലകപ്പെട്ടവൻ അതുമായി രാജിയായാൽ അവൻെറ പ്രവർത്തനങ്ങൾ നിഷ്ഫലമാണെന്ന് ഭൂരിഭാഗം പണ്ഡിതരും അഭിപ്രായപ്പെട്ടിരിക്കുന്നു.

## പക്ഷിശാസ്ത്രം .

### ശകുനം നോക്കൽ:

അല്ലാഹു പറയുന്നു:

﴿فَإِذَا جَاءَتْهُمُ الْحَسَنَةُ قَالُوا لَنَا هَذِهِ وَإِنْ تُصِبْهُمْ سَيِّئَةٌ يَطَّيَّرُوا بِمُوسَى وَمَنْ مَعَهُ...﴾ (الأعراف:١٣١)

**എന്നാൽ അവർക്കൊരു നന്മ വന്നാൽ അവർ പറയുമായിരു ന്നു: നമുക്ക് അർഹതയുള്ളതു തന്നെയാണിത്. ഇനി അവർ ക്കു വല്ല തിന്മയും ബാധിച്ചുവെങ്കിലോ അത് മൂസായുടെയും കൂടെയുള്ളവരുടെയും ശകുനപ്പിഴയാണ് എന്നാണവർ പറ ഞ്ഞിരുന്നത്...**[വി.ഖു. 7:131]

ജാഹിലിയ്യ അറബികൾക്ക് പക്ഷികളെ ഉപയോഗിച്ചു ശകുനം നോക്കുന്ന പതിവുണ്ടായിരുന്നു. യാത്രപോലുള്ള കാര്യങ്ങൾ ഉദ്ദേശിച്ചാൽ ഒരുപക്ഷിയെപ്പിടിച്ചു പറപ്പിക്കും. അതുപറന്നത് വലതു വശത്തേക്കാണെങ്കിൽ ശുഭലക്ഷണമായിക്കരുതി യാത്ര തുടങ്ങും. ഇടതുവശത്തേക്കാണെങ്കിൽ അവലക്ഷണമായിക്കണക്കാക്കി യാത്ര നിർത്തിവെക്കുകയും ചെയ്യും. ഈ പ്രവൃത്തിയെ കുറിച്ച് നബിﷺ പറഞ്ഞു:

((الطيرة شرك)) رواه الإمام أحمد ٣٨٩/١،صحيح الجامع ٣٩٥٥

**പക്ഷിലക്ഷണം നോക്കൽ ശിർക്കാകുന്നു.** [അഹ്മദ്]

തൗഹീദിന്റെ പൂർണ്ണതെക്കെതിരും ഹറാമായ വിശ്വാസങ്ങളിൽ പ്പെട്ടതുമാണ് ചില മാസങ്ങളെ അവലക്ഷണമായി കണക്കാക്കലും, സ്വഫർ മാസം വിവാഹത്തിനു ഉചിതമല്ലാത്ത മാസമായിക്കാണുന്നതും. മുഹർറ മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങൾ നഹ്സായിക്കാണുന്ന ചിന്താഗതി ഇതിനോട് ചേർത്തു വായിക്കുക. വിവ:) ഓരോ മാസത്തിലെയും അവസാനത്തെ ബുധനാഴ്ചകൾ, ചില പേരുകൾ, 13എന്ന നമ്പർ എന്നിവ അവലക്ഷണമായി കാണുന്ന പാശ്ചാത്യൻ ചിന്താഗതിയും തത്തുല്യമാണ്. (സാക്ഷരരും പുരോഗമന വാദികളുമായ കേരളീയരിൽപ്പോലും ഈ നമ്പർ ദുശ്ശകുനമാണ്.വിവ:) കച്ചവടസ്ഥാപനങ്ങൾ തുറക്കാൻ പോകുന്നവൻ രാവിലെ വികലാംഗനെയോ കോങ്കണ്ണനെയോ കാണാനിടയായാൽ തിരിച്ചു പോകുന്നതും ലക്ഷണം നോക്കുന്ന പ്രവൃത്തികളിൽ ചിലതു മാത്രമാണ്. ഇവയെല്ലാം ശിർക്കുമായി ബന്ധമുള്ളതും ഹറാമുമാണ്. നബി ﷺ ഇവരിൽ നിന്നെല്ലാം ഒഴിവായതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

عن عمران بن حصين مرفوعا:(( ليس منا من تطيّر ولا من تُطيِّرَله أوتكهن أو تُكُهِّنَ له أو تسحَرَ أو تُسحِّر له)) رواه الطبراني .

**ലക്ഷണം നോക്കിക്കൊടുക്കുന്നവനും നോക്കാൻ ആവശ്യപ്പെടുന്നവനും പ്രശ്നം വെക്കാനാവശ്യപ്പെടുന്നവനും അത് ചെയ്തു കൊടുക്കുന്നവനും** (ഞാൻ വിചാരിക്കുന്നു, നബി ഇതുകൂടിപറഞ്ഞിരിക്കുന്നുവെന്ന്)**സിഹ്ർ ചെയ്യാൻ ആവശ്യപ്പെടുന്നവനും സിഹ്ർ ചെയ്തു കൊടുക്കുന്നവനും നമ്മിൽ പെട്ടവനല്ല.** (ത്വബ്റാനി)

ദുശ്ശകുനവിശ്വാസം ആരിൽ നിന്നെങ്കിലുമുണ്ടായാൽ അതിനുള്ള പ്രായശ്ചിത്തം ചെയ്യാൻ നബി ﷺ ഇങ്ങനെ പഠിപ്പിക്കുന്നു:

عن عبد الله بن عمرو قال: قال رسول الله ﷺ: ((من ردّته الطيرة من حاجة فقد أشرك قالوا: يا رسول الله، ما كفارة ذلك، قال: ((أن يقول أحدهم: اللهمّ لاَ خير إلاّ خيرك، ولاَ طير إلاّ طيرك، ولاإله غيرك)) رواه الإمام أحمد، السلسلة الصحيحة:١٠٦٥ (هذا الحديث فيه ضعف ويحسن أن يذكر بصيغة التمريض (ابن باز)

**ദുശ്ശകുനം ആരെയെങ്കിലും ഒരുദ്യമത്തിൽ നിന്ന് തിരിച്ചുവിട്ടാൽ തീർച്ചയായും അവൻ ശിർക്ക് ചെയ്തു.**

**സ്വഹാബികൾ ചോദിച്ചു: അതിനുള്ള പ്രായശ്ചിത്തം എന്താണ്? നബി: നിങ്ങളിലൊരാൾ ഇങ്ങനെ പറയുക: അല്ലാഹുവേ നിന്റെ നന്മയല്ലാതെ നന്മയില്ല, നിന്റെ പക്ഷിയല്ലാതെ പക്ഷിയുമില്ല, നീയല്ലാതെ ആരാധ്യനുമില്ല.** [അഹ്മദ്] ഈ ഹദീഥിന് ബലഹീനതയുള്ളതു കൊണ്ട് അതു വ്യക്തമാക്കിക്കൊണ്ടേ പറയാവൂ. [ ഇബ്നുഅബ്ബാസ്]

ശകുനംനോക്കുന്ന സമ്പ്രദായം അധികമാളുകളിലും കാണാവുന്നതാണ്.ചിലപ്പോൾ ഏറ്റക്കുറച്ചിലുകൾ കണ്ടേക്കാമെന്നുമാത്രം ഈചിന്താഗതിയിൽ നിന്നു രക്ഷപ്പെടുവാനുള്ള മാർഗം അല്ലാഹുവിൽ ഭരമേൽപിക്കൽ (തവക്കുൽ ചെയ്യൽ) മാത്രമാകുന്നു. ഇബ്നുമസ്ഊദ് പറയുന്നു:

(وما منا إلا أي إلا ويقع في نفسه شيء من ذلك ولكن يُذْهِبُهُ الله بالتوكل)
رواه أبوداود، السلسلة الصحيحة: ٤٣٠

**ഇങ്ങനെയുള്ളത് മനസ്സിൽ തോന്നാത്തവരായി ഞങ്ങളിൽ ആരും തന്നെയില്ല. എങ്കിലും ഞങ്ങൾ അല്ലാഹുവിൽ തവക്കുലാക്കുന്നതു കൊണ്ട് അല്ലാഹു അത് നീക്കിത്തരുന്നു.** [ അബൂദാവൂദ്]

## സൃഷ്ടികളുടെ പേരിൽ സത്യം ചെയ്യൽ

അല്ലാഹു അവന്റെ സൃഷ്ടികളിൽ അവനുദ്ദേശിക്കുന്നവയെപ്പിടിച്ചുശപഥം ചെയ്യുന്നു. എന്നാൽ സൃഷ്ടികൾക്ക് അല്ലാഹുവിന്റെ പേരിലല്ലാതെ സത്യം ചെയ്യാൻപാടില്ല. അങ്ങനെ ചെയ്യുന്നത് അവൻ നിഷിദ്ധമാക്കിയിരിക്കുന്നു. സത്യം ചെയ്യുന്ന പ്രവൃത്തിയിൽ മഹത്വപ്പെടുത്തൽ(تعظيم) ഉൾപെടുന്നു. ഇത്തരം മഹത്വപ്പെടുത്തൽ അല്ലാഹുവിനല്ലാതെ ചേരുകയില്ല.

عن ابن عمر مرفوعا:( ألا إن الله ينهاكم أن تحلفوا بآبائكم، من كان حالفا فليحلف بالله أو ليصمت) رواه البخاري، فتح الباري: ١١/٥٣٠

**അറിയുക; തീർച്ചയായും നിങ്ങൾ നിങ്ങളുടെ പിതാക്കളുടെ പേരിൽ സത്യം ചെയ്യുന്നത് അല്ലാഹു വിലക്കിയിരിക്കുന്നു.ആരെങ്കിലും സത്യം ചെയ്യുകയാണെങ്കിൽ അല്ലാഹു**

**വിൻെറ പേരിലാകട്ടെ, അല്ലാത്തപക്ഷം അവൻ മൗനം പാലിക്കട്ടെ.** (ബുഖാരി)

ഇബ്നു ഉമറിൽ നിന്നുള്ള റിപ്പോർട്ടിൽ:

((مـــن حلف بغير الله فقد أشرك)) رواه أحمد ١٢٥/٢ صحيح الجامع:٦٢٠٤

وقال النبي ((من حلف بالأمانة فليس منا)) رواه أبوداود، السلسلة الصحيحة:٩٤

**അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്തവൻ ശിർക്ക് ചെയ്തു. വീണ്ടും നബിﷺ പറയുന്നു: അമാനത്ത് (മനഃസ്സാക്ഷി)കൊണ്ട്ആരെങ്കിലും സത്യംചെയ്താൽ അവൻ നമ്മിൽ പെട്ടവനല്ല.** (അബൂ ദാവൂദ്)

കഅ്ബ കൊണ്ടോ, അമാനത്ത് കൊണ്ടോ, ശറഫ് കൊണ്ടോ, ആരുടെയെങ്കിലും ജീവൻെറപേരിലോ, നബിയുടെയോ വലിയ്യു മാരുടെയോ ജാഹ് കൊണ്ടോ, മാതാപിതാക്കളെ കൊണ്ടോ, മക്കളുടെ തലതൊട്ടുകൊണ്ട് അതു പറഞ്ഞുകൊണ്ടോ സത്യം ചെയ്യാൻ പാടില്ല. ഇവയെല്ലാം വിരോധിക്കപ്പെട്ടവയാകുന്നു. ഇങ്ങനെ ആരെങ്കിലും ചെയ്താൽ അതിനുള്ള പ്രായശ്ചിത്തം (കഫ്ഫാറത്ത്) ഹദീഥിൽ ഇങ്ങനെ കാണാം:

((مـــن حلـــف فقـــال في حلفه باللات والعزّى فليقل لاإله إلا الله)) رواه البخاري، فتح الباري ٥٣٦/١١

**ആരെങ്കിലും സത്യം ചെയ്തത് ലാത്തയുടെയോ ഉസ്സയുടെയോ പേരിലാണെങ്കിൽ അവൻ ലാഇലാഹ ഇല്ലല്ലാഹ് പറയട്ടെ.** (ബുഖാരി

ഈ അദ്ധ്യായത്തോടു ചേർത്തു പറയപ്പെടേണ്ട ശിർക്കിൻെറ പ്രയോഗങ്ങളാണ് താഴെ പറയുന്നവ.

أعوذ بالله وبك

ഞാൻ അല്ലാഹുവിലും താങ്കളിലും ശരണം തേടുന്നു.

أنا متوكل على الله وعليك

ഞാൻ അല്ലാഹുവിലും താങ്കളിലും ഭരമേൽപിക്കുന്നു.

هذا من الله ومنك

ഇത് അല്ലാഹുവിൻെറയും താങ്കളുടെയും അരികിൽ നിന്നാകുന്നു.

ما لي إلا الله وأنت

എനിക്ക് അല്ലാഹുവും താങ്കളുമല്ലാതെയില്ല.

الله لي في السماء وأنت لي في الأرض

ആകാശത്തിൽ അല്ലാഹുവും ഭൂമിയിൽ താങ്കളുമാണ് എനിക്കുള്ളത്.

لو لا الله وفلان

അല്ലാഹുവും ഇന്ന വ്യക്തിയും ഇല്ലായിരുന്നെങ്കിൽ.

ഈ വാക്കുകളിൽ ചിലതിലെല്ലാം അല്ലാഹുവിലേക്കു ചേർത്തു പറയാൻ ഉപയോഗിച്ച പദമായ و 'വാവി'നു പകരം, ശേഷം എന്നർത്ഥം വരുന്ന 'ഥുമ്മ'( ثُمَّ )എന്ന പദം പ്രയോഗിച്ചാൽ ശരിയാകും.

أنا بريء من الإسلام

ഞാൻ ഇസ്‌ലാമിൽ നിന്നൊഴിവാകുന്നു.

يا خيبة الدهر

നാശം പിടിച്ച കാലം, കാലത്തിൻെറ ചതി തുടങ്ങി കാലത്തെ പഴിക്കുന്ന വചനങ്ങളും ഇതു പോലെത്തന്നെയാണ്. കാരണം, കാലത്തെ പഴിച്ചുകൊണ്ടുള്ള ഏതുവാക്കും കാലത്തിൻെറ സ്രഷ്ടാവായ അല്ലാഹുവിലേക്കാണ് മടങ്ങിയെത്തുക.

തൗഹിദിനു വിപരീതമായ നാമങ്ങളാണ് അല്ലാഹുവിൻെറ അടിമ എന്ന അർത്ഥമല്ലാതെ, അബ്ദുൽ മസിഹ്, അബ്ദുന്നബി, അബ്ദുമനാഫ്, അബ്ദുൽ ഹുസൈൻ തുടങ്ങിയവ. ഇത്തരം പേരുകൾ പ്രത്യേകം ശ്രദ്ധിച്ചിരിക്കേണ്ട തെറ്റുകളാണ്. അബ്ദുശ്ശംസ് എന്നുപേരുള്ള ഒരു സ്വഹാബിയുടെ പേര്മാറ്റി അല്ലാഹുവിൻെറ അടിമ ( عبد الله ) എന്ന പേരു സ്വീകരിക്കാൻ നബി ﷺ കൽപിച്ചിട്ടുണ്ട്. കാരണം, എല്ലാ വസ്തുക്കളും അല്ലാഹുവിൻെറ മാത്രം അടിമകളാണ്.

ആധുനിക ഭാഷാ സാങ്കേതിക പ്രയോഗങ്ങളും ഇതുപോലെ തൗഹീദിനു വിപരീതമായി വരുന്നവയായതു കൊണ്ട് തന്നെ ആ പ്രയോഗങ്ങൾ ഹറാമാകുന്നു.

ഉദാ: ഇസ്‌ലാമിക സോഷ്യലിസം, ഇസ്‌ലാമിക ജനാധിപത്യം, ജനങ്ങളുടെ തിരുമാനമാണ് അല്ലാഹുവിൻെറയും തിരുമാനം, മതം അല്ലാഹുവിനും രാജ്യം ജനങ്ങൾക്കും (സീസർക്കുള്ളത് സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും), അറേബ്യൻദേശീയതയുടെ നാമത്തിൽ, വിപ്ളവത്തിൻെറനാമത്തിൽ എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ. ഇതുപോലെ നിഷിദ്ധമായപ്രയോഗമാണ് ഏതെങ്കിലും വ്യക്തിയെ നിരുപാധികം രാജാധിരാജൻ ( ملك الملوك ) എന്നോ, ഖാദ്വിൽ ഖുദ്വാത്( قاضي القضاة )എന്നോ അഭിസംബോധന ചെയ്യൽ.

കപടവിശ്വാസിയെയും ദൈവനിഷേധിയേയും നേതാവ് എന്ന് വിളിക്കുന്നതും നബി ﷺ വിരോധിച്ചിരിക്കുന്നു.

കോപത്തിന്റെയും ദുഃഖത്തിന്റെയും വേളകളിൽ നഷ്ടബോധത്തിന്റെ സൂചന നൽകുന്ന "لـو അങ്ങനെയായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു' എന്ന പ്രയോഗം പിശാചിന്റെ പ്രവൃത്തികൾക്ക് വാതിൽ തുറക്കുന്നതിനാൽ അതും ഉപയോഗിക്കാൻ പാടില്ല.

അതുപോലെ തന്നെ

اللهم اغفر لي إن شئت

'അല്ലാഹുവേ നീ ഉദ്ദേശിക്കുന്നെങ്കിൽ എനിക്കു പൊറുത്തു താ' എന്നു പറയാനും പാടില്ല. കാരണം ഇതെല്ലാം നബി ﷺ വിരോധിച്ചിട്ടുള്ള കാര്യമാകുന്നു.

## കപടന്മാരുടെയും തെമ്മാടികളുടെയും കൂടെ.

ഈമാനിന്റെ സ്വാധീനം മനസ്സിൽ വേരൂന്നിയിട്ടില്ലാത്ത ദുർബലർ തോന്നിവാസികളോടും തെമ്മാടികളോടും കൂട്ടുകൂടാറുണ്ട്, എന്നു മാത്രമല്ല, പലപ്പോഴും മതത്തെയും മതവിശ്വാസികളെയും പരിഹാസപാത്രമാക്കുന്ന മതത്തിന്റെ ബദ്ധവൈരികളെയും കപടവിശ്വാസികളെയും കൂട്ടുകാരായി സ്വീകരിക്കുന്നു. എന്നാലിത് വ്യക്തമായ ഹറാമും വിശ്വാസത്തെ സാരമായി ബാധിക്കുന്ന കാര്യവുമാകുന്നു അല്ലാഹു പറയുന്നു:

﴿وَإِذَا رَأَيْتَ الَّذِينَ يَخُوضُونَ فِي آيَاتِنَا فَأَعْرِضْ عَنْهُمْ حَتَّى يَخُوضُوا فِي حَدِيثٍ غَيْرِهِ وَإِمَّا يُنسِيَنَّكَ الشَّيْطَانُ فَلَا تَقْعُدْ بَعْدَ الذِّكْرَى مَعَ الْقَوْمِ الظَّالِمِينَ﴾ (الأنعام:٦٨)

**നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനങ്ങളിലും പ്രവേശിക്കുന്നതുവരെ നീ അവരിൽ നിന്ന് തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ചുകളയുന്ന പക്ഷം ഓർമ്മവന്നതിനുശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്.** [വി.ഖു. 6:68]

ഇത്തരം ആളുകൾ ഉറ്റബന്ധുക്കളോ ഏറ്റവും നല്ലസ്നേഹ ബന്ധം പുലർത്തുന്നവരോ വാചാലരോ ആയിരുന്നാൽ പോലും സത്യത്തിലേക്ക് അവരെ തിരിച്ചു കൊണ്ടുവരാൻ വേണ്ടിയോ അവൻെറ വാദഗതികളെ വിമർശിക്കുവാനോ അല്ലാതെ അവരോട് കൂടെ ഇരിക്കരുത്. ഒരിക്കലും അതിൽതൃപ്തി കാണിക്കാനോ അതിനു മൗനാനുവാദം നൽകാനോ പാടുള്ളതല്ല.

അല്ലാഹു പറയുന്നു:

﴿فَإِنْ تَرْضَوْا عَنْهُمْ فَإِنَّ اللَّهَ لَا يَرْضَى عَنِ الْقَوْمِ الْفَاسِقِينَ﴾ التوبة ٩٦

**ഇനി നിങ്ങൾക്കവരെപ്പറ്റി തൃപ്തിയായാൽ തന്നെയും അല്ലാഹു അധർമ്മകാരികളായ ജനതയെപ്പറ്റി തൃപ്തിയടയുകയില്ല.** [വി.ഖു.9:96]

## നമസ്കാരത്തിൽ ത്വുമഅ്നീനത്ത് ഒഴിവാക്കൽ

മോഷണത്തിൻെറ ഏറ്റവും നീചമായരൂപം നമസ്കാരത്തിൽ നിന്നും മോഷണം നടത്തലാണ്. നബി ﷺ പറഞ്ഞു:

((أسوأ الناس سرقة الذي يسرق من صلاته)) قالوا يا رسول الله: وكيف يسرق من صلاته؟ قال: ((لا يتمّ ركوعها ولا سجودها))رواه أحمد ٥/٣١٠ صحيح الجامع ٩٩٧

**ഏറ്റവും മോശമായ മോഷ്ടാവ് നമസ്കാരത്തിൽ നിന്നും മോഷ്ടിക്കുന്നവനാകുന്നു. സ്വഹാബികൾ: ദൈവദൂതരേ, നമസ്കാരത്തിൽ നിന്ന് എങ്ങനെയാണ് മോഷ്ടിക്കുക? നബി: അതിലുള്ള റുകൂഉം സുജൂദും പൂർത്തിയാക്കാതിരിക്കുക.** [അഹ്മദ് 5/310]

ഭൂരിപക്ഷം ജനങ്ങളിലും കണ്ടുവരുന്ന ഒരുതെറ്റാണ് റുകൂഅ്, സുജൂദ്, ഇഅ്തിദാൽ, സുജൂദിന്നിടയിലെ ഇരുത്തം എന്നിവയിൽ അടങ്ങിപ്പാർക്കൽ( طمأنينة )ഒഴിവാക്കിക്കൊണ്ടുള്ള നമസ്കാരം. ഇങ്ങനെയുള്ള നമസ്കാരം എല്ലാപള്ളികളിലും കാണപ്പെടുന്നു. അടങ്ങിപ്പാർക്കൽ നമസ്കാരത്തിൻെറ ഒരു മുഖ്യഘടകം ركن ആയതിനാൽ

അതുകൂടാതെ നമസ്കാരം ശരിയാവുകയില്ല. അതുകൊണ്ടു തന്നെ കാര്യം വളരെ ഗൗരവതരമാണ്. നബി ﷺ പറയുന്നു:

((لاَ تجـزئ صـلاة الرجل حتى يقيم ظهره في الركوع والسجود)) رواه أبوداود، صحيح الجامع: ٧٢٢٤

**ഒരാൾ റുകൂഇലും സുജൂദിലും തൻെറ മുതുകിനെ നേരെയാക്കാ തിരുന്നാൽ അവൻെറ നമസ്കാരം പ്രതിഫലാർഹമല്ല** (അബു ദാവൂദ്)

ഈ പ്രവൃത്തി തെറ്റാണെന്നതിൽ സംശയമില്ല. അതുകൊണ്ടു തന്നെ ഇങ്ങിനെ നമസ്കരിക്കുന്നവരെ ശക്തമായി താക്കീതു നൽകേണ്ടതാണ്. അബൂഅബ്ദില്ല അൽഅശ്അരി പറയുന്നു: നബി ﷺ നമസ്കാരം നിർവ്വഹിച്ചശേഷം ഒരുകൂട്ടം സ്വഹാബികളോടൊപ്പം പള്ളിയിലിരിക്കുമ്പോൾ, ഒരാൾകടന്നു വന്നുകൊണ്ട് നമസ്കാരത്തിൽ റുകൂഉംസുജൂദുമെല്ലാം കോഴി കൊത്തുന്നതുപോലെ നിർവ്വഹിക്കുന്നത് കാണാനിടയായി.

അപ്പോൾ നബി ﷺ പറഞ്ഞു:

((أ ترون هذا؟ من مات على هذا مات على غير ملة محمد، ينقر صلاته كما ينقر الغراب الدم، إنما مثل الذي يركع وينقر في سجوده كالجائع لا يأكل إلا التمرة والتمرتين فماذا تغنيان عنه؟)) رواه ابن خزيمة في صحيحه ١/٣٣٢

**ഇതെന്താണെന്ന് നിങ്ങൾക്കറിയാമോ? ഈ അവസ്ഥയിൽ അവൻ മരിച്ചാൽ മുഹമ്മദിൻെറ മതത്തിലല്ലാതെയായി ക്കൊണ്ട് മരിക്കേണ്ടി വരും. അവൻെറ നമസ്കാരം കാക്ക രക്തം കൊത്തിക്കുടിക്കുന്നതു പോലെ കൊത്തിത്തീർക്കുന്നു.ഇങ്ങനെ റുകൂഉം സുജൂദും കൊത്തിത്തീർക്കുന്നവൻ വിശപ്പുള്ളപ്പോൾ ഒന്നോ രണ്ടോ ഈത്തപ്പഴം തിന്നുന്നവനെപ്പോലെയാകുന്നു. അവനതു കൊണ്ട് എന്തു കാര്യമാണുണ്ടാകുക?** (ഇബ്നു ഖുസൈമ:)

റുകൂഉം സുജൂദും പൂർത്തിയാക്കാതെ നമസ്കരിക്കുന്ന ഒരാളെ ഹുദൈഫഃ (റ) കാണാനിടയായ സംഭവം സൈദുബ്നു വഹ്ബ് ഉദ്ധരിക്കുന്നു. ഉബൈദഃ (റ) പറഞ്ഞു:

(مـا صـلّيتَ، ولو مت مت على غير الفطرة التي فطر الله محمداً ﷺ) البخاري، فتح الباري ٢/٢٧٤

**നീ നമസ്കരിച്ചിട്ടില്ല, ഇങ്ങനെ നീ മരിച്ചു പോയാൽ മുഹമ്മദ് നബിക്ക് അല്ലാഹു നൽകിയ പ്രകൃതി മതത്തിലല്ലാതെയായിരിക്കും നീ മരിക്കുക.** [ബുഖാരി]

അടങ്ങിപ്പാർക്കൽ ഒഴിവാക്കി നമസ്കരിച്ചുപോയി എന്നുറപ്പായാൽ ആ നമസ്കാരം വീണ്ടും നമസ്കരിക്കുകയും കഴിഞ്ഞുപോയ തെറ്റുകൾക്കായി പശ്ചാത്തപിക്കുകയുംവേണം. കാരണം, അങ്ങനെയുള്ളവരോട് നബി ﷺ പറഞ്ഞത്;

(ارجع فإنك لم تصلّ)

**നീ തിരിച്ചു പോയി വീണ്ടും നമസ്കരിക്കുക, കാരണം, നീ നമസ്കരിച്ചിട്ടില്ല**എന്നാണ്.എന്നാൽ അതിനുമുമ്പുള്ള നമസ്കാരങ്ങൾ മടക്കി നമസ്കരിക്കേണ്ടതില്ല.

# നമസ്കാരത്തിൽ അനക്കവും കളികളും

ഈ തെറ്റിൽനിന്നും മോചിതരായവർ വളരെക്കുറച്ചുമാത്രമേ കാണപ്പെടുകയുള്ളു. അല്ലാഹു പറയുന്നു:

﴿وقوموا لله قانتين﴾ (البقرة:٢٣٨)

**അല്ലാഹുവിൻെറ മുമ്പിൽ ഭയഭക്തിയോടുകൂടി നിന്നുകൊണ്ടായിരിക്കണം നിങ്ങൾ പ്രാർത്ഥിക്കുന്നത്** [വി.ഖു. 2:238]

﴿قد أفلح المؤمنون، الذين هم في صلاتهم خاشعون﴾ (المؤمنون:١-٢)

**തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു.** [വി.ഖു. 23:1-2]

ഈ ഖുർആൻ വചനങ്ങൾ മനസ്സിലാക്കാത്തതിൻെറ ഫലമാണിങ്ങനെ സംഭവിക്കുന്നത്. നമസ്കരിക്കുന്നതിനിടയിൽ സുജൂദിൻെറ സ്ഥാനത്തുള്ള മണ്ണ് തട്ടിനിരത്തുന്നതിനെക്കുറിച്ച് നബി ﷺ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

((لا تمسح وأنت تصلي، فإن كنت لا بد فاعلا فواحدة تسوية الحصى))
أبو داود، صحيح الجامع ٧٤٥٢

**നമസ്കരിച്ചുകൊണ്ടിരിക്കെ നീ തട്ടിനിരത്തരുത്. അത്യാവശ്യമാണെങ്കിൽ ചരക്കല്ലുകൾ നേരെയാക്കാൻ മാത്രം ഒരു പ്രാവശ്യം തട്ടിക്കളയുക.** [അബൂദാവൂദ്]

നമസ്കാരത്തിൽ ഒരാൾ തുടരെത്തുടരെ അനാവശ്യമായി പല പ്രാവശ്യം അനങ്ങുന്നുവെങ്കിൽ അതുമുഖേന നമസ്കാരം നിഷ്ഫലം( باطل )ആയിപ്പോകുമെന്ന് ഭൂരിപക്ഷം പണ്ഡിതരും അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹുവിൻെറമുന്നിൽവെച്ച് നമസ്കരിക്കുവാൻ കൈ കെട്ടിയവൻ വാച്ചുനോക്കി സമയം ഉറപ്പുവരുത്തുന്നതും വസ്ത്രംമോടികൂട്ടുന്നതും മൂക്കിൽവിരൽകയറ്റുന്നതും ഇരുവശവും തിരിഞ്ഞു നോക്കുന്നതും ആകാശത്തേക്ക് ദൃഷ്ടി ഉയർത്തുന്നതുമെല്ലാം എത്ര ഗുരുതരമായകുറ്റമല്ല! അവൻെറ കണ്ണുകൾ റാഞ്ചിയെടുക്കപ്പെട്ടേക്കുമെന്നതും അവൻെറ നമസ്കാരത്തിൽനിന്ന് പിശാച് തട്ടിയെടുക്കുമെന്നതും എന്തുകൊണ്ടവൻ ഭയപ്പെടുന്നില്ല!?

## ഇമാമിനെ മുൻകടക്കൽ

മനുഷ്യൻ പ്രകൃത്യാ ധൃതികാണിക്കുന്നവനാണ്. അല്ലാഹു പറയുന്നു:

...وَكَـــــانَ الإِنْسَـــــانُ عَجُـــــولاً (الإســـــراء:١١)

**മനുഷ്യൻ ഏറെ തിടുക്കം കൂട്ടുന്നവനായിരിക്കുന്നു.** (ഖു,17.11)

നബി ﷺ പറഞ്ഞു:

((التأني من الله والعجلة من الشيطان)) رواه البيهقي السنن الكبرى ١٠٤/١٠ وفي السلسلة ١٧٩٥

**സാവകാശം അല്ലാഹുവിൽ നിന്നുള്ളതും ധൃതിപിശാചിൽ നിന്നുള്ളതുമാകുന്നു.** [ബൈഹഖി]

ഒരു ജമാഅത്ത് നമസ്കാരം നടക്കുന്ന അവസരത്തിൽ ഇത്തരം ധൃതി കാണിക്കുന്ന ആൾക്കാരെ കാണാൻ പ്രയാസമുണ്ടാവില്ല. റുകൂഇലും സുജൂദിലും ഓരോ കർമ്മങ്ങളിലേക്കും നീങ്ങാനുള്ള തക്ബീറുകളിലും സലാംവീട്ടുന്നതിൽപോലും ഇമാമിനെ മുൻകടക്കുന്നവരുണ്ട്. ഈ തെറ്റിൻെറ ഗൗരവം അധികമാൾക്കാർക്കും ബോധ്യപ്പെടാത്തതു പോലെയാണ്. നബി ﷺ പറയുന്നു:

((أما يخشى الذي يرفع رأسه قبل الإمام أن يحول الله رأسه رأس حمار)) رواه مسلم ٣٢٠/١-٣٢١

**നമസ്കാരത്തിൽ ഇമാമിനുമുമ്പ് തലയുയർത്തുന്നവർ തങ്ങളുടെ തലകളെ അല്ലാഹു കഴുതത്തലയാക്കി മാറ്റുന്നതിനെ ഭയപ്പെടുന്നില്ലേ?** [മുസ്ലിം]

നമസ്കാരത്തിലേക്കു വരുന്നതു പോലും അതിന്റെ ഗാംഭീര്യം നില നിർത്തിക്കൊണ്ടും ശാന്തരായിക്കൊണ്ടും ആയിരിക്കണമെന്നാണ് കൽപന. അപ്പോൾ നമസകാരത്തിന്റെ കാര്യം അതി പ്രധാനമല്ലേ?

മറ്റു ചിലർ ഇമാമിനെക്കാൾ വളരെപിന്തിക്കൊണ്ടും പ്രവർത്തിക്കാറുണ്ട്. ഇതും തെറ്റുതന്നെയാണ്. ഇത്തരം തെറ്റുകൾ വരാതെ സൂക്ഷ്മതപുലർത്താൻ വേണ്ടി കർമ്മശാസ്ത്രപണ്ഡിതൻമാർ പറയാറുള്ളത് ശ്രദ്ധേയമാണ്.'ഇമാം തക്ബീർ( الله أكـبر) ചൊല്ലുമ്പോൾ അവസാനത്തെ അക്ഷരമായ 'ർ' ر ഉച്ചരിച്ചശേഷമേ മഅ്മൂം അടുത്ത പ്രവൃത്തിയിലേക്കു പ്രവേശിക്കാവൂ'. ഈ നിബന്ധനയിൽ സകല സൂക്ഷ്മതകളും ഉൾകൊണ്ടിരിക്കുന്നു.

നബിﷺയുടെ കൂടെ നമസ്കരിക്കുമ്പോൾ നബിയെ മുൻകടക്കാതിരിക്കാൻ സ്വഹാബികൾ വളരെയധികം . ശ്രദ്ധിച്ചിരുന്നു. ബർറാഉബ്നു ആസിബ് (റ) പറയുന്നു:

((إنهم كانوا يصلون خلف رسول اللهﷺ : فإذا رفع رأسه من الركوع لـم أر أحـدا يحني ظهره حتى يضع رسول الله ﷺ جبهته على الأرض ثم يخرّ من وراءه سجّدا)) رواه مسلم ٤٧٤

**അവർനബിﷺ യുടെ പിന്നിൽ നമസ്കരിക്കാറുണ്ടായിരുന്നു. നബിﷺ റുകൂഇൽ നിന്നു തന്റെ തല ഉയർത്തിയ ശേഷം തന്റെ നെറ്റി നിലത്തുവെക്കുന്നതു വരെ അവരിൽ ഒരാളുടെയും മുതുക് കുനിയുന്നത് ഞാൻ കണ്ടിട്ടില്ല. അതിനു ശേഷം അവർ സുജൂദിലേക്കു വീഴുമായിരുന്നു.** [മുസ്ലിം]

നബി ﷺക്ക് പ്രായം അധികരിക്കുകയും ചലനങ്ങളിൽ വേഗത കുറയുകയും ചെയ്തപ്പോൾ തന്റെപിന്നിൽ നമസ്കരിക്കുന്നവരോട് ഈകാര്യം പ്രത്യേകം ഉണർത്തുകയും ചെയ്തിട്ടുണ്ട്.

((يـا أيها الناس إني قد بدنت، فلا تسبقوني بالركوع والسجود)) رواه البيهقي ٩٣/٢ وحسنه في إرواء الغليل ٢٩٠/٢

**ജനങ്ങളേ, എനിക്കു പ്രായമായിപ്പോയി,അതുകൊണ്ട് നിങ്ങളെന്നെ റുകൂഇലും സുജൂദിലും മുൻകടക്കരുത്.** [ബൈഹഖി]

ജനങ്ങൾക്കു ഇമാമായി നമസ്കരിക്കുന്നവൻ നബിചര്യ പൂർണ്ണമായി പിൻതുടരേണ്ടതാണ്.

((كـان رسـول الله ﷺ إذا قام إلى الصلاة يكبر حين يقوم ثم يكبر حين يـركع... ثم يكبر حين يهوي ثم يكبر حين يرفع رأسه ثم يكبر حين يسجد ثم يكبر حين يرفع رأسه ثم يفعل ذلك في الصلاة كلها حتى يقضيها، ويكبر حين يقوم من الثنتين بعد الجلوس)) رواه البخاري ٧٥٦

**നബി ﷺ നമസ്കരിക്കാൻ നിൽക്കുമ്പോഴും റുകൂഇലേക്കു കുനിയുമ്പോഴും പിന്നെ തലയുയർത്തുമ്പോഴും സുജൂദ് ചെയ്യുമ്പോഴുംപിന്നെ തലയുയർത്തുമ്പോഴും തക്ബീർ ചൊല്ലാറുണ്ടായിരുന്നു. പിന്നെ നമസ്കാരം അവസാനിക്കുന്നതുവരെ (ഓരോ റക്അത്തിലും) ഇങ്ങനെ ചെയ്യാറുണ്ടായിരുന്നു. രണ്ടു റക്അത്തു കഴിഞ്ഞു ഇരുന്നതിനു ശേഷം (മൂന്നാമത്തെ റക്അത്തിലേക്ക്) എഴുന്നേൽക്കുമ്പോഴും തക്ബീർ ചൊല്ലാറുണ്ടായിരുന്നു.** [ബുഖാരി]

ഇമാം സൗമ്യമായി തന്റെ പലനാത്താടൊപ്പം തക്ബീർ ചൊല്ലുകയും മുൻപറഞ്ഞ വിധത്തിൽ ഇമാമിനെ അനുഗമിക്കുന്നതിൽ പിന്നിലുള്ളവർ ബദ്ധശ്രദ്ധരാവുകയും ചെയ്താൽ ജമാഅത്ത് നമസ്കാരം അതിന്റെ പരിപൂർണ്ണതയിലെത്തുന്നു.

## ഉള്ളി പോലുള്ളവ കഴിച്ചു പള്ളിയിൽ...

അല്ലാഹു പറയുന്നു:

﴿يا بني آدم خذوا زينتكم عند كل مسجد...﴾ (الأعراف: ٣١)

**ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാ വേളകളിലും) നിങ്ങൾക്കലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചു കൊള്ളുക..** [വി.ഖു. 7:31]

ഹദീഥിൽ ഇങ്ങനെ കാണാം:

عـن جابـر، قال رسول الله ﷺ:(( من أكل ثوما أو بصلا فليعتزلنا أو قال فليعتزل مسجدنا وليقعد في بيته)) رواه البخاري، فتح الباري ٢/٣٣٩

وفـي رواية لمسلم((من أكل البصل والثوم والكراث فلا يقربن مسجدنا فإن الملائكة تتأذى مما يتأذى منه بنو آدم)) مسلم ١/٣٩٥

ജാബിർ(റ) പറയുന്നു; നബി ﷺ പറഞ്ഞു: ആരെങ്കിലും വെളു ത്തുള്ളിയോ ചുവന്നുള്ളിയോ (വേവിക്കാതെ) കഴിച്ചിട്ടുണ്ടെ ങ്കിൽ അവൻ നമ്മിൽ നിന്നകന്നു നിൽക്കട്ടെ. അല്ലെങ്കിൽ നബി ﷺ ഇങ്ങനെപറഞ്ഞു:നമ്മുടെ പള്ളിയിൽ വരാതെവീട്ടി ലിരിക്കട്ടെ. ബുഖാരി2\339 മുസ്‌ലിമിന്റെ റിപ്പോർട്ടിൽ: ആരെങ്കിലും വെളുത്തുള്ളിയോ ചുവന്നുള്ളിയോ കുർറാഥോ (ഉള്ളിയെപ്പോലെ തണ്ടും വാസനയുമുള്ള ഒരു പച്ചച്ചെടി. ഇതിന്റെ തണ്ടും ഇലയുമാണ് ഭക്ഷിക്കുക) കഴിച്ചാൽ അവൻ നമ്മുടെ പള്ളിയിലേക്കു വരാൻപാടില്ല. കാരണം, മനുഷ്യർക്ക് ദുസ്സഹമായ എല്ലാകാര്യങ്ങളും മലക്കുകൾക്കും ദുസ്സഹമാണ്. [മുസ്‌ലിം]1\395

ഉമർ (റ) ഒരിക്കൽ വെള്ളിയാഴ്ച ഖുത്വുബയിൽ ഇങ്ങനെ പറയുകയുണ്ടായി:

(ثم إنكم أيها الناس، تأكلون شجرتين لا أراهما إلا خبيثتين، هذا البصل والثوم، لقد رأيت رسول الله ﷺ إذا وجد ريحهما من الرجل في المسجد أمر به فاخرج إلى البقيع فمن أكلها فليمتهما طبخا) رواه مسلم ٣٩٦/١

ജനങ്ങളേ, വൃത്തികെട്ടതാണെന്ന് എനിക്കഭിപ്രായമുള്ള രണ്ടു ചെടികളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുന്നുണ്ട്. ചുവന്നഉള്ളിയും വെളുത്തുള്ളിയും. അവയുടെ വാസനയുള്ള ആരെങ്കിലും പള്ളിയിൽ വന്നാൽ നബി ﷺ യുടെ കൽപന പ്രകാരം അവനെ ബഖീഇലേക്കു ഇറക്കിവിടാറുണ്ടായിരുന്നു. അതിനാൽ ആരെങ്കിലും അത് ഭക്ഷിക്കുന്നുവെങ്കിൽ പാകം ചെയ്തു നിർവീര്യമാക്കി ഭക്ഷിക്കട്ടെ. [മുസ്‌ലിം]

ജോലി കഴിഞ്ഞു കുളിച്ചു വൃത്തിയാകാതെ ശരീരത്തിൽ നിന്ന് ദുർഗന്ധം വമിക്കുന്ന രൂപത്തിൽ പള്ളിയിൽ വരുന്നവരും, അതിനെക്കാൾ വൃത്തികെട്ടതും ഹറാമുമായ ബീഡി, സിഗററ്റ്, ചുരുട്ട് എന്നിവയുടെ വാസനയുമായി നമസ്കരിക്കുന്നവരും മലക്കുകൾക്ക് വിഷമം സൃഷ്ടിക്കുന്നവരും ഇതേ അദ്ധ്യായത്തിൽ ഉൾപെടുന്നവരുമാകുന്നു.

# വ്യഭിചാരം

ഇസ്‌ലാമിക ശരീഅത്തിൻെറ ഉദ്ദിഷ്ഠലക്ഷ്യങ്ങളിലൊന്ന് മാന വിക പൈതൃക പരിശുദ്ധിയും അവൻെറ അഭിമാനവും സംരക്ഷിക്ക ലാണ്. അതിനാൽ ഇസ്‌ലാം വ്യഭിചാരം നിഷിദ്ധമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿وَلَاتَقْرَبُوا الزِّنَى إِنَّهُ كَانَ فَاحِشَةً وَسَاءَ سَبِيلًا﴾ (الإسراء:٣٢)

**നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചു പോകരുത്. തീർച്ചയായും അത് നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു.** [വി.ഖു. 17:32]

സ്ത്രീകൾക്ക് പർദ്ദ (ഹിജാബ്) നിർബന്ധമാക്കിക്കൊണ്ടും അന്യ സ്ത്രീ-പുരുഷർ പരസ്പരം കാണുമ്പോൾ ദൃഷ്ടികൾ താഴ്ത്താൻ കൽപിച്ചു കൊണ്ടും അന്യരായ സ്ത്രീ പുരുഷന്മാർ ഒറ്റക്കിരിക്കുന്ന ചുറ്റുപാടുകൾ നിരോധിച്ചു കൊണ്ടും വ്യഭിചാരത്തിലേക്കു നയിക്കു ന്ന മുഴുവൻ വഴികളെയും ഇസ്‌ലാം കൊട്ടിയടച്ചിരിക്കുന്നു.

വിവാഹിതരായ വ്യഭിചാരികൾക്ക് ഇസ്‌ലാം നൽകുന്ന അതി ക ഠിനവും നിന്ദ്യവുമായ ശിക്ഷ, അവൻെറ ദുഷ്പ്രവൃത്തിയുടെ അന ന്തരഫലം ആസ്വദിക്കുന്നതിനായി കല്ലേറു കൊണ്ടു മരിക്കലാണ്. അവിവാഹിതനാണെങ്കിൽ ചാട്ടവാറടിയുടെ പരമാവധിയായ നൂറടി ജനമദ്ധ്യത്തിൽ വെച്ചു നൽകപ്പെടുകയും ഒരുവർഷം നാടുകട ത്തപ്പെടുകയും ചെയ്യുമെന്നത് ഈ തെറ്റിൻെറ ഭയാനകതയി ലേക്കു വിരൽ ചൂണ്ടുന്നു.

വ്യഭിചാരികളായ സ്ത്രീ പുരുഷന്മാർക്ക് ബർസഖിൽ നൽകപ്പെ ടുന്ന ശിക്ഷ, മേൽഭാഗം വീതി കുറഞ്ഞതും മൺകുടത്തിൻെറ ആകൃ തിയിലുള്ളതുമായ അഗ്നികുണ്ഡത്തിലെ തീജ്വാലകൾക്കൊപ്പം ഉയർന്നും താണും അട്ടഹസിച്ചു കരഞ്ഞു കൊണ്ടും പൂർണ്ണ നഗ്നരായി ഖിയാമത്ത്നാൾ വരെ കഴിഞ്ഞു കൂടുകയെന്നതാണ്. കുഴിയിലേക്കു കാൽ നീട്ടിയ പടുകിഴവന്മാർ വ്യഭിചരിച്ചാൽ ശിക്ഷ യുടെ കാഠിന്യവും വർദ്ധിക്കുമെന്ന് ഹദീഥിൽ കാണാം. അബൂഹുറ യ്റയിൽ നിന്നും ഉദ്ധരിക്കപ്പെടുന്നു:

((ثلاثـــة لا يكلمهم الله يوم القيامة ولا يزكيهم ولا ينظر إليهم ولهـــم عذاب أليم: شيخ زانٍ وملِك كذّاب وعائل مستكبر)) رواه مسلم ١/١٠٢-١٠٣

**മൂന്നു വിഭാഗത്തെ ഖിയാമത് നാളിൽ അല്ലാഹു തിരിഞ്ഞു നോക്കുകയോ ശുദ്ധീകരിക്കുകയോ അവരോട് സംസാരിക്കുകയോ ഇല്ല. അവർക്ക് വേദനയേറിയ ശിക്ഷ നൽകപ്പെടും: വൃദ്ധനായ വ്യഭിചാരി, കളവു പറയുന്ന ഭരണാധികാരി, അഹങ്കാരിയായ ദരിദ്രൻ.** [മുസ്ലിം]

ജീവിത സന്ധാരണത്തിനായി നടത്തുന്ന സമ്പാദ്യങ്ങളിൽ ഏറ്റവും നികൃഷ്ടമാണ് വ്യഭിചാരത്തിന്റെ പ്രതിഫലം. ഹദീഥിൽ ഇങ്ങനെ കാണാം:

(والزانية التي تسعى بفرجها محرومة من إجابة الدعوة عند ما تفتح أبواب السماء في نصف الليل) الحديث في صحيح الجامع ٢٩٧١

**പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതിനായി രാത്രിയുടെ അന്ത്യയാമങ്ങളിൽ ആകാശ കവാടങ്ങൾ തുറക്കപ്പെടുമ്പോൾ തന്റെചാരിത്ര്യം പണയപ്പെടുത്തി സമ്പാദിക്കുന്ന ദൗർഭാഗ്യവതിയുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല.**

ദാരിദ്ര്യവും സാമ്പത്തിക അത്യാവശ്യങ്ങളും അല്ലാഹുവിന്റെ നിയമങ്ങൾ ലംഘിക്കാനുള്ള കാരണങ്ങളല്ല. കൂലിക്കു മുലകൊടുക്കാത്ത സ്വതന്ത്രസ്ത്രീ വ്യഭിചരിക്കുകയില്ല എന്ന ഒരു പഴമൊഴി തന്നെയുണ്ട്.

ആധുനികയുഗം സകലമാന തിന്മകളുടെയും കവാടങ്ങൾ മലർക്കെ തുറക്കപ്പെട്ടതും പിശാചിനും കൂട്ടാളികൾക്കും അവരുടെ ഭാരം വളരെ ലഘൂകരിക്കപ്പെടുകയും ചെയ്തിട്ടുള്ള കാലമാണ്. ഇസ്ലാമിന്റെ നിയമപ്രകാരമുള്ള പർദ്ദസ്വീകരിക്കാത്ത സ്ത്രീകളും ധർമ്മാധർമ്മ ചിന്ത പുലർത്താത്ത പുരുഷന്മാരും നിർമ്മല ലൈംഗിക വികാരങ്ങൾക്ക് തീ കൊളുത്തുന്ന അശ്ലീലസാഹിത്യങ്ങളും ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളും നീലച്ചിത്രങ്ങളും വ്യാപകമായിരിക്കുന്നു. എവിടെയും അസാന്മാർഗികതക്കുള്ള സുലഭ സൗകര്യങ്ങളും കൂടി വന്നതോടെ ലൈംഗിക അരാജകത്വം അതിന്റെ മൃഗീയ രൂപത്തിൽ നർത്തനമാടിത്തുടങ്ങി. ഫലമോ? തട്ടിക്കൊണ്ടു പോകലും ബലാൽസംഗങ്ങളും ജാരസന്താനങ്ങളും ഭ്രൂണഹത്യകളും പെരുകുകയായി.

ഇവിടെ പിശാച് ലക്ഷ്യം കണ്ടെത്തുന്നതിൽ നൂറ്റൊന്ന് ശതമാനം വിജയിച്ചിരിക്കുന്നു.

ഈ മലീമസ ലോകത്തിൻെറ തിന്മയിൽനിന്നു സംരക്ഷണത്തിനും നമ്മുടെമനസ്സും ശരീരവും അധർമ്മങ്ങളിൽ നിന്ന് മോചിതമായി സദാചാരജീവിതം നിലനിർത്തുന്നതിനും സ്രഷ്ടാവായ അല്ലാഹുവിനോട് പ്രാർത്ഥിക്കുക.
നാഥാ, ഞങ്ങൾക്കും നിഷിദ്ധ കാര്യങ്ങൾക്കുമിടയിൽ ഭേദിക്കാൻ കഴിയാത്ത വിധം അതിശക്തമായ മറകൾ സൃഷ്ടിക്കേണമേ. ആമീൻ.

## സ്വവർഗ്ഗ രതി

ലൈംഗിക ശമനത്തിനു സ്ത്രീകളെ വിട്ടു പുരുഷന്മാരെ ഉപയോഗിക്കുന്നതായിരുന്നു ലൂത്വ് (അ) നബിയുടെ ജനത ചെയ്തിരുന്ന തെറ്റ്. അല്ലാഹു പറയുന്നു:

﴿وَلُوطًا إِذْ قَالَ لِقَوْمِهِ إِنَّكُمْ لَتَأْتُونَ الْفَاحِشَةَ مَا سَبَقَكُمْ بِهَا مِنْ أَحَدٍ مِّنَ الْعَالَمِينَ، إِنَّكُمْ لَتَأْتُونَ الرِّجَالَ وَتَقْطَعُونَ السَّبِيلَ وَتَأْتُونَ فِي نَادِيكُمُ الْمُنْكَرَ ...﴾ (العنكبوت:٢٨-٢٩)

**ലൂത്തിനെയും (ദൂതനായി അയച്ചു.) തൻെറ ജനതയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു.) തീർച്ചയായും നിങ്ങൾ നീചകൃത്യമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. നിങ്ങൾക്കു മുമ്പ് ലോകരിൽ ഒരാളും അതു ചെയ്യുകയുണ്ടായിട്ടില്ല. നിങ്ങൾ കാമനിവൃത്തിക്കായി പുരുഷന്മാരുടെ അടുത്ത് ചെല്ലുകയും, (പ്രകൃതിപരമായ) മാർഗ്ഗം ലംഘിക്കുകയും നിങ്ങളുടെ സദസ്സിൽവച്ചു നിഷിദ്ധവൃത്തികൾ ചെയ്യുകയുമാണോ?** [വി.ഖു. 29:28-29]

ഈ തെറ്റുചെയ്ത നീചരും നികൃഷ്ടരുമായ ലൂത്തിൻെറ ജനതയെ മറ്റൊരു സമൂഹത്തിനും നൽകാത്തവിധത്തിലുള്ള നാലു ശിക്ഷകൾ മുഖേന അല്ലാഹുപിടികൂടി. ആദ്യമായി അവരുടെ കണ്ണുകളുടെ കാഴ്ചശക്തി തുടച്ചു മാറ്റി. പിന്നെ അവരുടെ വാസസ്ഥലത്തെ അടിമേൽ മറിച്ചിട്ടു. ചുടുകളിമൺ കല്ലുകളുടെ മഴ വർഷിപ്പിച്ചു. അതോടൊപ്പം കഠോര ശബ്ദം കൊണ്ട് പിടികൂടുകയും ചെയ്തു.

ഈ വൃത്തികേടു ചെയ്യുന്നവർക്ക് ഇസ്‌ലാമിക നിയമത്തിൽ വിധിക്കപ്പെട്ടിട്ടുള്ള ശിക്ഷ ഗളച്ഛേദമാണ്. ഈ ദുഷ്പ്രവൃത്തിയിൽ രണ്ടുപേരും സംതൃപ്തരാണെങ്കിൽ രണ്ടുപേരും കൊല്ലപ്പെടും. പണ്ഡിതർക്കിടയിൽ മുൻഗണനാർഹമായ അഭിപ്രായമിതാണ്.

(عن ابن عباس مرفوعا من وجدتموه يعمل عمل قوم لوط فاقتلوا الفاعل والمفعول به) رواه أحمد ١/٣٠٠ في جامع الصحيح ٥٦٥٦

**ലൂത്തിൻെറ ജനതയുടെ ദുഷ്പ്രവൃത്തി ചെയ്യുന്നതായി നിങ്ങൾ കണ്ടാൽ രണ്ടുപേരെയും നിങ്ങൾ വധിച്ചു കളയുക.** (അഹ്മദ്)

ഈ ദുർവൃത്തിയുടെ ഫലമാണ് മുൻതലമുറകളിൽ ഇല്ലാതിരുന്ന എയ്ഡ്സ് പോലുള്ള പുതിയ മാറാവ്യാധികൾ ഉടലെടുത്തിട്ടുള്ളത്. അതുകൊണ്ടു തന്നെ ഇതിനു കടുത്തശിക്ഷ വിധിച്ച ദൈവം യുക്തിമാനാണെന്ന് മനസ്സിലാക്കാം.

## മതപരമായ കാരണം കൂടാതെ ഭാര്യ ഭർത്താവിൻെറ കിടപ്പറ ഒഴിവാക്കൽ

അബൂഹുറയ്റ ﷺയിൽ നിന്നു നിവേദനം;

((إذا دعا الرجل امرأته إلى فراشه فأبت فبات غضبان عليها لعنتها الملائكة حتى تصبح)) رواه البخاري، فتح الباري ٦/٣١٤

**ഭർത്താവ് ഭാര്യയെ തൻെറ വിരിപ്പിലേക്കു ക്ഷണിക്കുകയും, അവളത് നിരസിക്കുകയും, അവൻ കുപിതനായി രാത്രി കഴിച്ചു കൂട്ടുകയും ചെയ്താൽ നേരം പുലരുവോളം അവളെ മലക്കുകൾ ശപിച്ചു കൊണ്ടിരിക്കും.** (ബുഖാരി)

കൊച്ചു കൊച്ചു പിണക്കങ്ങളുടെ പേരിൽ ഭർത്താവിൻെറ അവകാശങ്ങൾ നിരസിക്കപ്പെടുന്ന അവസ്ഥവർദ്ധിച്ചാൽ പുരുഷന്മാർ വ്യഭിചാരത്തിലകപ്പെടാൻ കാരണമായേക്കും. അല്ലെങ്കിൽ രണ്ടാം വിവാഹത്തെ ക്കുറിച്ചു ചിന്തിക്കാൻ അവൻ പ്രേരിതനായേക്കും. ഭർത്താവിൻെറ ആവശ്യത്തിനു ക്ഷണം തന്നെ, വഴങ്ങണമെന്നാണ് സ്ത്രീകളോട് നബി ﷺ കൽപിച്ചിട്ടുള്ളത്.

((إذا دعـا الـرجل امرأته إلى فراشه فلتجب وإن كانت على ظهر قتب))
زوائد البزار ٢/١٨١، في صحيح الجامع ٥٤٧

**പുരുഷൻ തന്റെ ഭാര്യയെ വിരിപ്പിലേക്കു ക്ഷണിച്ചാൽ അവൾ ആട്ടുകല്ലിന്മേലായാലും ഉത്തരം ചെയ്യട്ടെ.**
[സവാഇദുൽ ബസ്സാർ]

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും അഭിപ്രായ ഭിന്നത ഉടലെടുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്നേഹം സദാ നിലനിൽക്കണം. ഭാര്യരോഗിയോ ഗർഭിണിയോ വിഷാദയോ ആയിരിക്കുമ്പോൾ അവളുടെ സുഖദുഃഖങ്ങളെക്കുറിച്ചും ക്ഷീണ ദൗർബല്യങ്ങളെക്കുറിച്ചും ഭർത്താവ് ബോധവാനായിരിക്കണം.

## മതപരമായ കാരണം കൂടാതെ സ്ത്രീ ത്വലാഖ് ആവശ്യപ്പെടൽ

നിസ്സാരമായ കാരണങ്ങൾക്കോ അല്ലെങ്കിൽ ഭാര്യ ആവശ്യപ്പെട്ടപ്പോൾ വിചാരിച്ച സംഖ്യനൽകാൻ കഴിഞ്ഞില്ലെന്ന കാരണം പറഞ്ഞു കൊണ്ടോ സ്ത്രീകൾ പലപ്പോഴും ഭർത്താവിനോട് വിവാഹ മോചനം ആവശ്യപ്പെടാറുണ്ട്.ചിലർബന്ധുക്കളുടെയോഅയൽക്കാരുടെയോ പ്രേരണനിമിത്തം ഭർത്താവിന്റെ പൗരുഷത്തോടുള്ള വെല്ലുവിളിയെന്നനിലക്ക് 'നിങ്ങൾക്കാണത്വമുണ്ടെങ്കിൽ ത്വലാഖ് ചൊല്ലണമെന്ന്' തുറന്നടിക്കും. അവസാനമിത് വിവാഹമോചനത്തിൽ കലാശിക്കുകയും കുത്തഴിഞ്ഞ ഒരു കുടുംബവും അലഞ്ഞു തിരിയുന്ന മക്കളുമായി രൂപാന്തരപ്പെടുകയും ചെയ്യും പിന്നീട് ഖേദം ഉപകരിക്കാത്ത അവസരത്തിൽ ഖേദിക്കേണ്ടി വരുന്നു. ഇങ്ങനെ ത്വലാഖ് ആവശ്യപ്പെടുന്നത് നിഷിദ്ധമാക്കിയതിന്റെ യുക്തി ഇതിൽ നിന്നു തന്നെ മനസ്സിലാക്കാം. ഹദീഥിൽ ഇങ്ങനെ കാണാം:

عـن ثوبان مرفوعا:(( أيما امرأة سألت زوجها الطلاق من غير ما بأس فحرم عليها رائحة الجنة)) رواه أحمد ٥/٢٧٧، في صحيح الجامع ٢٧٠٦

**ഏതൊരു സ്ത്രീ തന്റെ ഭർത്താവിനോട് കാരണം കൂടാതെ ത്വലാഖ് ആവശ്യപ്പെടുന്നുവോ, അവൾക്ക്**

**സ്വർഗ്ഗത്തിൻെറ സുഗന്ധം പോലും നിഷിദ്ധമാക്കപ്പെടും.** [അഹ്മദ്]

عن عقبة بن عامر مرفوعا (( إن المختلعات والمنتزعات هن المنافقات))
الطبراني في الكبير ٣٣٩/١٧، صحيح الجامع ١٩٣٤

**നിശ്ചയം, കാരണം കൂടാതെ ഭർത്താവിനോട് ത്വലാഖ് ആവശ്യപ്പെടുന്നവർ തന്നെയാണ് കപടവിശ്വാസിനികൾ.** [ത്വബ്റാനി]

ഭർത്താവ് നമസ്കരിക്കാത്തവനോ മദ്യമോ മയക്കുമരുന്നോ ഉപയോഗിക്കുന്നവനോ ഹറാമായ വല്ലകാര്യവും ചെയ്യാൻ നിർബന്ധിക്കുകയോ ദേഹോപദ്രവം ഏൽപിക്കുകയോ മതപരമായ അവകാശങ്ങൾ തടയുകയോ ചെയ്യുകയും, ഉപദേശ നിർദ്ദേശങ്ങളും സന്ധി സംഭാഷണങ്ങളും ഫലിക്കാതെ വരികയും ചെയ്താൽ തൻെറആദർശവും ശരീരവും സംരക്ഷിക്കുന്നതിനായി ത്വലാഖ് ആവശ്യപ്പെടാവുന്നതാണ്.

## ദിഹാർ

ജാഹിലിയ്യഃ കാലത്ത് അറബികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു വൃത്തികെട്ട സ്വഭാവമായിരുന്നു ഇത്. ഭാര്യയോട് നീ എൻെറ ഉമ്മയെപ്പോലെ എനിക്ക് നിഷിദ്ധമാണെന്ന് പറയലായിരുന്നു അത്. ഈ സമ്പ്രദായം ഇന്ന് വീണ്ടും തലപൊക്കിക്കൊണ്ടിരിക്കുന്നുണ്ട്. എൻെറ സഹോദരിയെപ്പോലെ നിഷിദ്ധമാണെന്നു പറഞ്ഞാലും ഇതേ ഗണത്തിൽ പെടും. ഭാര്യമാരെ ഉപദ്രവിക്കാൻ ഉപയോഗിച്ചിരുന്ന ഒരു മാർഗ്ഗമായിരുന്നു ഇത്. അതിനെ ഇസ്ലാം നിഷിദ്ധമാക്കി. തുടർന്ന് അങ്ങനെ ചെയ്താൽ പ്രായശ്ചിത്തം ചെയ്യാൻ കൽപിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

﴿الَّذِينَ يُظَاهِرُونَ مِنكُم مِّن نِّسَائِهِم مَّا هُنَّ أُمَّهَاتِهِمْ إِنْ أُمَّهَاتُهُمْ إِلَّا اللَّائِي وَلَدْنَهُمْ وَإِنَّهُمْ لَيَقُولُونَ مُنكَرًا مِّنَ الْقَوْلِ وَزُورًا وَإِنَّ اللَّهَ لَعَفُوٌّ غَفُورٌ﴾ (المجادلة:٢)

**നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്കു തുല്യമായി പ്രഖ്യാപിക്കുന്നവർ (അബദ്ധമാകുന്നു ചെയ്യുന്നത്.)**

അവർ (ഭാര്യമാർ) അവരുടെ മാതാക്കളല്ല. അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകളല്ലാതെ മറ്റാരുമല്ല. തീർച്ചയായും അവർ നിഷിദ്ധമായ വാക്കും അസത്യവുമാണ് പറയുന്നത്. തീർച്ചയായും അല്ലാഹു അധികം മാപ്പു നൽകുന്നവനും പൊറുക്കുന്നവനുമാണ്. [വി.ഖു. 58:2]

ഇങ്ങനെ ചെയ്താൽ കഠിനമായ പ്രായശ്ചിത്തമാണ് ഇസ്‌ലാം വിധിച്ചിട്ടുള്ളത്. റമദാൻ മാസത്തിൽ പകൽ സമയത്തു ലൈംഗിക ബന്ധത്തിലേർപ്പെടുന്നവർ നൽകേണ്ട പ്രായശ്ചിത്തം, അല്ലെങ്കിൽ പിഴവായി കൊലപാതകം സംഭവിച്ചാൽ നൽകേണ്ടുന്ന പ്രായശ്ചിത്തം. ഇതിൽ ഏതെങ്കിലും ഒന്നു ചെയ്ത ശേഷമല്ലാതെ ആ ഭാര്യയുമായി ബന്ധപ്പെടാൻ പാടില്ല. അല്ലാഹു പറയുന്നു:

﴿وَالَّذِينَ يُظَاهِرُونَ مِنْ نِسَائِهِمْ ثُمَّ يَعُودُونَ لِمَا قَالُوا فَتَحْرِيرُ رَقَبَةٍ مِنْ قَبْلِ أَنْ يَتَمَاسَّا ذَلِكُمْ تُوعَظُونَ بِهِ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ، فَمَنْ لَمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ مِنْ قَبْلِ أَنْ يَتَمَاسَّا فَمَنْ لَمْ يَسْتَطِعْ فَإِطْعَامُ سِتِّينَ مِسْكِينًا ذَلِكَ لِتُؤْمِنُوا بِاللَّهِ وَرَسُولِهِ وَتِلْكَ حُدُودُ اللَّهِ وَلِلْكَافِرِينَ عَذَابٌ أَلِيمٌ﴾ (المجادلة:٣-٤)

തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്കു തുല്യമായി പ്രഖ്യാപിക്കുകയും, പിന്നീട് തങ്ങൾ പറഞ്ഞതിൽനിന്ന് മടങ്ങുകയും ചെയ്യുന്നവർ, അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി ഒരു അടിമയെ മോചിപ്പിക്കേണ്ടതാണ്. അത് നിങ്ങൾക്ക് നൽകപ്പെടുന്ന ഉപദേശമാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. ഇനി വല്ലവനും (അടിമയെ) ലഭിക്കാത്തപക്ഷം, അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി തുടർച്ചയായി രണ്ടുമാസക്കാലം നോമ്പനുഷ്ഠിക്കേണ്ടതാകുന്നു. വല്ലവനും (അതു) സാധ്യമാകാത്തപക്ഷം അറുപത് അഗതികൾക്ക് ആഹാരം നൽകേണ്ടതാണ്. അത് അല്ലാഹുവിലും ദൂതനിലും നിങ്ങൾ വിശ്വസിക്കാൻ വേണ്ടിയത്രെ. അവ അല്ലാഹുവിൻെറ പരിധികളാകുന്നു. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്. [വി.ഖു. 58:3-4]

# ആർത്തവ സമയത്ത് ലൈംഗിക ബന്ധം

അല്ലാഹു പറയുന്നു:

﴿وَيَسْأَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُوا النِّسَاءَ فِي الْمَحِيضِ وَلَا تَقْرَبُوهُنَّ حَتَّى يَطْهُرْنَ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ اللَّهُ...﴾ (البقرة:٢٢٢)

**ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവ ഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നു നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നതു വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക.** (വി.ഖു. 2:222)

ആർത്തവ വേളകളിൽ അവരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് മ്ളേഛവും ഹറാമുമാണ്. നബി ﷺ പറയുന്നു:

((من اتى حائضا أو امرأة في دبرها أو كاهنا فقد كفر بما أنزل على محمد )) رواه الترمذي ٢٤٣/١، في صحيح الجامع ٥٩١٨

**ആരെങ്കിലും ആർത്തവകാരിയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയോ, സ്ത്രീയെ ഗുദഭോഗം നടത്തുകയോ, ജോത്സ്യനെ സമീപിക്കുകയോ ചെയ്താൽ അവൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു.** (തുർമുദി)

അറിവില്ലാതെ ആരെങ്കിലും ആർത്തവകാരിയെ സമീപിച്ചാൽ പ്രായശ്ചിത്തം നിർബന്ധമില്ല. പ്രായശ്ചിത്തത്തെക്കുറിച്ചു പറയുന്ന ഹദീഥ് പ്രബലമാണ് എന്നു പറഞ്ഞ [illegible] അറിഞ്ഞു കൊണ്ടു കാര്യം ചെയ്തവൻ പ്രായശ്ചിത്തമായി ഒരു [illegible] അര ദീനാറോ ദാനമായി നൽകേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

മറ്റു ചില പണ്ഡിതന്മാർ [illegible] ഇതിൽ നിന്നു [illegible]

ആർത്തവം നിലച്ചു കുളിച്ചു ശുദ്ധിയാകുന്നതിനു മുമ്പോ ആണെങ്കിൽ അര ദീനാർ എന്നുമാണ് മറ്റൊരു അഭിപ്രായം. ഒരു ദീനാർ 4.25 ഗ്രാം ആകുന്നു. ഇത്രയും സ്വർണ്ണമോ തുല്യമായ സംഖ്യയോ ദാനം ചെയ്യണം.

## സ്ത്രീയെ ഗുദമൈഥുനം നടത്തൽ

ദുർബലവിശ്വാസികളായചിലർ ഭാര്യമാരെ ഗുദമൈഥുനത്തിനു നിർബന്ധിക്കാറുണ്ട്. ഈ പ്രവൃത്തി വൃത്തികെട്ടതും വൻപാപവുമായാണ് ഇസ്ലാം കാണുന്നത്. അബൂഹുറയ്റ (റ) യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ഹദീഥ് ഇപ്രകാരമാണ്:

((ملعون من أتى امرأة في دبرها)) رواه الإمام أحمد ٤٧٩/٣، صحيح الجامع ٥٨٦٥

**ഭാര്യയെ ഗുദരതിക്കുപയോഗിക്കുന്നവൻ ശപിക്കപ്പെട്ടവനാകുന്നു.** [അഹ്മദ്] നബി ﷺ പറഞ്ഞു:

(من أتى حائضا أو امرأة فى دبرها أو كاهنا فقد كفر بما أنزل على محمد)
(رواه الترمذى ٢٤٣/١،فى صحيح الجامع٥٩١٨)

**ആരെങ്കിലും ആർത്തവകാരിയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയോ, സ്ത്രീയെ ഗുദമൈഥുനം നടത്തുകയോ, ജോത്സ്യനെ സമീപിക്കുകയോ ചെയ്താൽ അവൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു.** [തുർമുദി]

നബി ﷺ ഇത്രയും ശക്തമായി താക്കീതു ചെയ്തിട്ടുള്ള ഈ വൃത്തികേടിനായി ഭാര്യമാരെ നിർബന്ധിക്കുന്ന അധമന്മാർ സമൂഹത്തിൽ ഇന്നുമുണ്ട്. പരിശുദ്ധി നിലനിർത്താൻ കൊതിക്കുന്ന, അല്ലാഹുവിനെ ഭയപ്പെടുന്ന പതിവ്രതകൾ ഇതിനു വിസമ്മതിക്കുമ്പോൾ ത്വലാഖ് ചൊല്ലിക്കളയുമെന്നവർ ഭീഷണിപ്പെടുത്തുന്നു. അറിവില്ലാത്ത സ്ത്രീകൾ ഖുർആനിലെ ആയത്ത് തെളിവാണെന്ന ധാരണയിൽ വഞ്ചിക്കപ്പെടുകയും ചെയ്യുന്നു. ഇതാണ് ആ വചനം:

﴿نِسَاؤُكُمْ حَرْثٌ لَّكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ...﴾ (البقرة:٢٢٣)

**നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛരിക്കും വിധം നിങ്ങൾ നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്...** [വി.ഖു. 2:223]

വിവരമുള്ളവരോട് ചോദിച്ചറിയാനുള്ള അവരുടെ ലജ്ജയാണ് ഈ അപകടത്തിൽ അവരെ അകപ്പെടുത്താറുള്ളത്. ഈ ഖുർആൻ വചനത്തിൻെറ ശരിയായ ആശയം ഹദീഥിൽ നിന്നാണ് നമുക്ക് ലഭിക്കുക. മുന്നിലൂടെയായാലും പിന്നിലൂടെയായാലും ജനനേന്ദ്രിയത്തിലൂടെ ആകുമ്പോൾ അനുവദനീയവും ഗുദത്തിലൂടെയാകുമ്പോൾ നിഷിദ്ധവുമാകുന്നു എന്നാണ് ഹദീഥ് പഠിപ്പിക്കുന്നത്.

പരിശുദ്ധവും പരിപാവനവുമായിരിക്കേണ്ട ദാമ്പത്യ ജീവിതത്തിൽ ജാഹിലിയ്യത്തിൻെറ മ്ളേഛതകൾ കടന്നു കൂടുവാനുള്ള കാരണം, സമൂഹത്തിലെ തെരുവു സംസ്കാരത്തിൽ നിന്നു കടന്നു കൂടിയതും നീലച്ചിത്രങ്ങളിൽ നിന്നു പെറുക്കിയെടുത്തതുമായ വൃത്തികേടുകൾ വന്നുനിറഞ്ഞിട്ടുണ്ട് എന്നതല്ലാതെ മറ്റൊന്നുമല്ല. അവർ പരസ്പരം ഈ പ്രവൃത്തിയിൽ സംതൃപ്തരായിരുന്നാൽ പോലും അനുവദനീയമാകുകയില്ല. കാരണം, ഇരു കക്ഷികളുടെ സംതൃപ്തി മൂലം ഒരു തെറ്റ് അനുവദനീയമോ നിഷിദ്ധമോ ആകുകയില്ല, മറിച്ചു അത് അല്ലാഹുവിൻെറ തീരുമാനമനുസരിച്ചത്രെ.

## ഭാര്യമാർക്കിടയിൽ നീതി പുലർത്താതിരിക്കൽ

ഒന്നിലധികം ഭാര്യമാരുള്ളപ്പോൾ അവർക്കിടയിൽ നീതി പാലിക്കണമെന്ന് അല്ലാഹു കൽപിക്കുന്നു:

﴿وَلَـنْ تَسْتَطِيعُوا أَنْ تَعْدِلُوا بَيْنَ النِّسَاءِ وَلَوْ حَرَصْتُمْ فَلَا تَمِيلُوا كُـلَّ الْمَيْلِ فَتَذَرُوهَا كَالْمُعَلَّقَةِ وَإِنْ تُصْلِحُوا وَتَتَّقُوا فَإِنَّ اللَّهَ كَانَ غَفُورًا رَحِيمًا﴾ (البقرة:١٢٩)

**നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല. അതിനാൽനിങ്ങൾ (ഒരാളിലേക്കു) പൂർണ്ണമായി തിരിഞ്ഞു കൊണ്ട് മറ്റവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കരുത്. നിങ്ങൾ (പെരുമാറ്റം) നന്നാക്കിത്തീർക്കുകയും, സൂക്ഷ്മത പാലി**

**ക്കുകയും ചെയ്യുന്നപക്ഷം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.** [വി.ഖു.4:129]

ഭാര്യമാരോടൊത്ത് താമസിക്കുന്ന ദിവസങ്ങളിലും ഭക്ഷണ-വസ്ത്രാദികളിലുമാണ് നീതിപുലർത്താൻ കൽപിക്കപ്പെടുന്നത്. അതു പോലെ മറ്റെല്ലാ അവകാശങ്ങളിലും നീതി പുലർത്തണം. എന്നാൽ ഒരാളുടെ സ്നേഹം തുല്യമായി പങ്കിടുകയെന്നത് സുസാധ്യമല്ലാത്തതിനാൽ അക്കാര്യത്തിൽ കണിശമായ നിർബന്ധമില്ല. ബാക്കിയെല്ലാ കാര്യങ്ങളിലും നീതിപുലർത്തുകയും വേണം. ഒന്നിലധികം ഭാര്യമാരുള്ള പലരും ഒരു ഭാര്യയുടെ കൂടെ കൂടുതൽ ദിവസങ്ങൾ കഴിച്ചുകൂട്ടുകയും അവൾക്കു വേണ്ടി മാത്രം അധികമായ ചെലവഴിക്കുകയും ചെയ്യാറുണ്ട്. ഇങ്ങനെ വന്നാൽ ഒരുവൾക്കു നീതി നിഷേധിക്കപ്പെടുകയും അവൾ അവഗണിക്കപ്പെടുകയുമായിരിക്കും ഫലം. ഇങ്ങനെ ചെയ്യുന്നവരെക്കുറിച്ച് നബിﷺപറഞ്ഞു:

((من كانت له امرأتان فمال إلى إحداهما جاء يوم القيامة وشقه مائل))
رواه أبوداود ٢/٦٠١

**രണ്ടു ഭാര്യമാരുള്ളവൻ ഒരുവളിലേക്കു മാത്രം ചാഞ്ഞാൽ ഒരു ഭാഗം ചെരിഞ്ഞവനായിക്കൊണ്ടായിരിക്കും പരലോകത്തിൽ ഹാജറാക്കപ്പെടുക.** [അബൂദാവൂദ്]

## അന്യ സ്ത്രീയുമായി ഒറ്റക്കിരിക്കൽ

മനുഷ്യനെ ഹറാമിലേക്കു നയിച്ചു നശിപ്പിക്കാനായി പിശാച് സർവ്വ ശക്തിയും ഉപയോഗിക്കും. അതുകൊണ്ടു തന്നെ അവൻെറ കുതന്ത്രങ്ങൾക്കെതിരെ ജാഗരൂഗരായിരിക്കണമെന്ന് അല്ലാഹു താക്കീതു ചെയ്യുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ وَمَنْ يَتَّبِعْ خُطُوَاتِ الشَّيْطَانِ فَإِنَّهُ يَأْمُرُ بِالْفَحْشَاءِ وَالْمُنْكَرِ ...﴾ (النور:٢١)

**സത്യവിശ്വാസികളേ, പിശാചിൻെറ കാൽപാടുകളെ നിങ്ങൾ പിൻപറ്റരുത്. വല്ലവനും പിശാചിൻെറ കാൽപാടുകളെ പിൻപറ്റുന്ന പക്ഷം തീർച്ചയായും അവൻ (പിശാച്) കൽപിക്കുന്നത് നീചവൃത്തിയും ദുരാചാരം ചെയ്യാനുമായിരിക്കും..** [വി.ഖു. 24:21]

മനുഷ്യശരീരത്തിൽ രക്തം സഞ്ചരിക്കുന്നിടങ്ങളിലെല്ലാം പിശാചും സഞ്ചരിക്കുമെന്ന് നബിﷺ പറഞ്ഞിട്ടുണ്ട്. അന്യരായ ഒരു സ്ത്രീയും പുരുഷനും ഒറ്റക്കു വരുന്ന അവസരങ്ങൾ അവരെ തെറ്റിൽ വീഴ്ത്തുവാനുള്ള ഒരു സുവർണ്ണാവസരമാണ് പിശാചിനു നൽകുന്നത്. അതുകൊണ്ട് ആ കവാടം ഇസ്ലാം അടക്കുന്നു. നബിﷺ പറഞ്ഞു:

(( لآيخلونّ رجل بامرأة إلا كان ثالثهما الشيطان)) رواه الترمذي ٣/٤٧٤، مشكوة المصابيح ٣١١٨

**അന്യരായ ഒരു സ്ത്രീയും പുരുഷനും ഒറ്റക്കായാൽ അവിടെ തീർച്ചയായും മൂന്നാമനായി ഉണ്ടാകുക പിശാചായിരിക്കും.** [തുർമുദി]

ഇബ്നു ഉമർ (റ) യിൽ നിന്നുള്ള ഉദ്ധരണിയിൽ ഇങ്ങനെ കാണാം:

((لآ يدخلــنّ رجل بعد يومي هذا على مغيبة إلا ومعه رجل أو اثنان)) رواه مسلم ٤/١٧١١

**ഭർത്താവ് വീട്ടിലില്ലാത്ത ഒരു സ്ത്രീയുടെ അരികിൽ ഇന്നു മുതൽ ഒരന്യൻ ഒറ്റക്കു കടന്നു ചെല്ലരുത്, അവൻെറ കൂടെ ഒന്നോ രണ്ടോ ആളുകൾ നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്.** [മുസ്ലിം]

ഭർത്താവ് വീട്ടിലില്ലാത്ത അവസരങ്ങളിൽ ഒരാൾ മാത്രം വീട്ടിൽ ചെല്ലുന്നതിനെ നബിﷺ വിരോധിച്ചതിനെ ഇന്നു വളരെക്കുറച്ചു പേർമാത്രമേ പരിഗണിച്ചു വരുന്നുള്ളൂ. അന്യസ്ത്രീകളുമായി ഒറ്റക്കു വരുന്ന മറ്റവസരങ്ങളും ഇതുമായി ചേർത്തു വായിക്കേണ്ടതാണ്. രോഗിയും ഡോക്ടറും, ഡ്രൈവറും യാത്രക്കാരിയും, വീട്ടുടമസ്ഥനും വേലക്കാരിയും ഒരാളും സഹോദരൻെറ ഭാര്യയോ, ഭാര്യാസഹോദരിയോ മാത്രമായി വീട്ടിലോ മുറിക്കകത്തോ വാഹനത്തിലോ ഒറ്റക്കു വരുന്നതെല്ലാം ഇസ്ലാം വിലക്കിയ പരിധിയിൽ വരുമെന്നോർക്കുക. പലരും, തന്നെ കുറിച്ചുള്ള അമിതമായ ആത്മവിശ്വാസം വച്ചുപുലർത്തുന്നതിനാൽ ഇതെല്ലാം നിസ്സാരമായി കാണുന്നു. തദ്ഫലമായി വ്യഭിചാരത്തിലോ അതിൻെറ ഉമ്മറപ്പടിയിലോ എത്തിപ്പെടുകയും ഹറാമിൽ അകപ്പെടുകയും ചെയ്യുന്നു.

# അന്യ സ്ത്രീകൾക്ക് ഹസ്തദാനം

അല്ലാഹുവിൻെറ ശരീഅത്തിനെതിരെ കടന്നാക്രമണം നടത്തിയ സാമൂഹ്യ ദുരാചാരത്തിൻെറ ഉത്തമ ഉദാഹരണമാണിത്. അല്ലാഹുവിൻെറ വിധിവിലക്കുകളെ മറികടന്നു കൊണ്ടുള്ള ഈ പാരമ്പര്യം വൃത്തികെട്ടതും മ്ളേഛവുമാണ്. ഇസ്ലാമിക ശരീഅത്തിൻെറ നിയമം നിലനിൽക്കണമെന്നാഗ്രഹിച്ചു കൊണ്ട് തെളിവു സഹിതം ആരെങ്കിലും ഇതിന്നെതിരെ സംസാരിച്ചാൽ അവൻ സാമൂഹ്യ പുരോഗതിക്കെതിരെ പുറം തിരിഞ്ഞു നിൽക്കുന്നവനായി ചിത്രീകരിക്കപ്പെടുന്നു. മനുഷ്യരുടെ ഉദ്ദേശ്യശുദ്ധിയെ സംശയ ദൃഷ്ടിയോടെ കാണുന്നവനും കുടുംബ ബന്ധങ്ങൾ മുറിക്കുന്നവനുമായി തെറ്റിദ്ധരിക്കപ്പെടുന്നു. ഇസ്ലാമിക നിയമങ്ങൾക്ക് അർഹിക്കുന്ന ഗൗരവം നൽകി ചിന്തിക്കുന്ന പക്ഷം ഈ പ്രവൃത്തി ഒരിക്കലും ചെയ്യുകയില്ല. അത്രശക്തമായി നബിﷺതാക്കീതു നൽകുന്നു:

((لأن يطعــن في رأس أحدكم بمخيط من حديد خير له من أن يمسّ امرأة لا تحلّ له)) رواه الطبراني ٢٠/٢١٢، في صحيح الجامع ٤٩٢١

**തനിക്കു അനുവദിക്കപ്പെടാത്ത ഒരു സ്ത്രീയെ സ്പർശിക്കുന്നതിനെക്കാൾ ഉത്തമം അവൻെറ തലയിൽ ഇരുമ്പിൻെറ സൂചികൊണ്ടുള്ള കുത്തേൽക്കലാണ്.** [ത്വബ്റാനി]

ശരീഅത്തിൻെറ ദൃഷ്ടിയിൽ ഇതു കൈകൊണ്ടുള്ള വ്യഭിചാരമാണെന്ന് പഠിപ്പിക്കപ്പെടുന്നു നബിﷺപറഞ്ഞു:

((العيــنان تزنــيان واليدان تزنيان والرِّجلان تزنيان والفرج يزني)) رواه أحمد ١/٤١٢ في صحيح الجامع ٤١٢٦

**രണ്ടു കണ്ണുകളും രണ്ടു കൈകളും രണ്ടു കാലുകളും ഗുഹ്യാവയവും വ്യഭിചാരം ചെയ്യുന്നു.** [അഹ്മദ്]

ലോകത്തിലെ ഏറ്റവും പരിശുദ്ധമായ മനസ്സിൻെറ ഉടമയായ പ്രവാചകൻﷺ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്:

((إني لا أصافح النساء)) رواه أحمد ٢/٣٥٧، صحيح الجامع ٢٥٠٩

**നിശ്ചയംഞാൻ സ്ത്രീകൾക്ക് ഹസ്തദാനം ചെയ്യുകയില്ല.** [അഹ് മദ്]

((إني لا أمسّ أيدي النساء)) رواه الطبراني في الكبير ٢٤/٣٤٢ في صحيح الجامع ٧٠٥٤

**നിശ്ചയം ഞാൻ സ്ത്രീകളുടെ കൈകൾ തൊടുകയില്ല.** (ത്വബ്റാനി)

ഇസ്ലാംസ്വീകരിച്ചുവന്ന സ്ത്രീകളുടെ കൈകൾ ഉടമ്പടിക്കു വേണ്ടി പോലും നബിﷺ സ്പർശിച്ചിരുന്നില്ല എന്ന് ആഇശഃ (റ) ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം:

عن عائشة قالت: ((ولا والله ما مسّت يد رسول الله ﷺيد امرأة قط غير أنه يبايعهن بالكلام)) رواه مسلم ١٤٨٩/٣

**അല്ലാഹു തന്നെ സത്യം, നബിﷺയുടെ കരം ഒരിക്കലും ഒരു അന്യസ്ത്രീയുടെ കരവുമായി സ്പർശിച്ചിട്ടില്ല. വാക്കു കളിലൂടെ മാത്രമാണ് അവരുമായി ഉടമ്പടി ചെയ്തി രുന്നത്.** (മുസ്ലിം)

കൈകളിൽ തുണിക്കഷ്ണം, സ്ഫടികം പോലെയുള്ള സുതാര്യ വസ്തുക്കളോ ഉപയോഗിച്ചു കൊണ്ട് ഹസ്തദാനം നടത്തുന്നതും പാടില്ലാത്തതാകുന്നു. തന്റെ സഹോദരന്മാർക്ക് ഹസ്തദാനം നടത്താത്തതിന്റെ പേരിൽ നല്ലവരായസ്ത്രീകളെ ത്വലാഖു ചൊല്ലുമെന്ന്ഭീഷണിപ്പെടുത്തുന്ന ഭർത്താക്കന്മാർ അല്ലാഹുവിനെ ഭയപ്പെടുന്നില്ലേ?

## സ്ത്രീ പുറത്തിറങ്ങുമ്പോൾ സുഗന്ധം ഉപയോഗിക്കൽ

നബിﷺയുടെ അതിശക്തമായ താക്കീതുണ്ടായിട്ടു കൂടി സമൂഹത്തിൽ വ്യാപകമായി കണ്ടുകൊണ്ടിരിക്കുന്ന ഈ തെറ്റിനെ ക്കുറിച്ച് നാംഗൗനിക്കാറില്ലെന്നതാണ് സത്യം. നബിﷺ പറഞ്ഞു:

((أيمـــا امرأة استعطرت ثم مرّت على القوم ليجدوا ريحها فهي زانية))

رواه الإمام أحمد ٤١٨/٤، في صحيح الجامع ١٠٥

**അന്യപുരുഷൻമാർക്ക് വാസന ലഭിക്കും വിധം സുഗന്ധ മുപയോഗിച്ചു അവർക്കിടയിലൂടെ നടക്കുന്ന സ്ത്രീ വ്യഭി ചാരിണിയാണ്.** അഹ്മദ്

ഈ കൽപനക്കു സ്ത്രീകൾ പോലും അർഹമായ ഗൗരവം കൽപിക്കാറില്ല. പലപ്പോഴും അശ്രദ്ധരും അലംഭാവം കാണിക്കുന്നവരുമായി അവർ തീരുന്നു. സൂപ്പർ മാർക്കറ്റുകളിലേക്കും ഷോപ്പിംഗിനും മക്കൾ പഠിക്കുന്ന വിദ്യാലയ മേലധികാരികളുടെയും സഹപ്രവർത്തകരുടെയും മുന്നിലും സുഗന്ധം പൂശി അവർ വരുന്നു. സുഗന്ധം ഉപയോഗിച്ചു കൊണ്ട് സ്ത്രീ പള്ളിയിലേക്കു വരുന്നതു പോലും നബി ﷺ കഠിനമായി ശാസിച്ചിരിക്കുന്നു:

((أيمـــا امـــرأة تطيبت ثم خرجت إلى المسجد ليوجد ريحها لم يقبل منها صـــلاة حتى تغتسل اغتسالها من الجنابة)) رواه الإمام أحمد ٢/٤٤٤، صحيح الجامع ٢٧٠٣

**സുഗന്ധ വസ്തുക്കൾ ഉപയോഗിച്ചവൾ അതിന്റെ സുഗന്ധം വമിക്കുന്ന രൂപത്തിൽ പള്ളിയിലേക്കു പുറപ്പെടുന്നുവെങ്കിൽ ജനാബത്ത് കുളിച്ചു ശുദ്ധിയാകുന്ന രൂപത്തിൽ കുളിച്ചു വൃത്തിയായാലല്ലാതെ അവളിൽ നിന്ന് ഒരു നമസ്കാരവും സ്വീകരിക്കപ്പെടുകയില്ല.** [അഹ്മദ്]

സ്ത്രീകളുപയോഗിക്കേണ്ട സുഗന്ധദ്രവ്യം വാസന കുറഞ്ഞതും നിറം കൂടുതലുള്ളതും ആയിരിക്കണമെന്നാണ് നബി ﷺ യുടെ നിർദ്ദേശം. ഈ നിർദ്ദേശം നടപ്പാക്കുക മാത്രമേ നമുക്ക് രക്ഷാമാർഗ്ഗമുള്ളൂ.

വിവാഹസദസ്സുകളിലും സ്ത്രീകൾ ഒരുമിച്ചുകൂടുന്ന മറ്റവസരങ്ങളിലും സുഗന്ധമുപയോഗിച്ച ശേഷം അന്യരുടെ അരികിലൂടെ കടന്നുപോകുന്നവർ ഈ അപകടത്തെ കുറിച്ചു ചിന്തിക്കാറില്ല. സമൂഹത്തിലെ വിവരമില്ലാത്ത സ്ത്രീ പുരുഷന്മാരുടെ ചെയ്തികൾ നിമിത്തം സ്വാലിഹീങ്ങൾ ശിക്ഷിക്കപ്പെടാതിരിക്കാൻ അല്ലാഹുവിൽ ശരണം.

## സ്ത്രീ ഒറ്റക്കു യാത്ര ചെയ്യൽ

നബി ﷺ പറഞ്ഞു:

(لا تسافر المرأة إلا مع ذي محرم) البخاري ومسلم

**മഹ്റമിന്റെ (വിവാഹം കഴിക്കൽ നിഷിദ്ധമായവർ) കൂടെയല്ലാതെ ഒരു സ്ത്രീ തനിച്ചുയാത്രചെയ്യരുത്.** [ബുഖാരി-മുസ്‌ലിം]

ഇത് ഹജ്ജ് അടക്കമുള്ള എല്ലാ യാത്രയുടെയും നിബന്ധനയാണ്. സ്ത്രീയുടെ ഒറ്റക്കുള്ള യാത്രയിൽ അവളുടെ സ്ത്രീ സഹജമായ ദൗർബല്യം ചൂഷണം ചെയ്യപ്പെടുകയും അവളുടെ അഭിമാനത്തിനു കോട്ടംവരുത്തത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യാൻ തെമ്മാടികൾക്ക് അവസരമുണ്ടാകുന്നു. വിമാനയാത്ര പോലും അതിനപവാദമല്ല. യാത്രയയക്കുന്നിടത്തും ചെന്നെത്തുന്നിടത്തും ആളുകൾ കാത്തിരുന്നാൽ പോലും അപായ സാദ്ധ്യത തള്ളിക്കളയാൻ കഴിയില്ല. കാരണം, സഞ്ചാര മദ്ധ്യെ വരുന്ന അപ്രതീക്ഷിത കാരണങ്ങളാൽ വിമാനം നിശ്ചിത താവളങ്ങളിലല്ലാതെ ഇറങ്ങുകയും താമസിക്കുകയും ചെയ്യാറുണ്ട്. ഇങ്ങനെ വന്നാലുള്ള അവസ്ഥയെ ക്കുറിച്ചു ചിന്തിക്കാവുന്നതേയുള്ളൂ.

അവളുടെ കൂടെയുണ്ടായിരിക്കേണ്ട മഹ്റം പ്രായപൂർത്തിയായവനും ബുദ്ധിയുള്ളവനുമായിരിക്കണം. നബിﷺ പറയുന്നു:

((...أبوها أو ابنها أو زوجها أو أخوها أو ذو محرم منها))مسلم ٩٧٧/٢

**(അവർ) അവളുടെ പിതാവ്, പുത്രൻ, ഭർത്താവ്, സഹോദരൻ എന്നിവരോ മറ്റുരൂപത്തിൽ അവളെ വിവാഹം കഴിക്കൽ നിഷിദ്ധമായവരോ ആയിരിക്കണം.** [മുസ്ലിം]

## അന്യസ്ത്രീകളെ നോക്കൽ

അല്ലാഹു പറയുന്നു:

﴿قُلْ لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ﴾ (النور: ٣٠)

**(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെ ക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു.** [വിഖു. 24:30]

നബിﷺ പറഞ്ഞു:

((...فزنا العين النظر...)) رواه البخاري، فتح الباري ١١/باب ١٢ رقم ٦٢٤٣

**(അല്ലാഹു ഹറാമാക്കിയതിനെ) നോക്കലാണ് കണ്ണു കൊണ്ടുള്ള വ്യഭിചാരം.** [ബുഖാരി]

അതുപോലെത്തന്നെ സ്ത്രീ പുരുഷനെ നോക്കുന്നതും വിലക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿وَقُلْ لِلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ..﴾ (النور:٣١)

**സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും നീ പറയുക...**[വി.ഖു. 24:31]

ചികിത്സാർത്ഥം രോഗിയായ സ്ത്രീയെ നോക്കുക, വിവാഹാവശ്യാർത്ഥം സ്ത്രീയെ കാണുക എന്നിവയയെല്ലാം ഇതിൽ നിന്ന് ഒഴിവാകുന്നു. സ്ത്രീകൾ പരസ്പരവും പുരുഷന്മാർ പരസ്പരവും ഗുഹ്യഭാഗങ്ങൾ കാണുന്നതും, മറയോടു കൂടിയായാൽ പോലും തൊടുന്നതും നിഷിദ്ധമാണ്. സിനിമയിലും പത്രമാസികകളിലും വരുന്ന ചിത്രങ്ങൾ കണ്ടുകൊണ്ട് അവ യാഥാർത്ഥ്യമല്ലെന്ന വാദത്തോടെ ആസ്വദിക്കുന്നവർ പിശാചിൻെറ കയ്യിലെ കളിപ്പാട്ടങ്ങളാവുകയാണെന്ന് ഓർക്കുക. അവയിൽ നിന്നെല്ലാം ലൈംഗിക അരാജകത്വങ്ങൾക്ക് പ്രചോദനം ലഭിക്കുകയും കുഴപ്പങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നുണ്ടെന്നത് നഗ്നമായ യാഥാർത്ഥ്യമാണ്.

## വീട്ടുകാരിയെ അന്യർക്ക് കൂട്ടിക്കൊടുക്കുന്നവൻ

നബി ﷺ പറഞ്ഞു:

عـــن ابن عمر مرفوعا: ((ثلاثة قد حرّم الله عليهم الجنة: مدمن الخمر والعـــاق والديّوث الذي يقرّ في أهله الخبث)) رواه الإمام أحمد ٦٩/٢، صحيح الجامع ٣٠٤٧

**നിത്യ മദ്യപാനി, മാതാപിതാക്കൾക്കു നന്മചെയ്യാത്തവൻ, കുടുംബത്തിൽ അനാവശ്യത്തിനു കൂട്ടുനിൽക്കുന്നവൻ എന്നീ മൂന്നു വിഭാഗക്കാർക്ക് അല്ലാഹു സ്വർഗ്ഗം നിഷിദ്ധമാക്കിയിരിക്കുന്നു.** [അഹ്മദ്]

വീട്ടിലെ സ്ത്രീകളെ അന്യപുരുഷരുമായി അനുരാഗവർത്തമാനങ്ങൾക്ക് അനുവദിക്കുന്നതും അന്യപുരുഷന്മാർക്കും സ്ത്രീകൾക്കും വീട്ടിലെ സ്ത്രീ പുരുഷരുമായി സല്ലപിക്കുന്നതിനു സൗകര്യം ചെയ്തുകൊടുക്കലും പർദ്ദ (ഹിജാബ്) കൂടാതെ പുറത്തിറങ്ങാന വരെ സമ്മതിക്കുന്നതും സിനിമകളും പത്രമാസികകൾ മുഖേന ഗൃഹാന്തരീക്ഷം മലിനമാക്കുന്നതും കൂട്ടിക്കൊടുപ്പിന്റെ ആധുനിക രൂപങ്ങളാണ്.

# വ്യാജ പിതൃത്വം, പിതൃത്വം നിഷേധിക്കൽ

വ്യാജ പിതൃത്വവും വ്യാജത്തറവാടും അവകാശപ്പെടൽ മതദൃഷ്ട്യാ നിഷിദ്ധമാണ്. ഭൗതിക നേട്ടങ്ങൾക്കായി ഔദ്യോഗിക രേഖകളിൽ ചിലർ വ്യാജപിതൃത്വവും ഗോത്രവും എഴുതിച്ചേർക്കാറുണ്ട്. മറ്റു ചിലർ ചെറു പ്രായത്തിൽ, തന്നെ കയ്യൊഴിച്ചു പോയ പിതാവിനോട് പ്രതികാരം തീർക്കാനായി ഇങ്ങനെ ചെയ്യാറുണ്ട്. ഏതുവിധേനയായാലും ഇതു നിഷിദ്ധം തന്നെയാണ്. ഇതു മുഖേന സാമൂഹ്യജീവിതത്തിലെ പരമപ്രധാനമായ വിവാഹം, അനന്തരാവകാശം, വിവാഹം നിഷിദ്ധമായ വർക്കിടയിലെ കല്യാണം തുടങ്ങിയ കാര്യങ്ങളിൽ പ്രശ്നങ്ങളുണ്ടായിത്തീരും. നബിﷺ പറഞ്ഞു:

عـن سعد وابي بكرة رضي الله عنهما مرفوعا(( من ادّعى إلى غير أبيه وهو يعلم، فالجنة عليه حرام)) رواه البخاري، فتح الباري ٨/٤٥

**ആരെങ്കിലും അറിഞ്ഞു കൊണ്ട് വ്യാജ പിതൃത്വം അവകാശപ്പെട്ടാൽ അവനു മേൽ സ്വർഗ്ഗം നിഷിദ്ധമാകുന്നു.** ബുഖാരി

ചിലർ ഭാര്യയുമായി അഭിപ്രായ വ്യത്യാസമുണ്ടായാൽ ഒരു തെളിവും കൂടാതെ കുഞ്ഞിന്റെ പിതൃത്വം തള്ളിപ്പറയാറുണ്ട്. ചില സ്ത്രീകൾ പരപുരുഷ ബന്ധത്തിലൂടെയുണ്ടായ കുഞ്ഞിനെ ഭർത്താവിന്റെ തറവാട്ടിലേക്കു ചേർത്തി അവനെ വഞ്ചിക്കാറുമുണ്ട് ഈ രണ്ടു കാര്യങ്ങളെ കുറിച്ചും ശക്തമായ താക്കീതാണ് ഇസ്ലാം നൽകിയിട്ടുള്ളത്. പാതിവൃത്യത്തിൽ സംശയംതോന്നുക കാരണം പരസ്പരം ശാപപ്രാർത്ഥന ചൊല്ലി പിരിയുന്ന ദമ്പതികളുടെ

കാര്യത്തിൽ ഖുർആനിൻെറ വചനം അവതരിപ്പിക്കപ്പെട്ട ശേഷം നബിﷺ ഇങ്ങനെ പറയുകയുണ്ടായി:

(أيما امـرأة أدخلت على قوم من ليس منهم فليست من الله في شيء ولن يدخلها الله جنـته، وأيما رجل جحد ولده وهو ينظر إليه احتجب الله منه وفضحه على رؤوس الأولين والآخرين) رواه أبوداود ٢/٦٩٥، مشكوة المصابيح ٣٣١٦

ഏതൊരു സ്ത്രീ ഒരു സമൂഹത്തിലേക്ക് അവരിലുൾപെടാത്തവരെ പ്രവേശിപ്പിച്ചുവോ അവൾ അല്ലാഹുവിൻെറ പക്കൽ ഒന്നുമല്ല. അവളെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയുമില്ല. ഏതൊരു പുരുഷൻ തൻെറ കുഞ്ഞിൻെറ പിതൃത്വം അവനെ നോക്കിക്കൊണ്ട് നിഷേധിക്കുന്നുവോ അല്ലാഹു അവനിൽ നിന്നു മറയിട്ടു നിൽക്കുകയും സകലസൃഷ്ടികളുടെയും മുന്നിൽ വച്ചു അവനെ അപമാനിക്കുകയും ചെയ്യുന്നതാണ്. [അബൂദാവൂദ്]

## പലിശ ഭുജിക്കൽ

അല്ലാഹു അവൻെറ ഗ്രന്ഥത്തിലൂടെ യുദ്ധപ്രഖ്യാപനം നടത്തിയിട്ടുള്ള ഒരു വിഭാഗമാണ് പലിശ ഭക്ഷിക്കുന്നവർ. അല്ലാഹു പറയുന്നു:

﴿يَـا أَيُّهَـا الَّذِينَ آمَنُوا اتَّقُوا اللَّهَ وَذَرُوا مَا بَقِيَ مِنَ الرِّبَوا إِنْ كُنْـتُمْ مُؤْمِنِيـنَ، فَإِنْ لَمْ تَفْعَلُوا فَأْذَنُوا بِحَرْبٍ مِنَ اللَّهِ وَرَسُولِهِ...﴾ (البقرة:٢٧٨-٢٧٩)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, പലിശവകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടുകളയുകയും ചെയ്യേണ്ടതാണ്. നിങ്ങൾ (യഥാർത്ഥ) വിശ്വാസികളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിൻെറയും റസൂലിൻെറയും പക്ഷത്തു നിന്ന് (നിങ്ങൾക്കെതിരിലുള്ള) സമര പ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞു കൊള്ളുക...[വി.ഖു. 2:278-279]

പലിശയുമായി ബന്ധപ്പെട്ട വ്യക്തികൾക്കും രാജ്യങ്ങൾക്കും സംഭവിച്ചിട്ടുള്ള സാമ്പത്തിക തകർച്ചയും മരവിപ്പും തൊഴിലില്ലായ്മയും അവരകപ്പെട്ട കടക്കെണിയും കമ്പനികളുടെയും കച്ചവട സ്ഥാപനങ്ങളുടെയും പതനവും നിശ്ചലതയും പഠന വിധേയമാക്കി

യാൽ പലിശയെന്ന ദുർഭൂതത്തിന്റെ നീരാളിപ്പിടുത്തത്തെ കുറിച്ച് ആർക്കും മനസ്സിലാകും. അദ്ധ്വാനത്തിന്റെ വിയർപ്പു തുള്ളികൾ പലിശയുടെ കടം തീർക്കാൻ അപര്യാപ്തമായതിന്റെ പേരിൽ മനുഷ്യർ ജണബാധ്യതയുടെ പടുകുഴിയിലേക്ക് അതി ദയനീയമായി വീണ്ടും വീണ്ടും പതിച്ചു കൊണ്ടിരിക്കുന്നു. ചുരുക്കം ചിലരിൽ മാത്രമായി ധനം കുമിഞ്ഞു കൂടുകയും ജനങ്ങളിൽ ഉള്ളവന്റെയും ഇല്ലാത്തവന്റെയും ഇടയിലുള്ള അന്തരം വർദ്ധിക്കുകയും, സാമ്പത്തികമായി വിവിധ തട്ടുകാർ സമൂഹത്തിൽ ഉടലെടുത്തു കൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു പലിശക്കെതിരെ പ്രഖ്യാപിച്ച യുദ്ധത്തിന്റെ ആക്രമണ മുഖങ്ങളിൽ ഒന്നായിരിക്കുമോ ഇത്? ആർക്കറിയാം?

പലിശയുമായി ബന്ധപ്പെടുന്ന ഇരുകക്ഷികളും അവരുടെ സഹായികളും ശപിക്കപ്പെട്ടവരാണെന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം:

عن جابر قال:((لعن رسول الله ﷺ آكل الربا وموكله وكاتبه وشاهديه، قال : هم سواء)) رواه مسلم ٣/١٢١٩

ജാബിർ (റ) നിവേദനം; പലിശ ഭക്ഷിക്കുന്നവനെയും ഭക്ഷിപ്പിക്കുന്നവനെയും എഴുത്തുകാരനെയും സാക്ഷികളെയും നബി ﷺ ശപിച്ചിരിക്കുന്നു. നബി ﷺ പറഞ്ഞു: (പാപത്തിൽ) അവരെല്ലാം സമന്മാരാകുന്നു (മുസ്‌ലിം)

പലിശ ഇടപാടുമായി ബന്ധപ്പെടുന്ന സഹായികളും മദ്ധ്യവർത്തികളും പലിശ സ്ഥാപനങ്ങളിലെ കാവലും സൂക്ഷിപ്പും കണക്കുകളും ബുക്കുകളും മേൽനോട്ടങ്ങളും ശപിക്കപ്പെട്ടവയാണെന്നാണ് ഈ ഹദീഥ് നൽകുന്ന പാഠം. പലിശക്കു സഹായകമായി വരുന്ന ജോലി എന്തായാലും അത് നിഷിദ്ധമാണെന്നു മനസ്സിലാക്കാം.

പലിശയുടെ മ്ളേച്ഛതയെ അനാവരണം ചെയ്യുന്ന നബിവചനം ഇങ്ങനെ വായിക്കാം:

عن عبد الله بن مسعود مرفوعا:(( الربا ثلاثة وسبعون بابا، أيسرها مثل أن ينكح الرجل أمه ،إنّ أربى الربا عرض الرجل المسلم)) رواه الحاكم في المستدرك ٣٧/٢، في صحيح الجامع ٣٥٣٣

പലിശ എഴുപത്തിമൂന്ന് വിഭാഗമുണ്ട്. അതിലേറ്റവും നിസ്സാരമായത് മാതാവിന്റെ കൂടെ രമിക്കുന്നതിനു തുല്യവും

**ഗുരുതരമായത് ഒരു മുസ്‌ലിമിൻെറ അഭിമാനം (ക്ഷത മേൽക്കുന്നതു) പോലെയുമാകുന്നു.** [ഹാകിം]

അബ്ദുല്ലാഹിബ്നു ഹൻദ്വലയിൽ നിന്നുള്ള റിപ്പോർട്ടിൽ:

((درهم ربا يأكله الرجل وهو يعلم أشدّ من ستة وثلاثين زنية)) رواه الإمام أحمد ٥/٢٢٥، صحيح الجامع ٣٣٧٥

**അറിഞ്ഞുകൊണ്ട് ഒരാൾ പലിശയുടെ ഒരു ദിർഹം ഭക്ഷിക്കുന്നത് മുപ്പത്തിയാറു പ്രാവശ്യം വ്യഭിചരിക്കുന്നതിനെക്കാൾ ഗുരുതരമാണ്.** [അഹ്മദ്]

പലിശ സമയബന്ധിതമായി നിരോധിക്കപ്പെട്ടതല്ല. ധനിക ദരിദ്ര വ്യത്യാസമന്യെ സാർവ്വകാലികവും സർവ്വജനീനമായും നിരോധിക്കപ്പെട്ടിരിക്കയാണ്. പലിശ കാരണമായി തകർന്നിട്ടുള്ള ധനികരും വ്യാപാരികളും ചരിത്രത്തിൻെറ ചവറ്റുകൊട്ടയിൽ അനേകമാണ്. മൂലധനത്തെക്കാൾ അധികമായി പലിശവന്നാൽ ധനം ചുരുങ്ങിപ്പോവുകയായിരിക്കും ഫലമെന്ന് നബിﷺ ലോകത്തെ പഠിപ്പിച്ചിരിക്കുന്നു

قـال النبي ﷺ (( الربا وإن كثر فإن عاقبته تصير إلى قلّ )) رواه الحاكم ٢/ ٣٧، صحيح الجامع ٣٥٤٢

**പലിശ അധികമായാൽ പിന്നെ (മൂലധനം) കുറഞ്ഞു പോകലാണ് അതിൻെറ ഫലം.** [ഹാകിം]

പലിശയുടെ ശതമാനത്തിലുള്ള ഏറ്റക്കുറവുകളല്ല അതിനെ നിഷിദ്ധമാക്കുന്നത്. ഇങ്ങിനെ ചിന്തിക്കുന്ന വിവര ദോഷികളെയും ലോകത്ത് കണ്ടേക്കാം. പലിശയെത്ര കുറഞ്ഞാലും അത് നിഷിദ്ധം തന്നെയാണ്. ഒരാളുടെ സമ്പത്തുമായി പലിശ കലർന്നാൽ ധനത്തിലെ അനുഗ്രഹം (ബർകത്) മായ്ക്കപ്പെടുമെന്ന് നബിﷺ പറഞ്ഞിരിക്കുന്നു.

പലിശ തിന്നവൻ ഖബ്റിൽ നിന്ന് ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന നാളിൽ പിശാച് ബാധയേറ്റവനെപ്പോലെ, വീണും എണീറ്റും വീണ്ടും ഇങ്ങിനെ ആവർത്തിച്ചു കൊണ്ടുമാണ് വരികയെന്ന് ഖുർആൻ താക്കീതു ചെയ്തിരിക്കുന്നു. ഈ മഹാവിപത്തിൽ നിന്നു രക്ഷപ്പെടുവാനും പശ്ചാത്തപിക്കുവാനും ഖുർആൻ പഠിപ്പിക്കുന്ന മാർഗ്ഗം, മൂലധനം മാത്രം സ്വീകരിച്ചുകൊണ്ട് പലിശ ഒഴിവാക്കണമെന്നാണ്. അല്ലാഹു പറയുന്നു:

﴿...فَإِنْ تُبْتُمْ فَلَكُمْ رُءُوسُ أَمْوَالِكُمْ لَا تَظْلِمُونَ وَلَا تُظْلَمُونَ﴾
(البقرة:٢٧٩)

**നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്കു തന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്. നിങ്ങൾ അക്രമിക്കപ്പെടുകയും അരുത്.**
[വി.ഖു. 2:279]

നീതിയുടെ പൂർണ്ണതയിലെത്തി നിൽക്കുന്ന ഇസ്‌ലാം ഇവിടെയും അതിൻെറ ശ്രേഷ്ഠത കാണിച്ചുതന്നു.

ഒരു സത്യവിശ്വാസി ഈ വൻപാപത്തെ വെറുക്കുകയും അതിൻെറ നാശത്തെക്കുറിച്ചു ഭയപ്പെടുകയും വേണം. മോഷണ മോ മറ്റേതെങ്കിലും വഴിയിലൂടെയോ ധനത്തിനു സുരക്ഷിതത്വം നഷ്ടപ്പെടുമെന്ന് ഭയപ്പെടുന്നതിനാൽ, പലിശ ബേങ്കുകളുമായി ഇടപാടു നടത്തുന്നവരും നിക്ഷേപിക്കുന്നവരും, തങ്ങൾ ശവം തിന്നുന്നതു പോലെ നിർബന്ധിതാവസ്ഥയിൽ ചെയ്യുകയാണെ ന്നോർക്കുകയും പശ്ചാത്തപിക്കുകയും ചെയ്യേണ്ടതാണ്. അതോ ടൊപ്പം തന്നെ ഇതിനൊരു ബദൽ സംവിധാനത്തെക്കുറിച്ചു സഗൗ രവം ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. ഇങ്ങനെ നിക്ഷേ പിച്ചവരുടെ കണക്കുകളിൽ പലിശ രേഖപ്പെടുത്തപ്പെട്ടാൽ അതു സ്വീകരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അത്തരം പലിശ ദാനം ചെയ്തേക്കാമെന്ന് ചിലർ വിചാരിക്കുന്നു. എന്നാൽ അല്ലാഹു നല്ല വനാണ്, നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല എന്നോർക്കണം. അതുപോലെ തന്നെ ഭക്ഷണപാനീയങ്ങൾ,വസ്ത്രങ്ങൾ,വീട്ടുപക രണങ്ങൾ,വാഹനങ്ങൾ എന്നിവക്കു വേണ്ടിയോ നികുതി, സകാത് എന്നീ ഇനങ്ങൾ കൊടുത്തു വീട്ടുവാനോ ഉപയോഗിക്കാവതല്ല പലിശ. കാരണം, ചെലവഴിക്കുന്ന മാർഗ്ഗം ശുദ്ധമായതുകൊണ്ട് നിഷിദ്ധ മാർഗ്ഗത്തിലൂടെയുള്ള സമ്പാദ്യം, ശുദ്ധീകരിക്കപ്പെടുകയില്ല. അല്ലാഹുവിനെ കുറിച്ചുള്ള ഭയഭക്തി ഒന്നുകൊണ്ടു മാത്രമേ പലിശയിൽ നിന്നു രക്ഷപ്പെടാൻ കഴിയുകയുള്ളൂ. അല്ലാഹുവിൽ ശരണം.

# കച്ചവടത്തിലെ വഞ്ചന

ഭക്ഷ്യവസ്തുക്കൾ കൂമ്പാരമാക്കി വെച്ചതിന്നരികിലൂടെ നടന്നു പോയ പ്രവാചകൻ ﷺ അ കൂമ്പാരത്തിലൊന്നു കൈ താഴ്ത്തിനോക്കി. ഉൾഭാഗം നനഞ്ഞതായി അനുഭവപ്പെട്ട നബി ﷺ ഉടമസ്ഥനോട് ചോദിച്ചു:

((ما هذا يا صاحب الطعام؟))

**ഭക്ഷണ വിൽപനക്കാരാ, എന്താണിത്? കച്ചവടക്കാരൻ: പ്രവാചകരേ, മഴ നനഞ്ഞതാണ്.** നബി:

((أفلا جعلته فوق الطعام كي يراه الناس؟ من غشنا فليس منا)) مسلم ٩٩/١

**ജനങ്ങൾ കാണത്തക്ക രൂപത്തിൽ നീയതെന്തുകൊണ്ട് മുകളിൽവെക്കുന്നില്ല?നമ്മെ വഞ്ചിക്കുന്നവൻ നമ്മിൽ പെട്ടവനല്ല.** (മുസ്ലിം)

അല്ലാഹുവിനെ ഭയപ്പെടാത്ത കച്ചവടക്കാരുടെ വഞ്ചനകൾ പല വിധമാണ്. കേടുവന്നവ പെട്ടികൾക്കടിയിലാക്കി പായ്ക്കു ചെയ്യുക, രാസപദാർത്ഥങ്ങൾ കൊണ്ട് നിറം നൽകുക, പൊട്ടിയ വസ്തുവിൻെറ ശബ്ദം തിരിച്ചറിയാതിരിക്കാൻ സംഗീതത്തിൻെറ ശബ്ദം കടയിലുണ്ടാക്കുക, നിറം തിരിച്ചറിയാതിരിക്കാൻ വർണ്ണ ബൾബുകൾ ഉപയോഗിക്കുക. ഇങ്ങനെ വാങ്ങുന്ന സാധനങ്ങൾ പെട്ടെന്ന് കേടുവരികയും ഉപയോക്താവിനു കനത്ത നഷ്ടം വരികയും ചെയ്യുന്നു.

ചിലർ വസ്തു ഉപയോഗിക്കുന്നതിനു അനുവദിക്കപ്പെട്ട തിയ്യതി മാറ്റി വിൽക്കുമ്പോൾ മറ്റു ചിലർ സാധനത്തിൻെറ കേടുപാടുകൾ നോക്കാൻ പോലും സമ്മതിക്കാതെ വഞ്ചിക്കുന്നു. ഇങ്ങനെ കേടുപാടുകൾ വ്യക്തമാക്കാതെയുള്ള കച്ചവടം ഹറാമാണ്. നബി ﷺ പറഞ്ഞു:

((المسلم أخو المسلم، ولا يحل لمسلم باع من أخيه بيعا فيه عيب إلا بينه له)) رواه ابن ماجه ٧٥٤/٢، صحيح الجامع ٦٧٠٥

**മുസ്ലിംകൾ പരസ്പരം സഹോദരങ്ങളാകുന്നു. കച്ചവടച്ചരക്കിൻെറ പോരായ്മകൾ വിശദീകരിക്കാതെ വിൽപന നടത്തൽ മുസ്ലിമിന് അനുവദനീയമല്ല.** (ഇബ്നുമാജ)

കച്ചവടക്കാരിൽ ചിലർ കേടുപാടുകൾ വിശദമാക്കുന്നതിനു പകരം 'ഈ കാണുന്ന വസ്തു' എന്നു മൊത്തത്തിൽ പറഞ്ഞു കൊണ്ട് ഭക്ഷ്യവസ്തുക്കളും വാഹനങ്ങളുമെല്ലാം വിൽപന നടത്താറുണ്ട്. ഇങ്ങനെ ചെയ്താൽ തങ്ങളിലർപ്പിതമായ ബാധ്യത തീർന്നു എന്നവർ വിശ്വസിക്കുന്നു. ഇത്തരം കച്ചവടങ്ങളെ കുറിച്ചു നബിﷺ പറയുന്നു:

((البيّعان بالخيار ما لم يتفرّقا فإن صدقا وبيّنا بورك لهما في بيعهما وإن كذبا وكتما محقت بركة بيعهما)) رواه البخاري، فتح الباري ٣٢٨/٤

**കച്ചവടത്തിലെ കക്ഷികൾ സ്ഥലം വിടാത്തപ്പോൾ കച്ചവടം ഒഴിയാനുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരിക്കുന്നു. സത്യംപറഞ്ഞു,കേടുപാടുകൾ വിശദമാക്കിക്കൊണ്ടാണ് കച്ചവടം നടന്നതെങ്കിൽ രണ്ടു പേർക്കും അനുഗ്രഹം (ബർകത്) നൽകപ്പെടും. കളവു പറഞ്ഞു, കേടുപാടുകൾ മറച്ചു വച്ചുകൊണ്ടാണ് വിൽപന നടത്തിയതെങ്കിൽ അനുഗ്രഹം മായ്ക്കപ്പെടും.** (ബുഖാരി)

## കൊള്ളലാഭം

തനിക്കാവശ്യമില്ലാത്ത വസ്തുവാണെങ്കിലും അന്യനെ ചതിക്കുകയോ പറ്റിക്കുകയോ ചെയ്യുന്നതിനായി മാത്രം ചരക്കിനു വിലകയറ്റിപ്പറയുന്ന ചീത്തസമ്പ്രദായം മനുഷ്യരിൽ കണ്ടുവരുന്നു. അതിനെ ഇസ്ലാം വിലക്കിയിട്ടുണ്ട്. നബിﷺ പറഞ്ഞു:

((لا تناجشوا)) رواه البخاري، فتح الباري ٤٨٤/١٠

**നിങ്ങൾ പരസ്പരം വിലകയറ്റിപ്പറയരുത്.** (ബുഖാരി)

ഇങ്ങനെ ഒരാളെ വഞ്ചിക്കുന്ന പ്രവൃത്തിയുടെ അനന്തര ഫലം നരകമാണെന്ന നബിﷺയുടെ താക്കീത് നാം കണക്കിലെടുക്കാറില്ല. നബിﷺ പറഞ്ഞു:

((المكر والخديعة في النار)) سلسلة الأحاديث الصحيحة ١٠٥٧

**എല്ലാ കുതന്ത്രങ്ങളും വഞ്ചനകളും നരകത്തിലാണ്.**

സാധനങ്ങൾ വിൽക്കാനും വാങ്ങുന്നതിനുമായി പരസ്യലേല സ്ഥലങ്ങളിലും ഡിപ്പോകളിലും വാഹന ഷോറൂമുകളിലും എത്തുന്ന കച്ചവടക്കാരെ വഞ്ചിക്കുന്നതിനായി സന്ദർഭത്തിനനുസരിച്ച

വില വർദ്ധിപ്പിക്കുകയും കുറക്കുകയും ചെയ്യുന്ന ദല്ലാലുമാർ (ബ്രോക്കർ) ഇന്നത്തെ നിത്യക്കാഴ്ചയാണ്. ഇതു വഴി ഇവർ സമ്പാദിക്കുന്ന കൃത്രിമധനം നിഷിദ്ധമായ ഭക്ഷണമാണ്. കാരണം, അവരുടെ ഈ പ്രവൃത്തി മുഖേന അല്ലാഹുവിനെയും അവന്റെ അടിമകളെയുംവഞ്ചിക്കുകയാണിവർ ചെയ്യുന്നത്.

## ജുമുഅഃക്കു ബാങ്കു വിളിച്ചതിനു ശേഷമുള്ള കച്ചവടം

അല്ലാഹു പറയുന്നു:

﴿يَـــا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَوٰةِ مِنْ يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ وَذَرُوا الْبَيْعَ، ذَٰلِكُمْ خَيْرٌ لَكُمْ إِنْ كُنْتُمْ تَعْلَمُونَ﴾ (الجمعة:٩)

**സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിനു വിളിക്കപ്പെട്ടാൽ അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിലേക്കു നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ.** [വി.ഖു. 62:9]

വെള്ളിയാഴ്ച ബാങ്കിനു ശേഷം വ്യാപാരം തുടരുന്ന കച്ചവടക്കാരനും അവനോട് വളരെ നിസ്സാരമായ ഒരു വസ്തു- പല്ലുതേക്കാനുപയോഗിക്കുന്ന അറാക്കിന്റെ ഒരു കഷ്ണം-വെങ്കിലും വാങ്ങുന്ന ഉപയോക്താവും ഈ തെറ്റിൽ പങ്കാളികളാണ്. കാരണം, ബാങ്കിനു ശേഷം കച്ചവടം ചെയ്താൽ, ആ കച്ചവടം സ്വീകാര്യമല്ലെന്നാണ് ഭൂരിപക്ഷം പണ്ഢിതരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ചിലർ പള്ളികളുടെ മുന്നിൽ വച്ചു പോലും കച്ചവടം ചെയ്യാൻ ധൈര്യപ്പെടാറുണ്ട്.

ചില കച്ചവടസ്ഥാപന ഉടമകൾ ബാങ്കിനു ശേഷവും വ്യാപാരം നടത്താൻ തൊഴിലാളികളെ നിർബന്ധിക്കാറുണ്ട്. പ്രത്യക്ഷത്തിൽ അവർക്ക് ഇതുകൊണ്ട് ലാഭം ഉണ്ടാക്കാമെങ്കിലും, അവർ തീരാനഷ്ടമാണുണ്ടാക്കുന്നതെന്ന് ആലോചിച്ചാൽ അറിയാം. ഇത്തരം ജോലികൾ ചെയ്യാൻ നിർബന്ധിതരാകുന്ന തൊഴിലാളികളും ഇക്കാര്യ

ത്തിൽ നബിﷺ യുടെ കൽപനയനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്. നബിﷺ പറഞ്ഞു:

((لا طاعـة لبشـر في معصية الله)) رواه أحمد ١/١٢٩، وقال أحمد شاكر إسناده صحيح رقم ١٠٦٥ (أصل الحديث في الصحيحين)

**അല്ലാഹുവിനെ ധിക്കരിച്ചു കൊണ്ട് ഒരു മനുഷ്യനെയും അനുസരിക്കേണ്ടതില്ല.** [അഹ്മദ്]

## ചൂതാട്ടം

അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالأَنْصَابُ وَالأَزْلاَمُ رِجْسٌ مِنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ﴾ ((المائدة:٩٠)

**സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും, പ്രതിഷ്ഠകളും പ്രശ്നം വച്ചു നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ളേഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം.** [വി.ഖു. 5:90]

ജാഹിലിയ്യഃ കാലത്ത് അറബികൾക്കിടയിൽ ചൂതാട്ടം പ്രചരിച്ചിരുന്നു. പത്തുപേർ ഒരു ഒട്ടകത്തെ വാങ്ങുക. പത്തു നറുക്കുകളിൽ ചിലത് നമ്പറുള്ളതും ചിലത് നമ്പറില്ലാതെ പൂജ്യവും ആയിരിക്കും. പൂജ്യം കിട്ടിയവർക്ക് ഓഹരി ലഭിക്കില്ല. അവർ മുടക്കിയ പണം അവർക്ക് നഷ്ടം, മറ്റുള്ളവർക്ക് അതു കൂടി ലാഭം. ഇതായിരുന്നു അതിൻെറ രീതി. [നാട്ടിൻ പുറങ്ങളിൽ കണ്ടുവരുന്ന പലതരം നറുക്കെടുപ്പുകളും ഇതു തന്നെ. വിവഃ]

സാമൂഹ്യ സേവനത്തിൻെറ വേഷത്തിൽ പ്രത്യക്ഷപ്പെടാറുള്ള ആധുനിക ലോട്ടറികൾ നിഷിദ്ധമാക്കപ്പെട്ട ചൂതാട്ടമാകുന്നു. ഇതിന്നായി വിറ്റഴിക്കപ്പെടുന്ന നമ്പറുകൾ നറുക്കെടുപ്പിലൂടെ ഒന്നാം സമ്മാനം മുതൽ വിവിധ തോതിലുള്ള സമ്മാനങ്ങൾ ജനങ്ങൾക്കു വാഗ്ദത്തം ചെയ്യുന്നു. വ്യാപാരസ്ഥാപനങ്ങൾ ചിലപ്പോൾ നമ്പറുകൾ വസ്തുക്കളുടെ പാക്കറ്റുകൾക്കുള്ളിലാക്കി വച്ചു വിൽപന നടത്തുമ്പോൾ മറ്റുചിലർ സമ്മാന കൂപ്പണുകളായി വിതരണംചെയ്യുന്നു. അവസാ

നം നറുക്കെടുപ്പിലൂടെ ഭാഗ്യ നിർഭാഗ്യവാന്മാരെ നിശ്ചയിക്കുന്ന ഇതും ചൂതാട്ടത്തിൻെറ ഒരു ഭാഗം തന്നെയാണ്.

ഇൻഷുറൻസ് ചൂതാട്ടത്തിൻെറ മറ്റൊരു രൂപമാണ്. ജീവൻ, സ്വത്ത്, ഗായകന്മാരുടെ ശബ്ദം, സ്പോർട്സ് താരങ്ങളുടെ അവയവങ്ങൾ എന്നിവ ഇന്ന് ഇൻഷുറൻസ് കമ്പനികളുടെ കൈകളിൽ ഏൽപി ക്കപ്പെട്ട സ്വത്തുക്കളാണ്. ഇവയെല്ലാം ഖുർആൻ പറഞ്ഞ മൈസിർ എന്ന പദത്തിൽ മൊത്തമായി ഉൾപെടുന്നു.

ഇതിന്നായി ഗ്രീൻടേബിളുകൾ എന്നപേരിൽ ഇന്ന് പ്രത്യേക ക്ലബുകൾ തന്നെകാണാം. മത്സരസ്ഥലങ്ങളിൽ കാണികൾ പരസ്പരം ബെറ്റുവക്കുന്നതും ചൂതാട്ടമാകുന്നു. വിനോദ, ഉല്ലാസ കേന്ദ്രങ്ങളിൽ 'ഫിലിബ്രിസ്' എന്ന പേരിൽ നടക്കുന്ന കളികളും ചൂതാട്ടത്തിൻെറ ചെറിയ രൂപമത്രെ.

ഇസ്ലാമിക വീക്ഷണത്തിൽ മത്സരങ്ങൾ മൂന്നിനമാണെന്ന് കാ ണാവുന്നതാണ്.

1-**മതപരമായ ലക്ഷ്യങ്ങളുൾക്കൊള്ളുന്നവ:** ഖുർആൻ മനഃപാഠം (ഹിഫ്ദ്), അമ്പെയ്ത്ത് (ഷൂട്ടിംങ്), കുതിരപ്പന്തയം, ഒട്ടകപ്പന്തയം തുടങ്ങി ആരാധന മുറയുമായി ബന്ധപ്പെട്ടവ. ഈ മത്സരങ്ങൾ സമ്മാനത്തോടൊപ്പവും അല്ലാതെയും അനുവദനീയമാകുന്നു.

2-**അനുവദനീയമായ വിനോദങ്ങൾ:** ഓട്ടമത്സരങ്ങൾ, ഫുട്ബാൾ മത്സരങ്ങൾ തുടങ്ങിയവ. നമസ്കാരം പോലെയുള്ള ആരാധന കളെ ബാധിക്കാതെയും, നഗ്നത വെളിവാക്കാതെയുമാണെങ്കിൽ മാത്രം അനുവദനീയമാണ്. വിജയികൾക്കു പ്രതിഫലം നിശ്ചയി ക്കുന്നുവെങ്കിൽ നിഷിദ്ധവും നിശ്ചയിക്കാതെയാണെങ്കിൽ അനുവദനീയവുമാകുന്നു.

3-**നിഷിദ്ധമായ മത്സരങ്ങൾ:** സൗന്ദര്യ മത്സരം, ഗുസ്തി (മുഖത്ത് ആക്രമണം നടക്കുന്നതിനാൽ), കാള, കോഴി, ആട് എന്നീ മൃഗങ്ങ ളെ ഉപയോഗിച്ചുള്ള പോരുകൾ.

# മോഷണം

അല്ലാഹു പറയുന്നു:

﴿وَالسَّارِقُ وَالسَّارِقَةُ فَاقْطَعُوا أَيْدِيَهُمَا جَزَاءً بِمَا كَسَبَا نَكَالاً مِّنَ اللَّهِ وَاللَّهُ عَزِيزٌ حَكِيمٌ﴾ (المائدة:٣٨)

**മോഷ്ടിക്കുന്നവന്റെയും മോഷ്ടിക്കുന്നവളുടെയും കൈകൾ നിങ്ങൾ മുറിച്ചുകളയുക. അവർ സമ്പാദിച്ചതിന്നുള്ള പ്രതിഫലവും, അല്ലാഹുവിങ്കൽ നിന്നുള്ള മാതൃകാപരമായ ശിക്ഷയുമാണത്.അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.** [വി. ഖു. 5:38]

ഹജ്ജിനും ഉംറക്കും അല്ലാഹുവിന്റെ ഭവനത്തിലേക്കു വരുന്ന തീർത്ഥാടകരെ കൊള്ളയടിക്കുകയും മോഷ്ടിക്കുകയും ചെയ്യുന്നതാണ് ഏറ്റവും നീചമായ മോഷണം. പുണ്യഭൂമിയുടെയോ, പരിശുദ്ധ ഭവനത്തിന്റെയോ പവിത്രതക്കോ അല്ലാഹുവിന്റെ നിയമങ്ങൾക്കോ യാതൊരു വിലയും കൽപിക്കാത്തവരാണിവർ. ഗ്രഹണ നമസ്കാരസമയത്ത് നബിﷺക്ക് നരകം കാണിക്കപ്പെട്ടപ്പോൾ അദ്ദേഹം കാണാനിടയായ ഒരു ദൃശ്യം ഹദീഥിൽ ഇങ്ങനെ കാണാം:

((لقـد جيء بالنار وذلكم حين رأيتموني تأخرتُ مخافة أن يصيبني مـن لفحها، وحتى رأيت فيها صاحب المحجن يجر قصبه في النار، كان يسرق الحاج بمحجنه فإن فُطِنَ له قال: إنما تعلق بمحجني، وإن غفل عنه ذهب به)) رواه مسلم ٩٠٤

**ഞാൻ നമസ്കാരത്തിൽ പിന്നോട്ടു മാറിയപ്പോൾ എന്റെ മുന്നിൽ നരകം ഹാജറാക്കപ്പെട്ടിരുന്നു. അതിന്റെ ജ്വാല ഏൽക്കുമോ എന്നു ഭയന്നതിനാലാണ് ഞാൻ പിന്നോട്ടു മാറിയത്. വളഞ്ഞ ഒരു വടിയുടെ ഉടമ തന്റെ കുടൽമാലകൾ വലിച്ചിഴച്ചു കൊണ്ട് നരകത്തിലൂടെ നടക്കുന്നത് ഞാൻ കണ്ടു. തന്റെ ഈ തോട്ടികൊണ്ട് ഹാജിമാരുടെ വസ്തുക്കൾ മോഷ്ടിക്കുന്നവനായിരുന്നു അവൻ. ആൾക്കാരറിഞ്ഞാൽ താനറിയാതെ വടിയിൽ കൊളുത്തിപ്പോയ**

**താണെന്നു പറയും. അറിഞ്ഞില്ലെങ്കിൽ അവനതുമായി സ്ഥലം വിടുമായിരുന്നു.** (മുസ്‌ലിം)

പൊതുമുതൽ മോഷ്ടിക്കൽ ഇസ്‌ലാമിൻെറ വീക്ഷണത്തിൽ ഏറ്റവും കടുത്ത പാപമാണ്. പലരും സർക്കാർ മുതൽ മോഷ്ടിക്കുമ്പോൾ ഞങ്ങൾ മാത്രം എന്തിനു മോഷ്ടിക്കാതിരിക്കണം എന്നതാണ് ഇവരുടെ ന്യായീകരണം. എന്നാൽ മുഴുവൻ ജനങ്ങളുടെയും സമ്പത്തിലാണീ കയ്യേറ്റം നടത്തുന്നത് എന്നത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. അല്ലാഹുവിനെ ഭയപ്പെടാത്തവരുടെ പ്രവൃത്തികൾ ഒരിക്കലും ആർക്കും മാതൃകയാവുകയില്ല. അവരെ പിൻപറ്റുന്നവരുടെ പ്രവൃത്തികൾ ഒരിക്കലും പുണ്യകർമ്മവുമാവുകയില്ല.

ഒരാൾ കാഫിറാണെന്ന കാരണത്താൽ അവൻെറ ധനം മോഷ്ടിച്ചെടുക്കൽ അനുവദനീയമാണെന്ന് ചിലർ വിശ്വസിക്കുന്നു. യുദ്ധവേളയിലെ ശത്രുക്കളുടെ മുതൽ മാത്രമാണ് ഇസ്‌ലാം അനുവദനീയമാക്കിയത്. ഇന്നുള്ള കച്ചവടസ്ഥാപനങ്ങളോ കമ്പനികളോ ഈ ഇനത്തിൽ ഉൾപെടാത്തവയാണ്.

അപരൻെറ സമ്പത്ത് പോക്കറ്റടിച്ചു കൊണ്ടോ, വിലപിടിച്ച വസ്തുക്കൾ കച്ചവടസ്ഥാപനത്തിൽ നിന്നു വസ്ത്രത്തിനുള്ളിൽ മറച്ചുപിടിച്ചു കൊണ്ടോ മോഷ്ടിക്കുന്നവരുമുണ്ട്. സ്ത്രീകൾ പോലും ഇപ്പോൾ ഇങ്ങനെ ചെയ്തു വരുന്നു. വസ്തുവിൻെറ വിലക്കുറവോ നിസ്സാരതയോ ചിലരെ കളവിനായി പ്രേരിപ്പിക്കുന്നു. ഇങ്ങനെയുള്ളവരെ കുറിച്ച് ഹദീഥിൽ ഇങ്ങനെ കാണാം:

((لعن الله السارق يسرق البيضة فتقطع يدُهُ ويسرق الحبل فتقطع يدُهُ ))

رواه البخاري، فتح الباري ١٢/٨١

**ഒരു കോഴിമുട്ടയോ കയറോ മോഷ്ടിച്ച കാരണത്താൽ കൈ മുറിക്കപ്പെടുന്ന കള്ളനെ അല്ലാഹു ശപിച്ചിരിക്കുന്നു.**

മോഷണം നടത്തിയവർ നിർബന്ധമായും പശ്ചാത്തപിച്ചു മടങ്ങേണ്ടതാണ്. ഇതിൻെറ മുന്നോടിയായി ഇവർ മോഷ്ടിച്ച സാധനങ്ങൾ അതിൻെറ ഉടമസ്ഥർക്കോ, അവരില്ലെങ്കിൽ അനന്തരാവകാശികൾക്കോ നൽകണം. അവരും ഇല്ലെങ്കിൽ അതിൻെറ ഉടമക്ക് പ്രതിഫലം ലഭിക്കണമെന്ന നിയ്യത്തോടെ ദാനം ചെയ്യണം. തിരിച്ചു നൽകുന്നത് പരസ്യമായോ രഹസ്യമായോ മദ്ധ്യവർത്തികൾ മുഖേനയോ ആകുന്നതിൽ വിരോധമില്ല.

# കൈക്കൂലി

ആരുടെയെങ്കിലും അവകാശം ഹനിക്കുന്നതിനോ, അനർഹമായതു നേടിയെടുക്കുന്നതിനോ വേണ്ടി അധികാരികൾക്കോ വിധികർത്താക്കൾക്കോ കൈക്കൂലി നൽകൽ പാപകരമായ കാര്യമാകുന്നു. അതുമൂലം അന്യൻെറ അവകാശം നിഷേധിക്കപ്പെടുന്നു, വിധികളിൽ കൃത്രിമം ചെയ്യപ്പെടുന്നു. അതു മുഖേന വ്യാപകമായ നാശം സംഭവിച്ചേക്കും. അല്ലാഹു പറയുന്നു:

﴿وَلاَ تَأْكُلُوا أَمْوَالَكُمْ بَيْنَكُمْ بِالْبَاطِلِ وَتُدْلُوا بِهَا إِلَى الْحُكَّامِ لِتَأْكُلُوا فَرِيقًا مِّنْ أَمْوَالِ النَّاسِ بِالإِثْمِ وَأَنْتُمْ تَعْلَمُونَ﴾ (البقرة:١٨٨)

**അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ടു തന്നെ, ആളുകളുടെ സ്വത്തുക്കളിൽ നിന്ന് വല്ലതും അധാർമ്മികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്.** [വി.ഖു. 2:188]

ഹദീഥിൽ ഇങ്ങനെ കാണാം:

عن أبي هريرة مرفوعا(( لعن الله الراشي والمرتشي في الحكم)) رواه أحمد ٣٨٧/٢ صحيح الجامع ٥٠٦٩

**വിധി [അനുകൂലമാക്കുന്നതിനു] വേണ്ടി കൈക്കൂലി കൊടുക്കുന്നവനെയും വാങ്ങുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു.** [അഹ്മദ്]

ന്യായമായ അവകാശം ലഭിക്കുന്നതിനോ അക്രമം തടയപ്പെടുന്നതിനോ നിർബന്ധിതാവസ്ഥയിൽ കൈക്കൂലി കൊടുക്കുന്നത് ഈ താക്കീതിൽ ഉൾപെടുകയില്ലെന്ന് സമാധാനിക്കാം.

വർത്തമാന കാലഘട്ടത്തിൽ കൈക്കൂലി ചില ഉദ്യോഗസ്ഥർക്ക് ശമ്പളത്തെക്കാൾ വലിയ വരുമാനമായിരിക്കുന്നു. മാത്രമല്ല, ചില കമ്പനികളുടെ ബഡ്ജറ്റുകളിൽ ഈയിനത്തിൽ നീക്കിവച്ചിട്ടുള്ള സംഖ്യക്ക് പ്രത്യേക തലക്കെട്ടു (അക്കൗണ്ട്ഹെഡ്) തന്നെ കാണാം. ധാരാളം ഇടപാടുകൾ കൈക്കൂലിയിൽ തുടങ്ങി കൈക്കൂലിയിൽ തന്നെ അവസാനിക്കുകയും ചെയ്യുന്നിടത്താണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. ഫലമോ, ഉദ്യോഗസ്ഥർ പലരും ഉത്തരവാദിത്വ ബോധമില്ലാത്തവരായിത്തീരുന്നു. ജനസേവനമെന്ന അവരുടെ കടമ വിസ്മൃതിയിലാണ്ടു പോകുകയും ചെയ്തിരിക്കുന്നു. കൈക്കൂലി നൽകു

ന്നവർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുമ്പോൾ നൽകാത്തവന് സേവനവും അർഹമായ അവകാശവും നഷ്ടപ്പെടുകയോ കാല താമസം സംഭവിക്കുകയോ ചെയ്യുന്നു. കൈക്കൂലിക്കാർ പലപ്പോ ഴും യഥാർത്ഥ അവകാശിയെക്കാൾ മുന്നിൽ കാര്യം നേടിയിരിക്കും. പാവപ്പെട്ടവൻെറ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യും. വ്യാപാരസ്ഥാപനങ്ങളിലെ സെയിൽസ്മാൻവരെ ഈ മാധ്യമ ത്തിലൂടെ അന്യരുടെ ധനം കീശയിലാക്കുന്നു. ഈ കാരണങ്ങൾ കൊണ്ടെല്ലാമായിരിക്കാം നബി ﷺ ഇങ്ങനെ പ്രാർത്ഥിച്ചത്:

عــن عــبد الله بــن عمــرو قال: قال رسول الله ﷺ (( لعنة الله على الراشي والمرتشي)) رواه ابن ماجه ٢٣١٣، صحيح الجامع ٥١١٤

**കൈക്കൂലി വാങ്ങുന്നവനെയും കൊടുക്കുന്നവനെയും അ ല്ലാഹു ശപിക്കട്ടെ.** [ഇബ്നുമാജ]

## ഭൂമി കയ്യേറ്റം

ദൈവഭയം തീരെയില്ലാത്തവർ തങ്ങളുടെ ശക്തിയും കുതന്ത്രവു മെല്ലാം അന്യരെ അക്രമിക്കുവാനും അവരുടെ ധനം കവർന്നെടു ക്കുവാനും ഉപയോഗിക്കുന്നു. അതിൻെറ ഒരു ഭാഗമാണ് അന്യൻെറ ഭൂമി കയ്യേറ്റം. ഇതിനുള്ള ശിക്ഷ അതികഠിനമാണെന്ന് ഹദീഥിൽ വന്നിരിക്കുന്നു:

عــن عــبد الله بن عمرو مرفوعا (( من أخذ من الأرض شيئا بغير حقه خسف به يوم القيامة إلى سبع أرضين)) رواه البخاري فتح الباري ١٠٣/٥

**അന്യായമായി ഭൂമി കവർന്നെടുത്തവനെ അന്ത്യനാളിൽ ഏ ഴു ഭൂമികളുടെ കൂടെ അടിയിലേക്കു അതുമായി താഴ്ത്ത പ്പെടും.** [ബുഖാരി]

وعــن يعلى بن مرة مرفوعا (( أيما رجل ظلم شبرا من الأرض كلفه الله أن يحفره (في الطبراني:يحضره) حتى آخر سبع أرضين ثم يطوقه يوم القيامة حتى يقضى بين الناس)) رواه الطبراني في الكبير ٢٧٠/٢٢، صحيح الجامع ٢٧١٩

**ആരെങ്കിലും ഒരുചാൺ ഭൂമി അന്യായമായികവർന്നെ ടുത്താൽ അത് ഏഴുഭൂമികളുടെ അടിയിലെത്തുതുവരെ കുഴിക്കാൻ അല്ലാഹു അവനോട് കൽപിക്കുകയും പി**

**ന്നീട് അന്ത്യനാളിൽ ജനങ്ങൾക്കിടയിൽ വിധിതീർപ്പു കൽപിക്കപ്പെടുന്നതുവരെ അവന്റെ കഴുത്തിൽ വളയമായതണിയിക്കപ്പെടുകയും ചെയ്യുന്നതാണ്.** [ത്വബ്റാനി]

ഭൂമിയുടെ അതിരുകൾ നീക്കി അന്യന്റെ ഭൂമിയിലേക്കു കയറുന്നതും ഇതിലുൾപെടുന്നു. നബിﷺ പറയുന്നു:

((لعن الله من غيّر منار الأرض)) رواه مسلم بشرح النووي ١٤١/١٣

**ഭൂമിയുടെ അതിരടയാളങ്ങളെ മാറ്റിമറിക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു.** [മുസ്ലിം]

## ശുപാർശയും പാരിതോഷികവും

നന്ദി കാണിക്കുന്നുവെങ്കിൽ, സ്ഥാനമാനങ്ങളും പദവികളും അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ ഏറ്റവും ഉത്തമമായിത്തീരും. മുസ്ലിംകളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യം വച്ചു കൊണ്ട് ഇവ പ്രയോജനപ്പെടുത്തൽ അല്ലാഹുവിനോടുള്ള നന്ദിയുടെ ഭാഗമാണ്. നബിﷺ പറഞ്ഞു:

((من استطاع منكم أن ينفع أخاه فليفعل)) رواه مسلم ١٧٢٦/٤

**തന്റെ സഹോദരന് വല്ല ഉപകാരവും ചെയ്യാൻ സാധിക്കുമെങ്കിൽ നിങ്ങളതുചെയ്യുക.** [മുസ്ലിം]

നബിﷺയുടെ ഈ പൊതു കൽപനയിൽ മേൽപറയപ്പെട്ടതും ഉൾപെടുന്നു.സദുദ്ദേശ്യത്തോടെ, മറ്റൊരാളുടെ അവകാശം കവർന്നെടുക്കാതെ,അക്രമം പ്രവർത്തിക്കാതെ തന്റെ സ്ഥാനമാനങ്ങൾ ഉപയോഗിച്ച് വല്ലവർക്കും ഉപകാരം ചെയ്താൽ അല്ലാഹു അതിനു പ്രതിഫലം നൽകുന്നതാണ്. നബിﷺ പറഞ്ഞു:

((اشفعوا تؤجروا)) رواه أبوداود ٥١٣٢ والحديث في الصحيحين، فتح الباري ٤٥٠/١٠

**നിങ്ങൾ ശുപാർശ ചെയ്യുവിൻ, നിങ്ങൾക്കു പ്രതിഫലം നൽകപ്പെടും.** [അബൂദാവൂദ്]

ഇങ്ങനെ നടത്തുന്ന ശുപാർശകൾക്കു പകരമായി ജനങ്ങളിൽ നിന്ന് സംഭാവനയോ പാരിതോഷികങ്ങളോ സ്വീകരിക്കുന്നത് നബിﷺ നിരോധിച്ചിരിക്കുന്നു.

عن أبي أمامة مرفوعا ( من شفع لأحد شفاعة فأهدى له هدية عليها فقبلها منه فقد أتى بابا عظيما من أبواب الربا) رواه أحمد ٢٦١/٥ صحيح الجامع ٦٢٩٢

**ആരെങ്കിലും വല്ലശുപാർശയും ചെയ്യുകയും അതിനു നൽകപ്പെടുന്ന സമ്മാനം സ്വീകരിക്കുകയും ചെയ്താൽ പലിശയുടെ വലിയൊരു കവാടത്തിലേക്കാണവൻ വരുന്നത്.** [അഹ്മദ്]

ഉദ്യോഗനിയമനത്തിനോ സ്ഥലം മാറ്റത്തിനോ ശുപാർശ ചെയ്യാൻ ചിലർവൻസംഖ്യകൾ ആവശ്യപ്പെടാറുണ്ട്. മേലുദ്ധരിക്കപ്പെട്ട ഹദീഥ് പ്രകാരം ഇങ്ങനെ നിബന്ധനവച്ചാലും ഇല്ലെങ്കിലും ശുപാർശക്കു പ്രതിഫലം സ്വീകരിക്കുന്നത് നിഷിദ്ധമാണ് എന്നു മനസ്സിലാക്കാം. പണ്ഡിതന്മാർ മുൻഗണന നൽകിയിട്ടുള്ള അഭിപ്രായവും ഇതുതന്നെയാണ്. ശുപാർശ ചെയ്യുന്നവർ അല്ലാഹുവിൽ നിന്നു മാത്രമേ പ്രതിഫലം ആഗ്രഹിക്കാൻ പാടുള്ളൂ.

ഹസനുബ്നു സഹ്ലിന്റെ അരികിൽ ഒരാൾ ശുപാർശ ചെയ്യാനാവശ്യപ്പെട്ടു. കാര്യം സാധിച്ചപ്പോൾ അദ്ദേഹം നന്ദിപറഞ്ഞു. ഇതു കേട്ടഹസൻ പറഞ്ഞു: ധനത്തിനുസകാത് ഉള്ളതു പോലെ സ്ഥാനപദവികൾക്കും സകാത്തുണ്ട്. അതിനു വേണ്ടിയാണോ നീ നന്ദി പറയുന്നത്?

ജോലിക്കുള്ള കൂലിയും കൈക്കൂലിയും ഇവിടെ വേർതിരിച്ചു മനസ്സിലാക്കേണ്ടതുണ്ട്. ഒരു നിശ്ചിത കൂലി നിശ്ചയിച്ചു കൊണ്ട് ഒരാളുടെ സേവനം ആവശ്യപ്പെടുന്നത് മതദൃഷ്ട്യാ അനുവദനീയമാണെങ്കിലും തന്റെ പദവികൾ ഉപയോഗിച്ചു നടത്തുന്ന ശുപാർശകൾക്ക് പ്രതിഫലം വാങ്ങുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു.

## ജോലിക്കു കൂലി നൽകാതിരിക്കൽ

ജോലി ചെയ്തവന്റെ കൂലി വൈകിക്കാതെ നൽകണമെന്നാണ് നബി ﷺ പഠിപ്പിച്ചിട്ടുള്ളത്:

((أعطـوا الأجير أجره قبل أن يجف عرقه)) رواه ابن ماجه ٨١٧/٣ صحيح الجامع ١٤٩٣ (والصواب أن يذكر بصيغة التمريض لأن فيها ضعفا)

**തൊഴിലാളിയുടെ വിയർപ്പു വറ്റുന്നതിനു മുമ്പ് പ്രതിഫലം നൽകുക.** [ഇബ്നുമാജ]

തൊഴിലാളികളുടെയും ഉദ്യോഗസ്ഥരുടെയും വേതനം അകാരണമായി തടഞ്ഞുവെക്കുക എന്നത് മുസ്‌ലിം സമുദായത്തെ ബാധിച്ച ഒരു ജീർണ്ണതയത്രെ. ഇങ്ങനെ ഭാഗികമോ പൂർണ്ണമോ ആയി കൂലി നിഷേധിക്കപ്പെടുന്ന തൊഴിലാളിക്ക് അതുമൂലം വരുന്ന നഷ്ടം പരലോകത്ത് വച്ചു തിരിച്ചു നൽകപ്പെടും. മർദ്ദിതന്റെ അവകാശം അക്രമിയുടെ സൽകർമ്മങ്ങളിൽ നിന്നായിരിക്കും പിടിച്ചെടുക്കപ്പെടുക. അതും തികയാതെ വന്നാൽ മർദ്ദിതന്റെ തെറ്റുകൾ ഏറ്റെടുത്തു നരകത്തിൽ പ്രവേശിക്കേണ്ടി വരും. അവകാശത്തിൽ കുറവു വരുത്തുന്നവരെ കുറിച്ചാണ് സൂറത്തുൽ മുത്വഫ്ഫിഫീനിൽ (سورة المطففين) അല്ലാഹു പറഞ്ഞിട്ടുള്ളത്.

ചിലർഅന്യനാടുകളിൽ നിന്നും, നിശ്ചിത ശമ്പളം നൽകാമെന്ന കരാറിന്റെ അടിസ്ഥാനത്തിൽ ജോലിക്കാരെ കൊണ്ടുവരുന്നു. തൊഴിലാളി ജോലിയിലേർപ്പെട്ടാൽ കരാർ പത്രത്തിൽ കൃത്രിമം കാണിച്ചുകൊണ്ട് ശമ്പളം കുറക്കുകയും ചെയ്യുന്നു. തന്റെ ന്യായമായ അവകാശം സ്ഥാപിച്ചു കിട്ടാൻ നിവൃത്തിയില്ലാതെ നിരാശയോടും വെറുപ്പോടും കൂടി ജോലിയിൽ തുടരാൻ തൊഴിലാളി നിർബന്ധിതനാകുന്നു. അവനുള്ള ഏകമാർഗ്ഗം അല്ലാഹുവിനോടുള്ള ആവലാതി മാത്രമായിരിക്കും. മാത്രമല്ല, തൊഴിലുടമ മുസ്‌ലിമും തൊഴിലാളി അമുസ്‌ലിമുമാണെങ്കിൽ അവന്റെ ഈ ദുശ്ചെയ്തി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു മനുഷ്യരെ തടയലും കൂടിയായിത്തീരും. അതിന്റെ പാപവും കൂടി തൊഴിലുടമ വഹിക്കേണ്ടി വരും.

മറ്റു ചിലപ്പോൾ ജോലിഭാരം കൂട്ടുകയോ സമയം ദീർഘിപ്പിക്കുകയോ ചെയ്തിട്ട് അതിനുള്ള പ്രതിഫലം നൽകാതിരിക്കുകയും ചെയ്യുന്നു. അർഹമായ കൂലി കൃത്യസമയത്തു കൊടുക്കാതെ നീട്ടിക്കൊണ്ടു പോയി ബുദ്ധിമുട്ടിക്കുന്നവരെയും കാണാം. അങ്ങനെ ചെയ്ത ജോലിയുടെ കൂലിക്കു വേണ്ടി കോടതികൾ കയറിയിറങ്ങി കൂലിയില്ലാവേല ചെയ്യേണ്ടി വരുന്നു. തൊഴിലാളിയെ പ്രയാസപ്പെടുത്തിയാൽ അവൻ കൂലി ഒഴിവാക്കുമെന്നോ വിട്ടുവീഴ്ചക്കു സന്നദ്ധനാവുമെന്നോ കരുതിയാണ് ഇങ്ങനെ ചെയ്യാറുള്ളത്. എന്നാൽ ഈ തൊഴിലാളി ആരുടെ സംരക്ഷണാർത്ഥം നാടുവിട്ടുവോ, അവർക്കു ഭക്ഷണം നൽകാൻ പോലും കഴിയാതെ, പട്ടിണിയിലായ തന്റെ ഭാര്യ, സന്താനങ്ങളെ കുറിച്ചുള്ള ദുഃഖഭാരവും കൂടി പേറേണ്ടി വരുന്നു. ഇത്തരം

അക്രമികൾക്കു വേദനാജനകമായ ശിക്ഷയാണുള്ളത്. ഖുദുസി ആയ (അല്ലാഹു പറയുന്നതായി നബിﷺ ഉദ്ധരിക്കുന്ന) ഹദീഥിൽ പ റയുന്നു:

((قـال الله تعـالى:ثلاثة أنا خصمهم يوم القيامة رجل أعطى بي ثم غدر، ورجـل باع حرًا فأكل ثمنه، ورجل استأجر أجيرا فاستوفى منه ولم يعطه أجره)) رواه البخاري، فتح الباري حديث:٢٢٢٧

**അല്ലാഹു പറയുന്നു: എന്റെ പേരിൽ നിർഭയത്വം നൽ കിയ ശേഷം വഞ്ചന കാണിച്ചവൻ, സ്വതന്ത്രനെ വിറ്റു വി ലതിന്നവൻ, താൻ ആവശ്യപ്പെട്ട പ്രകാരം ജോലി പൂർത്തി യാക്കിയിട്ടും തൊഴിലാളിക്കു കൂലിനൽകാത്തവൻ എന്നീ മൂന്നുപേർക്ക് അന്ത്യനാളിലെ എതിരാളി ഞാനായിരിക്കും** (ബുഖാരി

## മക്കൾക്കു ദാനം നൽകുമ്പോൾ

മക്കളിൽ ചിലർക്ക് ദാനം നൽകുകയും ചിലരെ അവഗണിക്കു കയും ചെയ്യുക എന്ന പ്രവണത സർവ്വസാധാരണമായി കണ്ടുവരുന്ന ഒന്നാണ്. മതപരമായി അംഗീകരിക്കാവുന്ന കാരണങ്ങളില്ലെങ്കിൽ ഈ ദാനം ഹറാമാകുന്നു. രോഗചികിത്സ, കടംവീട്ടൽ, ഖുർആൻ മനഃപാഠമാക്കിയതിനു നൽകുന്ന സമ്മാനം അല്ലെങ്കിൽ കുടുംബ ഭാരം ലഘൂകരിക്കുന്നതിനു വേണ്ടി സഹായം ചെയ്യൽ, വിദ്യാഭ്യാസ ചെലവുകൾ വഹിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ഒരാൾക്കു മാത്രം ചിലവഴിക്കുമ്പോൾ, മറ്റുള്ളവർക്കും ഇത്തരം ഘട്ടങ്ങൾ വന്നാൽ സഹായിക്കണമെന്ന നിയ്യത്ത് ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

﴿...اعْدِلُوا هُوَ أَقْرَبُ لِلتَّقْوَى...﴾ (المائدة: ٨)

**...നിങ്ങൾ നീതിപാലിക്കുക, അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്...**(വി.ഖു 5:8)

ഈ പൊതുകൽപന നാം ശ്രദ്ധിക്കേണ്ടതാണ്. നുഅ്മാനുബ്നു ബശീറിൽ നിന്നു ഉദ്ധരിക്കുന്ന ഹദീഥിൽ ഇക്കാര്യം പ്രത്യേകം എ ടുത്തു പറഞ്ഞിട്ടുമുണ്ട്:

عــن النعمان بن بشير رضي الله عنهما، أن اباه أتى إلى رسول الله ﷺ فقال: إني نحلت ابني هذا غلاما فقال رسول الله ﷺ أكل ولدك نحلته مثله ؟ فقــال : لا فقــال رســول الله ﷺفارجعه، وفي رواية: فقال رسول الله ﷺ ((فاتقوا الله واعدلوا بين أولادكم)) قال: فرجع فردّ عطيته، وفي رواية:( فلا تُشــهدني إذن، فإني لا أشهد على جور) مسائل الإمام أحمد لأبي داود ٢٠٤ ، فتح الباري رقم ٢٥٨٦وقد حقق الإمام ابن قيم في حاشيته على أبي داود المسالة تحقيقا بينا

**നുഅ്മാനുബ്നു ബഷീറിൻെറ പിതാവ് അദ്ദേഹത്തെയും കൊണ്ട് നബി ﷺ യുടെ അരികിൽ വന്നു പറഞ്ഞു: എൻെറ ഈ മകന് ഞാൻ ഒരടിമയെ ദാനം ചെയ്തിട്ടുണ്ട്. നബി: നീ എല്ലാ മക്കൾക്കും ഇതു പോലെ നൽകിയിട്ടുണ്ടോ? പിതാവ്: ഇല്ല. നബി: എന്നാൽ നീയത് മടക്കിയെടുക്കണം.** മറ്റൊരു റിപ്പോർട്ടിൽ: **നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങളുടെ മക്കൾക്കിടയിൽ നീതിപാലിക്കുകയും ചെയ്യുക. അദ്ദേഹം പ്രസ്തുത ദാനം തിരിച്ചു വാങ്ങി.** മറ്റൊരു റിപ്പോർട്ടിൽ: **നീ എന്നെ ഇതിനു സാക്ഷിയാക്കരുത്, കാരണം, അക്രമത്തിനു ഞാൻ സാക്ഷി നിൽക്കുകയില്ല.** [അബൂദാവൂദ്]

ദാനങ്ങൾ അനന്തരാവകാശം പോലെ തന്നെ പെണ്ണിനു നൽകിയതിൻെറ ഇരട്ടിയാണ് പുരുഷനു നൽകേണ്ടത് എന്നാണ് അഹ്മദുബ്നു ഹമ്പലിൻെറ അഭിപ്രായം.

ചില കുടുംബങ്ങളിലെ മാതാപിതാക്കൾ മക്കൾക്കുള്ള ദാനത്തിൽ അല്ലാഹുവിനെ സൂക്ഷിക്കാത്തവരും നീതി പുലർത്താത്തവരുമാണെന്ന് കാണാം. അതു മൂലം മക്കളുടെ മനസ്സുകളിൽ വൈരാഗ്യത്തിൻെറ വിത്തുകൾ പാകുകയാണിവർ ചെയ്യുന്നത്. ചിലർ പിതാവിൻെറ ബന്ധുക്കളോട് സദൃശ്യമുള്ളവരായതു കൊണ്ട് നൽകുകയും അമ്മാവന്മാരോട് സദൃശ്യമുള്ളവരായതിനാൽ നൽകാതിരിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ ഒരു ഭാര്യയിലുള്ള സന്താനങ്ങൾക്ക് നൽകി, മറ്റേ ഭാര്യയിലുള്ളവരെ അവഗണിക്കുന്നു. ഒരാളുടെ വിദ്യാഭ്യാസത്തിനു നൽകുന്ന പരിഗണന മറ്റുള്ളവർക്കു നൽകാതിരിക്കുന്നു. ഈ അവഗണനക്കു വിധേയരായവർ മാതാപിതാക്കൾ വാർദ്ധക്യം പ്രാപിക്കുമ്പോൾ അവരെ സംരക്ഷിക്കാൻ തയ്യാറാവുകയില്ല

എന്നതായിരിക്കും ഇതിന്റെ പരിണിതഫലം. മക്കൾക്കിടയിൽ ദാനത്തിൽ നീതി പുലർത്താതിരുന്ന സ്വഹാബിയോട് നബിﷺ ചോദിച്ചത് ഇപ്രകാരമാണ്:

((ألـــيس يسرك أن يكونوا إليك في البر سواءً)) رواه إمام أحمد ٢٦٩/٤ صحيح الجامع ١٦٢٣

**അവർ എല്ലാവരും നിനക്കു ഒരേ രൂപത്തിൽ നന്മചെയ്യുന്നതല്ലേ നിനക്ക് സന്തോഷം?** [അഹ്മദ്]

## യാചന

നബിﷺ പറഞ്ഞു:

(من سأل وعنده ما يغنيه فإنما يستكثر من جمر جهنم، قالوا: وما الغنى الذي لا تنبغي معه المسألة؟ قال: قدر ما يغديه ويعشيه) رواه أبوداود ٢٨١/٢ صحيح الجامع ٦٢٨٠

**ഐശ്വര്യവാനായ ഒരാൾ യാചിക്കുന്നുവെങ്കിൽ അവൻ നരകാഗ്നി മാത്രമാണ് വർദ്ധിപ്പിക്കുന്നത്. സ്വഹാബികൾ: യാചന നിഷിദ്ധമാകുന്ന സമ്പന്നത ഏതാണ്? നബി: ഉച്ചഭക്ഷണത്തിനും രാത്രിഭക്ഷണത്തിനും വകയുണ്ടാകുക.** [അബൂദാവൂദ്]

ഇബ്നുമസ്ഊദ് ﷺ ൽ നിന്നു നിവേദനം ചെയ്യപ്പെടുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

((مــن ســأل ولــه مــا يغنيه جاءت يوم القيامة خدوشا أو كدوشا في وجهـــه)) رواه أحمــد ٣٨٨/١ صــحيح الجامع ٦٢٥٥ (وفي صحيح مسلم عن أبي هريرة مرفوعا (من سأل الناس أموالهم تكثرا فإنما يسأل جمرا فليستقل أو ليستكثر)

**ഐശ്വര്യവാനായ ഒരാൾ യാചിച്ചാൽ തന്റെ മുഖം മാന്തിപ്പൊളിക്കപ്പെട്ടവനായിട്ടായിരിക്കും അന്ത്യനാളിൽ അവൻ വരിക.** [അഹ്മദ്]

മുസ്ലിമിന്റെ റിപ്പോർട്ടിൽ: **ആരെങ്കിലും തന്റെ സമ്പത്ത് വർദ്ധിപ്പിക്കാനായി ജനങ്ങളോട് യാചിച്ചാൽ അവൻ യാചിക്കുന്നത് തീക്കനൽ മാത്രമാണ്. അതുകൊണ്ട് അവൻ വർദ്ധിപ്പിക്കുകയോ ഒഴിവാക്കുകയോ ചെയ്യട്ടെ!**

പള്ളികളിൽ യാചനക്കുവരുന്നവർ അവരുടെ ആവലാതികൾ കൊണ്ട് ജനങ്ങളുടെ ദിക്ർ ദുആകൾവരെ മുടക്കാറുണ്ട്. വ്യാജ കഥകളടങ്ങുന്ന കാർഡുകൾ വിതരണം ചെയ്യുന്നതിലൂടെ യാചന എളുപ്പമാക്കുന്നു. പള്ളികളിൽ നിന്ന് പള്ളികളിലേക്കു യാത്ര തുടരുന്ന ഇവർ പലപ്പോഴും യാചന തൊഴിലാക്കിയ സമ്പന്നരായിരിക്കും. അവരുടെ യാഥാർത്ഥ്യം അല്ലാഹുവിനു മാത്രമേ അറിയൂ. ഇവർ മരിക്കുമ്പോഴാണ് സമ്പാദ്യത്തിന്റെ യാഥാർത്ഥ്യം പുറത്തു വരാറുള്ളത്.

പരസഹായമർഹിക്കുന്ന പരമാർത്ഥക്കാർ പലരും അഭിമാനികളായതിനാൽ ജനങ്ങളെ ബുദ്ധിമുട്ടിച്ചു കൊണ്ട് ചോദിക്കാറില്ല. അതുകൊണ്ടു തന്നെ അവർക്കർഹമായ അവകാശങ്ങൾ ലഭിക്കാറുമില്ല.

## കടം വാങ്ങിയാൽ

ഒരാൾക്കു അല്ലാഹുവിന്റെ അവകാശങ്ങളിൽ നിന്നും രക്ഷപ്പെടാൻ ആത്മാർത്ഥമായ പശ്ചാത്താപം മതിയെങ്കിലും, മനുഷ്യർ തമ്മിലുള്ള അവകാശങ്ങൾ അതുകൊണ്ടു മാത്രം അവസാനിക്കുകയില്ല. സ്വർണ്ണവും വെള്ളിയും ഉപകരിക്കാത്ത, സൽകർമ്മങ്ങൾ മാത്രം സ്വീകരിക്കപ്പെടുകയോ അല്ലെങ്കിൽ മർദ്ദിതരുടെ തെറ്റുകൾ ഏറ്റെടുക്കേണ്ടി വരികയോ ചെയ്യുന്ന ദിവസത്തിനു മുമ്പ് ഈ അവകാശങ്ങൾ [ഹഖ്ഖുകൾ] തീർക്കേണ്ടതാണ്. കാരണം, അടിമകളുടെ അവകാശങ്ങൾ അല്ലാഹുവിന്റെ പക്കൽ വളരെ ഗുരുതരമായതത്രെ. അല്ലാഹു പറയുന്നു:

﴿إِنَّ اللَّهَ يَأْمُرُكُمْ أَنْ تُؤَدُّوا الأَمَانَاتِ إِلَى أَهْلِهَا ...﴾ (النساء:٥٨)

**വിശ്വസിച്ചേൽപിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വിട്ടണമെന്ന് അല്ലാഹു നിങ്ങളോട് കൽപിക്കുന്നു...**[വി.ഖു. 4:58]

കടം വാങ്ങുകയെന്നത് തീരെ ഗൗരവമില്ലാത്ത കാര്യമായാണ് ജനം കാണുന്നത്. മറ്റുള്ളവരെപ്പോലെ തനിക്കും വേണമെന്ന ചിന്തയാൽ ആഡംഭര വസ്തുക്കൾക്കും ആർഭാടത്തിനും വേണ്ടി ചിലർ കടമെടുക്കുന്നു. കാറുകൾ പുതിയതു വാങ്ങുന്നതിനോ വീട്ടുപകരണങ്ങൾ മാറ്റുന്നതിനോ കടമെടുത്ത് കെണിയിൽ പെട്ടവരുമുണ്ട്. ജീവിതത്തിലെ ഒരാവശ്യ വസ്തുവല്ലാത്ത, ക്ഷിപ്രനാശ സാദ്ധ്യതയുള്ള ഇത്തരം വസ്തുക്കൾക്കായി പലിശയിലകപ്പെടാൻ സാദ്ധ്യ

തയുള്ള ഇൻസ്റ്റാൾമെൻറ് കടകളെയാണ് പലരും ആശ്രയിക്കാറുള്ളത്. അങ്ങനെ അവർ ഹറാമിലും അകപ്പെടുന്നു.

കടം വാങ്ങുന്നതിനു ഗൗരവം കാണാത്തവർ തിരിച്ചടക്കുന്നതിലും ഗൗരവം കാണിക്കാറില്ല. അത് മറ്റുള്ളവരുടെ ധനം നശിപ്പിക്കുന്നതിനോ നഷ്ടപ്പെടുത്തുന്നതിനോ ഇടവരുത്തുന്നു. ഇതിനെ കുറിച്ച് നബിﷺ നൽകിയ താക്കീത് ഇപ്രകാരമാണ്:

((من أخذ أموال الناس يريد أداءها أدّى الله عنه، ومن أخذ يريد إتلافها أتلفه الله)) رواه البخاري، فتح الباري ٥/٥٤

**കടം വീട്ടണമെന്ന ഉദ്ദേശ്യത്തോടെ വാങ്ങിയാൽ അല്ലാഹു അതു വീട്ടുന്നതാണ്. നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ വാങ്ങിയാൽ അല്ലാഹു നശിപ്പിക്കുന്നതാണ്.** (ബുഖാരി)

കടമെന്നത് പലർക്കും നിസ്സാരവും, അതുകൊണ്ട് തന്നെ ഉദാസീനത കാണിക്കാവുന്നതാണെന്ന ധാരണയുമാണുള്ളത്. എന്നാൽ അത് അല്ലാഹുവിങ്കൽ അതിഭയങ്കരമായ കാര്യമാകുന്നു. മാത്രമല്ല, വളരെ വലിയ പദവിയും സ്ഥാനവും മഹത്വവുമുള്ള രക്തസാക്ഷിപോലും കടബാദ്ധ്യതയിൽനിന്നു മുക്തനാകുകയുമില്ല. നബിﷺ പറയുന്നു:

((سبحان الله! ماذا أنزل الله من التشديد في الدين، والذي نفسي بيده لو أن رجـلا قتل في سبيل الله ثم أحيي ثم قتل ثم أحيي ثم قتل وعليه دين ما دخل الجنة حتى يقضى عنه دينه)) رواه النسائي ، صحيح الجامع ٣٥٩٤

**സുബ്ഹാനല്ലാ! കടമിടപാടിനെ കുറിച്ച് എത്ര ഗൗരവമായിട്ടാണ് അല്ലാഹു കൽപന ഇറക്കിയിട്ടുള്ളത്? എൻെറ ആത്മാവ് ആരുടെ കയ്യിലാണോ, അവൻ (അല്ലാഹു) തന്നെസത്യം, ഒരാൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ രക്തസാക്ഷിയാവുകയും വീണ്ടും ജീവിപ്പിക്കപ്പെട്ടു, വീണ്ടും രക്തസാക്ഷിയാവുകയും വീണ്ടും ജീവിപ്പിക്കപ്പെട്ടു, വീണ്ടും രക്തസാക്ഷിയാവുകയും ചെയ്താലും അദ്ദേഹത്തിൻെറ മേൽ കടബാദ്ധ്യതയുണ്ടെങ്കിൽ അത് വീട്ടപ്പെടുന്നതു വരെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.** (നസാഈ)

കടബാദ്ധ്യതയിൽ ഉദാസീനത കാട്ടി, വീഴ്ച വരുത്തുന്നവർക്ക് ഇനിയും ഉണർന്നു ചിന്തിക്കാറായില്ലേ?

# നിഷിദ്ധ ഭക്ഷണം

അല്ലാഹുവിനെ ഭയപ്പെടാത്തവർ ധനസമ്പാദനമോ വിനിമയമോ ഹലാലും സത്യസന്ധവുമായിരിക്കണമെന്ന നിഷ്കർഷത പുലർത്തുന്നവരായിക്കൊള്ളണമെന്നില്ല. മാത്രമല്ല നിഷിദ്ധവും വൃത്തികെട്ടതുമായ കൈക്കൂലി, മോഷണം, വഞ്ചന, ചതി, നിഷിദ്ധമായ കച്ചവടങ്ങൾ, പലിശ ഇടപാടുകൾ, അനാഥരുടെ ധനാപഹരണം, നിഷിദ്ധമായ തൊഴിലി (ജോത്സ്യം, സംഗീതം) ൻെറ കൂലി, അതിക്രമിച്ചെടുക്കുന്ന സ്വത്തുക്കൾ, പൊതുസ്വത്ത് ചോരണം, മറ്റുള്ളവരെ വിഷമിപ്പിച്ചും ഭീഷണിപ്പെടുത്തിയും പിടിച്ചെടുക്കൽ, യാചന തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ബേങ്ക് ബാലൻസ് വർദ്ധിപ്പിക്കുവാൻ മാത്രമേ ശ്രദ്ധിക്കുകയുള്ളൂ. ഈ നിഷിദ്ധ സമ്പാദ്യങ്ങളുപയോഗിച്ചു ഭക്ഷണം, വസ്ത്രം, വാഹനം, വീട്, വീട്ടുപകരണങ്ങൾ എന്നിവ ഒരുക്കുന്നു. നബി ﷺ പറഞ്ഞു:

((كل لحم نبت من سحت فالنار أولى به)) رواه الطبراني في الكبير ١٩/١٣٦، صحيح الجامع ٤٤٩٥

**നിഷിദ്ധമായ ഭക്ഷണം കഴിച്ചുണ്ടാകുന്ന മാംസം നരകം തൊടാതിരിക്കില്ല.** [ത്വബ്റാനി]

ഈ നബിവചനം ഇവിടെ പ്രസക്തമത്രെ.ഖിയാമത്ത്നാളിൽ ധനസമ്പാദന വിനിമയമാർഗ്ഗങ്ങൾ വിചാരണക്കു വിധേയമാക്കപ്പെടും. അവിടെയാണ് നഷ്ടം ബോധ്യപ്പെടുക. അതിനാൽ അന്യൻെറ മുതൽ കൈവശമുള്ളവർ സ്വർണ്ണ, വെള്ളി നാണയങ്ങൾ പ്രയോജനപ്പെടാത്തതും സൽകർമ്മങ്ങൾ വീതിക്കപ്പെടുന്നതുമായ ദിവസത്തിനു മുമ്പ് സമസൃഷ്ടികളുടെ അവകാശങ്ങളിൽ നിന്ന് മോചിതരാകേണ്ടതാണ്. തന്നിൽ നിന്നു വന്നുപോയവീഴ്ചക്കു അവരോട് മാപ്പു ചോദിക്കുകയും ചെയ്യട്ടെ.

## മദ്യപാനം

അല്ലാഹു പറയുന്നു:

﴿يَـا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالأَنْصَابُ وَالأَزْلاَمُ رِجْسٌ مِّنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ ﴾ (المائدة:٩٠)

**സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വച്ചു നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ളേച്ഛപ്രവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം.** [വി.ഖു.5:90]

വർജ്ജിക്കണമെന്ന കൽപന അത് ഹറാമാണെന്നതിൻെറ അതിശക്തമായ തെളിവാണ്. കള്ളിനോട് ചേർത്ത് പ്രതിഷ്ഠകളെക്കുറിച്ചുപറയുന്നു. അവമുശ്രികുകളുടെ ആരാധ്യ വസ്തുക്കളാണ്. അതുകൊണ്ട് തന്നെ കള്ള് നിഷിദ്ധമാക്കിയതല്ല, വിട്ടുനിൽക്കണമെന്നു കൽപിച്ചിട്ടേയുള്ളു എന്നു പറയാൻ ന്യായമില്ല. മദ്യപാനികളെ കുറിച്ചു ജാബിർ (റ) ൽ നിന്നുദ്ധരിക്കുന്ന ഹദീഥിൽ കഠിനമായ താക്കീതു നൽകപ്പെട്ടിരിക്കുന്നു:

عـــن جابــــر مرفوعا((إن على الله عزوجل عهدا لمن يشرب المسكر أن يســـقيه من طينة الخبال، قالوا: يا رسول الله وما طينة الخبال؟ قال: عرق أهل النار أو عصارة أهل النار)) رواه مسلم ١٥٨٧/٣

**ലഹരി പദാർത്ഥം ഉപയോഗിക്കുന്നവരെ ത്വീനത്തുൽ ഖബാൽ കുടിപ്പിക്കുമെന്ന് അല്ലാഹു അവൻെറ മേൽ ശപഥം ചെയ്തിരിക്കുന്നു. സ്വഹാബികൾ: എന്താണ് ത്വീനത്തുൽ ഖബാൽ? നബി: നരകവാസികളുടെ വിയർപ്പ് അല്ലെങ്കിൽ അവരുടെ ശരീരത്തിൽ നിന്നു ഊറി വരുന്ന വൃത്തികെട്ട ദ്രാവകം.** [മുസ്ലിം]

നിത്യ മദ്യപാനിയെ കുറിച്ച് നബിﷺ പറഞ്ഞു:

عـــن ابـــن عباس مرفوعا((من مات مدمنَ خمر لقي الله وهو كعابد وثن)) رواه الطبراني ٤٥/١٢ صحيح الجامع ٦٥٢٥

നിത്യ മദ്യപാനി അല്ലാഹുവിനെ കണ്ടുമുട്ടുന്നത് ബിംബാരാധകനെ പ്പോലെയായിരിക്കും. (ത്വബ്റാനി)

മദ്യവും മയക്കു മരുന്നുകളും ഇന്ന് വിവിധ പേരുകളിൽ പ്രചുര പ്രസിദ്ധിനേടിയിരിക്കുന്നു.ബിർ,ആൽകഹോൾ,വോട്ക, ശംബാനിയ എന്നിവ ചിലതു മാത്രം. പേരുമാറ്റിക്കൊണ്ട് മദ്യം ഉപയോഗിക്കുന്ന ഒരു വിഭാഗം പ്രത്യക്ഷപ്പെടുമെന്ന നബിﷺയുടെ പ്രവചനം പുലർന്നു കൊണ്ടിരിക്കുന്നു.

((ليشربن ناس من أمتي الخمر يسمونها بغير اسمها)) رواه أحمد ٣٤٢/٥ صحيح الجامع ٥٤٥٣

എന്റെ സമുദായത്തിലെ ഒരു വിഭാഗം മദ്യത്തിന്റെ പേരു മാറ്റിക്കൊണ്ട് കുടിക്കുക തന്നെ ചെയ്യും. (അഹ്മദ്)

ആത്മീയ പാനീയം എന്ന വ്യാജനാമമാണ് ഇതിനു പലരും നൽകിയിരിക്കുന്നത്. ഇത് ജനങ്ങളെ വഞ്ചിക്കണമെന്ന ഉദ്ദേശ്യത്തോടെ നൽകപ്പെട്ട പേരു മാത്രമാണ്.

﴿يُخَادِعُونَ اللَّهَ وَالَّذِينَ آمَنُوا وَمَا يَخْدَعُونَ إِلاَّ أَنْفُسَهُمْ وَمَا يَشْعُرُونَ﴾ (البقرة:٩)

അല്ലാഹുവിനെയും വിശ്വാസികളെയും വഞ്ചിക്കുവാനാണ് അവർ ശ്രമിക്കുന്നത്. (വാസ്തവത്തിൽ) അവർ ആത്മവഞ്ചന മാത്രമാണ് ചെയ്യുന്നത്. അവരത് മനസ്സിലാക്കുന്നില്ല.(2:9)

കള്ളിന്റെ വിധിവിലക്കുകളെക്കുറിച്ച് ശക്തവും അർത്ഥശങ്കക്കിടമില്ലാത്തതുമായ കൽപന നബിﷺ പ്രഖ്യാപിക്കുന്നതിങ്ങനെയാണ്:

((كل مسكر خمر وكل مسكر حرام)) مسلم ١٥٨٧/٣

ലഹരി പദാർത്ഥങ്ങളെല്ലാം കള്ളാണ്, എല്ലാ ലഹരി പദാർത്ഥങ്ങളും നിഷിദ്ധവുമാണ്. (മുസ്ലിം)

((فكل ما خالط العقل وأسكره فهو حرام قليله وكثيره)) أبوداود ٣٦٨١

ബുദ്ധിയെ ബാധിക്കുന്നതും ലഹരിയുണ്ടാക്കുന്നതുമായ എല്ലാ വസ്തുക്കളും കൂടുതലായാലും കുറച്ചായാലും നിഷിദ്ധമാണ്. (അബൂ ദാവൂദ്)

അവയുടെ പേരുകളെന്തായാലും വസ്തു ഒന്നാണ്. അതുകൊണ്ടുതന്നെ അതിൻെറ വിധിയും ഒന്നുതന്നെ. മദ്യപാനികൾക്കായി നബി ﷺ നൽകുന്ന ഉപദേശം അവസാനമായി ഞാൻ നൽകാം:

((من شرب الخمر وسكر لم تقبل له صلاة أربعين صباحا، وإن مات دخل النار، فإن تاب تاب الله عليه، وإن عاد فشرب فسكر لم تقبل له صلاة أربعين صباحا، فإن مات دخل النار، فإن تاب تاب الله عليه وإن عاد فشرب فسكر لم تقبل له صلاة أربعين صباحا فإن مات دخل النار فإن تاب تاب الله عليه وإن عاد كان حقا على الله أن يسقيه من ردغة الخبال يوم القيامة، قالوا: يا رسول الله وما ردغة الخبال؟ قال: عصارة أهل النار)) رواه ابن ماجه ٣٣٧٧ صحيح الجامع ٦٣١٣

നബി ﷺ പറഞ്ഞു: കള്ളുകുടിച്ചവൻെറ നമസ്കാരം നാൽപതു ദിവസത്തേക്ക് സ്വീകരിക്കപ്പെടുകയില്ല. അവൻ മരണപ്പെട്ടാൽ നരകത്തിൽ കടക്കുന്നതാണ്. അവൻ പശ്ചാത്തപിച്ചാൽ അല്ലാഹു അതുസ്വീകരിക്കും. വീണ്ടും കുടിച്ചാൽ നാൽപതു ദിവസത്തേക്ക് അവൻെറ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല. അവൻ മരിച്ചാൽ നരകത്തിൽ പ്രവേശിക്കും. അവൻ തൗബചെയ്താൽ അല്ലാഹു അതു സ്വീകരിക്കുന്നതാണ്. വീണ്ടും കുടിച്ചാൽ അവൻെറ നമസ്കാരം നാൽപതു ദിവസത്തേക്ക് സ്വീകരിക്കപ്പെടുകയില്ല. അവൻ മരിച്ചാൽ നരകത്തിൽ പ്രവേശിക്കുന്നതാണ്. അവൻ തൗബ ചെയ്താൽ അതു സ്വീകരിക്കപ്പെടും. വീണ്ടും ആവർത്തിച്ചാൽ അല്ലാഹു അവനെ 'റദ്ഗതുൽ ഖബാൽ' കുടിപ്പിക്കുന്നതാണ്. സ്വഹാബികൾ ചോദിച്ചു: പ്രവാചകരേ, എന്താണ് റദ്ഗതുൽ ഖബാൽ? നബി: നരകവാസികളുടെ ശരീരത്തിൽ നിന്നു ഒലിച്ചിറങ്ങുന്ന വൃത്തികെട്ട ദ്രാവകം. (ഇബ്നുമാജ)

ലഹരി പദാർത്ഥങ്ങളുപയോഗിക്കുന്നവർക്കുള്ള ശിക്ഷ ഇപ്രകാരമാണെങ്കിൽ നിരന്തരം മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ പരമ ദയനീയമായ അവസ്ഥയെ കുറിച്ച് ഓർത്തു നോക്കൂ.

## സ്വർണ്ണ,വെള്ളി പാത്രങ്ങൾ

വീട്ടുപകരണങ്ങൾ വിൽക്കപ്പെടുന്ന കടകളിലും ചില ഹോട്ടലുകളിലും സമ്പന്നരുടെ ഭവനങ്ങളിലും സ്വർണ്ണം കൊണ്ടോ വെള്ളി കൊണ്ടോ നിർമ്മിതമായ അല്ലെങ്കിൽ അവകൊണ്ടു പൂശിയ പാത്രങ്ങൾ ഇന്നു കാണപ്പെടാതിരിക്കില്ല. മാത്രമല്ല വിവാഹ വേളകളിൽ വിലപ്പെട്ട സമ്മാനങ്ങളെന്ന നിലക്ക് ഇവനൽകപ്പെടാറുമുണ്ട്. ചിലർ സ്വന്തംവീടുകളിൽ അതുപയോഗിക്കാറില്ലെങ്കിലും അന്യരുടെ സദ്യ വേളകളിൽ ഉപയോഗിക്കുന്നു. ഇതെല്ലാം മതദൃഷ്ട്യാ വിരോധിക്കപ്പെട്ടതാകുന്നു. അതിന്റെ കാഠിന്യത്തെക്കുറിച്ചിങ്ങനെ കാണാം.

((إن الذي يأكل أو يشرب في آنية الفضة و الذهب إنما يجرجر في بطنه نار جهنم)) رواه مسلم ١٦٣٤/٣

**സ്വർണ്ണ,വെള്ളി പാത്രങ്ങളിൽ കുടിക്കുകയോ തിന്നുകയോ ചെയ്യുന്നവൻ അവന്റെ വയറ്റിലേക്കു കുടിച്ചിറക്കുന്നത് നരകാഗ്നിയാകുന്നു.** [മുസ്ലിം]

വിവാഹം പോലെയുള്ള പ്രത്യേകസന്ദർഭങ്ങളിൽ മധുരപലഹാരങ്ങൾ എടുക്കുന്നതും സൂക്ഷിക്കുന്നതുമായ സ്വർണ്ണ, വെള്ളി നിർമ്മിതങ്ങളായ ട്രേ, സ്പൂൺ, കത്തി, ഫോർക് എന്നിവക്കും ഇതേ വിധി ബാധകമാണ്. ചിലർ കാഴ്ചവസ്തുവെന്ന നിലയിൽ ഷോകേസിൽ ഇവ സൂക്ഷിക്കാറുണ്ട്. എന്നാൽ എപ്പോഴെങ്കിലും ഉപയോഗിക്കാനിടവന്നു തെറ്റിലകപ്പെടാതിരിക്കാൻ ഇങ്ങനെ സൂക്ഷിക്കാതിരിക്കുന്നതാണ് നല്ലത്. [*ഇബ്നുബാസ് (റഹി) നോട് കടപ്പാട്*]

## കള്ളസാക്ഷ്യം

അല്ലാഹു പറയുന്നു:

﴿...فَاجْتَنِبُوا الرِّجْسَ مِنَ الأَوْثَانِ وَاجْتَنِبُوا قَوْلَ الزُّورِ حُنَفَاءَ لِلَّهِ غَيْرَ مُشْرِكِينَ بِهِ ...﴾ (الحج: ٣٠-٣١)

**ആകയാൽ വിഗ്രഹങ്ങളാകുന്ന മാലിന്യത്തിൽ നിന്ന് നിങ്ങൾ അകന്നു നിൽക്കുക. വ്യാജവാക്കിൽ നിന്നും നിങ്ങൾ അകന്നു നിൽക്കുക.വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്കുതിരിഞ്ഞവരും,അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ)...**[വി.ഖു. 22:30-31]

അബ്ദുർ -റഹ്മാനുബ്നു അബീബക്റതിൻെറ പിതാവിൽ നിന്നു ഉദ്ധരിക്കപ്പെടുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

((ألا أنبــئكم بأكبر الكبائر (ثلاثا) الإشراك بالله وعقوق الوالدين، وجلس وكــان مــتكئا، فقال: ألا وقول الزور، قال: فمازال يكررها حتى قلنا: ليته سكت)) رواه البخاري، فتح الباري ٥/٢٦١

**നബി ﷺ പറഞ്ഞു: മഹാപാപങ്ങളെക്കുറിച്ചു ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെയോ? ഇത് നബി ﷺ മൂന്നു പ്രാവശ്യം ആവർത്തിച്ചു. പിന്നീട് അവിടുന്ന് പറഞ്ഞു: അല്ലാഹുവിൽ പങ്കുചേർക്കൽ, മാതാപിതാക്കൾക്കു നന്മചെയ്യാതിരിക്കൽ പിന്നീട് ചാരിയിരുന്നിടത്തുനിന്ന് നേരെ ഇരുന്നു' അറിയുക;കള്ളസാക്ഷ്യം പറയലും. ഇതു നബി ﷺ ആവർത്തിച്ചു കൊണ്ടേയിരുന്നു. നബി ﷺ ഒന്ന് മൗനം പാലിച്ചിരുന്നെങ്കിൽ എന്നു ഞങ്ങൾ കൊതിച്ചുപോയി.** (ബുഖാരി)

കള്ളസാക്ഷ്യത്തെക്കുറിച്ചു നബി ﷺ ആവർത്തിച്ചു പറഞ്ഞത് അതിൻെറ ഗൗരവം സൂചിപ്പിക്കുവാനും ജനങ്ങൾ കാണിക്കുന്ന അലംഭാവവും നിസ്സാരതയും ബോധ്യപ്പെടുത്താനുമായിരിക്കും. കള്ളസാക്ഷ്യം കാരണമായി ലോകത്ത് എത്രയെത്ര അവകാശങ്ങൾ ഹനിക്കപ്പെട്ടിട്ടുണ്ട്!എത്രയെത്ര നിരപരാധികൾ മർദ്ദിക്കപ്പെട്ടിട്ടുണ്ട്! എത്രയെത്ര പേർ അനർഹമായി സമ്പാദിച്ചിട്ടുണ്ട്! എത്രയെത്ര കള്ളത്തറവാടുകൾ സ്ഥാപിച്ചെടുത്തിട്ടുണ്ട്! ......

സാക്ഷി നിൽക്കുന്നതിൻെറ ഗൗരവം മനസ്സിലാക്കാത്തവർ, നീ എനിക്കു സാക്ഷി നിന്നാൽ ഞാൻ നിനക്കും സാക്ഷി നിൽക്കാം എന്നു പറഞ്ഞുകൊണ്ട്, ആളെക്കുറിച്ചും സംഭവത്തെക്കുറിച്ചും വ്യക്തമായ ധാരണയും അറിവും ഉണ്ടായിരിക്കേണ്ട കാര്യങ്ങൾക്കു സാക്ഷി പറയാറുണ്ട്. അങ്ങനെ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനോ വീടിൻെറ ഉടമസ്ഥതക്കോ, സ്വഭാവ ശുദ്ധിയെക്കുറിച്ചോ സാക്ഷി പറയുന്നത് കോടതിയുടെ പടിവാതിലിൽ നിന്നോ ഇടനാഴികകളിൽ നിന്നോ ഉള്ള പരിചയത്തിന്മേലായിരിക്കും. ഇതു കള്ളസാക്ഷ്യമാണ്. സാക്ഷി പറയുന്നവനെക്കുറിച്ചു ഖുർആൻ പറയുന്നു:

﴿وَمَا شَهِدْنَا إِلاَّ بِمَا عَلِمْنَا...﴾ (يوسف:٨١)

**ഞങ്ങൾക്കു അറിഞ്ഞതിൻെറ അടിസ്ഥാനത്തിൽ മാത്രമാണ് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടുള്ളത്.** [വി.ഖു. 12:81]

അറിഞ്ഞ കാര്യങ്ങൾ മറച്ചു വക്കാതെ സാക്ഷി നിൽക്കണമെന്നാണി ഇസ്ലാം പഠിപ്പിക്കുന്നത്. ഇതല്ലാത്തതെല്ലാം കള്ളസാക്ഷിയായി ഗണിക്കപ്പെടുന്നതാണ്.

## സംഗീതവും വാദ്യോപകരണങ്ങളും

അല്ലാഹു പറയുന്നു:

﴿وَمِنَ النَّاسِ مَنْ يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَنْ سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا أُولَئِكَ لَهُمْ عَذَابٌ مُهِينٌ﴾ (لقمان:٦)

**യാതൊരു വിവരവുമില്ലാതെ ദൈവമാർഗത്തിൽ നിന്ന് ജനങ്ങളെ തെറ്റിച്ചു കളയുവാനും, അതിനെ പരിഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദവാർത്തകൾ വിലക്കു വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത്.** [വി.ഖു.31:6]

ഈ വചനത്തിൻെറ ഉദ്ദേശ്യം സംഗീതത്തെയാണ് സൂചിപ്പിക്കുന്നതെന്ന് അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) സത്യം ചെയ്തു പറയാറുണ്ടായിരുന്നു. [ഇബ്നുകഥീർ:3/486]

അബൂആമിറിൽ നിന്നും അബൂമാലികിൽ അശ്അരിയിൽ നിന്നും ഉദ്ധരിക്കപ്പെടുന്ന ഹദീഥിൽ ഇങ്ങനെ കാണാം:

قال رسول الله ﷺ:((ليكونن من أمتي أقوام يستحلون الحر والحرير والخمر والمعازف ..(رواه البخاري، فتح الباري ١٠/٥١

**വ്യഭിചാരവും പട്ടും മദ്യവും വാദ്യോപകരണങ്ങളും അനുവദനീയമായി കാണുന്ന ഒരു വിഭാഗം തീർച്ചയായും എൻെറ സമുദായത്തിൽ വരും.** [ബുഖാരി]

അനസ് (റ) വിൽ നിന്ന് നിവേദനം; നബി ﷺ പറഞ്ഞു:

((ليكونن في هذه الأمة خسف وقذف ومسخ وذلك إذا شربوا الخمور واتخذوا القينات وضربوا بالمعازف)) ابن أبي الدنيا انظر سلسلة الأحاديث الصحيحة ٢٢٠٣

**ഈ സമുദായം ലഹരി വസ്തുക്കൾ സേവിക്കുകയും വാദ്യോപകരണങ്ങളെയും നർത്തകിമാരെയും സ്വീകരിക്കുകയും ചെയ്താൽ അവരിൽ ഭൂമിയിലേക്കു താഴ്ത്തപ്പെടലും ചരൽമഴ വർഷിപ്പിക്കലും രൂപം മറിക്കലുമെല്ലാം സംഭവിക്കുന്നതാണ്.** [സിൽസിലത്തുൽ അഹാദീഥി സ്സ്വഹീഹഃ, അൽബാനി]

നബി ﷺ ചെണ്ടയെ നിരോധിക്കുകയും ഓടക്കുഴൽ വാദനയെ വിഢ്ഢിയായ തെമ്മാടിയുടെ ശബ്ദമെന്ന് വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇമാം അഹ്മദുബ്നു ഹമ്പലിനെപ്പോലെയുള്ള പണ്ഡിതരുടെയും അഭിപ്രായം ഇതുതന്നെ. വാദ്യോപകരണങ്ങളായ സാരംഗി, വീണ, സിതാർ, പിയാനോ, ഓർഗൻ, വയലിൻ, തമ്പുരു, ഊത്തുകുഴൽ, മുക്കമ്പിവീണ, കൈമണി തുടങ്ങിയ എല്ലാ ആധുനിക സംഗീതോപകരണങ്ങളും നബി ﷺ നിരോധിച്ചതിലുൾപ്പെടുന്നു.

നിരോധിക്കപ്പെട്ട പ്രാചീന വാദ്യോപകരണങ്ങളുടെ പതിന്മടങ്ങ് ആനന്ദലഹരി സൃഷ്ടിക്കാൻ ആധുനിക സംഗീതോപകരണങ്ങൾക്ക് കഴിയും. എന്നു മാത്രമല്ല, സംഗീത ലഹരി മദ്യലഹരിയെക്കാൾ ശക്തവുമാണ്. ഇബ്നു ഖയ്യിമിനെപ്പോലെയുള്ള പണ്ഡിതർ ഈ അഭിപ്രായക്കാരത്രെ. സംഗീതോപകരണങ്ങളുടെ ശബ്ദം ഗായികമാരുടെ മധുര ഗീതത്തിലലിയുകയും അനുരാഗശൃംഗാര ഇതിവൃത്തങ്ങൾ വിഷയീഭവിക്കുകയും ചെയ്താൽ അപകടം പതിന്മടങ്ങ് വർദ്ധിക്കുന്നു. അതുകൊണ്ടാവാം പണ്ഡിതന്മാർ സംഗീതത്തിനു 'വ്യഭിചാരത്തിൻെറ ദൂതൻ' എന്നു പേരു നൽകിയിട്ടുള്ളത്.

സംഗീതം മനസ്സിൽ കാപട്യം സൃഷ്ടിക്കാൻ കാരണമായിത്തീരും. പൊതുവായി പ്പറഞ്ഞാൽ സംഗീതം എന്ന വിപത്ത് ഈ ലോകത്തിൻെറ ഏറ്റവും വലിയ കുഴപ്പമത്രെ! ഇന്ന് സംഗീതം, ക്ലോക്കുകൾ കാളിംഗ് ബല്ലുകൾ കളിപ്പാട്ടങ്ങൾ, കമ്പ്യൂട്ടർ, ടെലഫോൺ എന്നിവകളിൽ ഭരണിയിലകപ്പെട്ട ഭൂതത്തെപ്പോലെ കൂടികൊള്ളുന്നതിനാൽ അതിൽ നിന്നും രക്ഷപ്പെടുക വളരെ പ്രയാസകരമായ ഒരു കാര്യമാണ്. അല്ലാഹുവിൽ ശരണം.

## പരദൂഷണം

സദസ്സുകളിലെ വളരെ രുചിപ്രദമായ വിഭവം പരദൂഷണമാണ്. അന്യരുടെ അഭിമാനത്തിൽ മേഞ്ഞുനടക്കുന്ന ഈ പ്രവൃത്തിയെ അല്ലാഹു വിരോധിച്ചത് മനസ്സിൽ അറപ്പും വെറുപ്പും സൃഷ്ടിക്കാവുന്ന രൂപത്തിലാണ്. അല്ലാഹു പറയുന്നു:

﴿...وَلَا يَغْتَب بَّعْضُكُم بَعْضًا أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ...﴾ (الحجرات:١٢)

**നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദൂഷിച്ചു പറയുകയും അരുത്. തൻെറ സഹോദരൻ മരിച്ചു കിടക്കുമ്പോൾ അവൻെറ മാംസം ഭക്ഷിക്കുവാൻ നിങ്ങളിലാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്.** [വിഖു. 49:12]

പരദൂഷണം എന്താണെന്ന് നബി ﷺ തന്നെ വിശദീകരിക്കുന്നു:

((أ تـدرون مـا الغيبة؟ قالوا: الله ورسوله أعلم، قال: ذكرك أخاك بما يكره، قيل: أفرأيت إن كان في أخي ما أقول؟ قال: إن كان فيه ما تقول فقد اغتبته وإن لم يكن فيه فقد بهته)) رواه مسلم ٢٠٠١/٤

**പരദൂഷണം എന്താണെന്ന് നിങ്ങൾക്കറിയാമോ? സ്വഹാബികൾ: അല്ലാഹുവിനും അവൻെറ ദൂതനുമാണ് കൂടുതൽ അറിയുക. നബി: നിൻെറ സഹോദരനു വെറുപ്പുള്ള കാര്യം നീ പറയലാണത് (പരദൂഷണം). സ്വഹാബി: ഞാൻ പറയുന്നകാര്യം എൻെറ സഹോദരനിൽ ഉള്ളതാണെങ്കിലോ? നബി: നീ പറയുന്നത് അവനിലുള്ളതാണെങ്കിൽ നീ പരദൂഷണം പറഞ്ഞു, ഇല്ലെങ്കിൽ നീ അവൻെറ പേരിൽ കളവു പറഞ്ഞു.** [മുസ്ലിം]

ഒരു സഹോദരനെ കുറിച്ചു ശാരീരികമോ മതപരമോ സ്വഭാവപരമോ ജന്മവൈകല്യങ്ങളോ തുടങ്ങി അവനിഷ്ടപ്പെടാത്ത കാര്യം പറയലാകുന്നു പരദൂഷണം. ഇതിനു വിവിധ രൂപങ്ങളുണ്ടാവാം. ഒരാളുടെ ന്യൂനതകളോ പ്രവൃത്തികളോ പരിഹാസ്യമായി സ്വീകരിക്കുകയെന്നതാണ് വിഷയത്തിൻെറ കാതലായ വശം.

അല്ലാഹുവിങ്കൽ ഗുരുതരവും വൃത്തികെട്ടതുമായ ഈ പ്രവൃത്തി നിസ്സാരമായി ഗണിക്കുന്നവരുണ്ട്. നബി ﷺ പറയുന്നു:

((الـــربا اثنان وسبعون بابا أدناها مثل اتيان الرجل أمه، وإن أربى الربا استطالة الرجل في عرض أخيه)) السلسلة الصحيحة ١٨٧١

**പലിശ എഴുപത്തിരണ്ട് വിഭാഗമുണ്ട്. അതിലേറ്റവും ചെറിയതിന്റെ കുറ്റം ഒരാൾ മാതാവിന്റെ കൂടെ രമിക്കുന്നതുപോലെയും ഏറ്റവും വലുത് ഒരാൾ തന്റെ സഹോദരന്റെ അഭിമാനത്തിൽ കടന്നുകയറ്റം നടത്തിയതു പോലെയുമാകുന്നു.** [സിൽസിലതുൽ അഹാദീഥി സ്സ്വഹീഹഃ അൽബാനി]

പരദൂഷണത്തിനു വിധേയമാകുന്ന ഒരു സഹോദരന്റെ അഭിമാന സംരക്ഷണത്തിനായി പ്രതിരോധിക്കാൻ നബി ﷺ നിർദ്ദേശം നൽകിയിരിക്കുന്നു:

((مـــن ردّ عـــن عرض أخيه ردّ الله عن وجهه النار يوم القيامة)) رواه أحمد ٦/٤٥٠ صحيح الجامع ٦٢٣٨

**ആരെങ്കിലും'തന്റെ സഹോദരന്റെ അഭിമാന സംരക്ഷണത്തിനായി പ്രതിരോധിച്ചാൽ അല്ലാഹു അവന്റെ മുഖത്തെ അന്ത്യനാളിൽ നരകത്തിൽ നിന്നും തടയുന്നതാണ്.** [അഹ്മദ്]

## ഏഷണി

ജനങ്ങളുടെ സംസാരങ്ങൾ ഉദ്ധരിച്ചു പരസ്പരം കുഴപ്പവും നാശവുംസൃഷ്ടിക്കുന്ന ചിലരുണ്ട്. അതു മൂലം ശത്രുതയും വൈരാഗ്യവും സൃഷ്ടിക്കുകയാണവർ ചെയ്യുന്നത്. ഇത് അല്ലാഹു വിരോധിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿وَلَا تُطِعْ كُلَّ حَلَّافٍ مَّهِينٍ ، هَمَّازٍ مَّشَّاءٍ بِنَمِيمٍ﴾ (القلم: ١٠-١١)

**അധികമായി സത്യം ചെയ്യുന്നവനും നിചനും കുത്തുവാക്കു പറയുന്നവനും ഏഷണിയുമായി നടക്കുന്നവനും ആയിട്ടുള്ള യാതൊരാളെയും നീ അനുസരിച്ചു പോകരുത്.** [വി.ഖു. 68:10-11]

ഹുദൈഫഃ رضي الله عنه യിൽ നിന്ന് നിവേദനം ചെയ്യപ്പെടുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

((لا يدخل الجنة قتات)) رواه البخاري، فتح الباري ١٠/٤٧٢

ജനങ്ങളുടെ സംസാരം കട്ടുകേൾക്കുകയും എന്നിട്ട് ഏഷണി പറയുകയും ചെയ്യുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. (ബുഖാരി)

ഇബ്നു അബ്ബാസ് ﷺൽ നിന്നു നിവേദനം;

مـرّ النبي ﷺبحائط من حيطان المدينة فسمع صوت إنسانين يعذّبان في قبورهما فقال النبي ﷺ (( يعذّبان، وما يعذّبان في كبيرثم قال : بلى ،(وفي روايـة: وإنـه لكبير) ثم قال: كان أحدهما لا يستتر من بوله وكان الآخر يمشي بالنميمة)) رواه البخاري،فتح الباري ٣١٧/١

നബി ﷺ മദീനയിലെ ഒരു തോട്ടത്തിന്റെ അരികിലൂടെ നടക്കവെ ഖബർ ശിക്ഷക്കു വിധേയമാക്കപ്പെട്ട രണ്ടാൾക്കാരുടെ ശബ്ദം കേൾക്കാനിടയായി. ഇതുകേട്ട നബി ﷺ പറഞ്ഞു: അവർ രണ്ടുപേരും ശിക്ഷിക്കപ്പെടുന്നു, എന്നാൽ വലിയ കാര്യങ്ങൾക്കല്ല ശിക്ഷിക്കപ്പെടുന്നത്. (മറ്റൊരു റിപ്പോർട്ടിൽ: അതും വലിയതു തന്നെ.) അവരിലൊരുവൻ മൂത്രമൊഴിക്കുമ്പോൾ മറ സ്വീകരിക്കാറുണ്ടായിരുന്നില്ല. അപരൻ ഏഷണിയുമായി നടക്കുന്നവനുമായിരുന്നു. (ബുഖാരി)

ഭാര്യാഭർത്താക്കൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻ ഉള്ള ശ്രമമാണ് ഏറ്റവും വൃത്തികെട്ട ഏഷണി. മേലുദ്യോഗസ്ഥരുടെ അടുക്കൽ കീഴുദ്യോഗസ്ഥരെക്കുറിച്ചു ഏഷണി പറയുന്നവരുമുണ്ട്. ഇതെല്ലാം അതി ഭയങ്കരമായ ഹറാമിലുൾപെടുന്ന കാര്യമാകുന്നു.

## വീട്ടിലേക്ക് എത്തിനോക്കൽ

അല്ലാഹു പറയുന്നു:

﴿يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَدْخُلُوا۟ بُيُوتًا غَيْرَ بُيُوتِكُمْ حَتَّىٰ تَسْتَأْنِسُوا۟ وَتُسَلِّمُوا۟ عَلَىٰٓ أَهْلِهَا ...﴾ (النور:٢٧)

ഹേ, സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്. നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ... (വിഖു. 24:27)

വീട്ടുകാരോട് സമ്മതം ചോദിക്കാതെ കടന്നു ചെല്ലാൻ പാടില്ലെന്ന് നബിﷺ പറയാനുണ്ടായ കാരണം, അവരുടെ നഗ്നത കാണാനിട യാകുമെന്നതാണ്. ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

((إنّما جُعِلَ الاستئذانُ من أجل البصر)) رواه البخاري، فتح الباري ١١/٢٤

**കണ്ണുകൾ കാരണമാണ് സമ്മതം ചോദിക്കൽ നിയമമാ ക്കപ്പെട്ടിട്ടുള്ളത്.** [ബുഖാരി]

ഇപ്പോൾ വലിയ കെട്ടിടങ്ങൾ അടുത്തടുത്ത് വന്നതും വാതിലുക ളും ജനലുകളും അഭിമുഖമായി സ്ഥാപിക്കപ്പെടുന്നതും അയൽവാ സികളുടെ രഹസ്യങ്ങൾ പുറത്തറിയാനുള്ള സാധ്യതകൾ വർദ്ധിപ്പി ക്കുന്നു. മാത്രവുമല്ല, പലരും ഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ള ദൃഷ്ടികൾ താഴ്ത്തുകയെന്ന കൽപന പാലിക്കാത്തവരുമാണ്. അതുകൊണ്ടു തന്നെ ഇത്തരം വീടുകളും അവയുടെ ടെറസുകളും അന്യരുടെ രഹസ്യങ്ങൾ എത്തിനോക്കാനുള്ള സൗകര്യമായി ഉപയോഗി ക്കപ്പെടുന്നു. ഇത് അന്യന്റെ അഭിമാനത്തിനു ക്ഷതം വരുത്തുന്ന ദുഷ്കർമ്മമത്രെ. അതുകൊണ്ടു തന്നെ ഇത് നിഷിദ്ധവുമാണ്. ഇങ്ങനെ ചെയ്യുന്നവരുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചാൽ പ്രതികാര നടപടി എടുക്കപ്പെടുകയില്ല എന്ന നബിവചനം ഈ നികൃഷ്ട പ്രവൃത്തിയുടെ ഭയാനകതയെ സൂചിപ്പിക്കാനുള്ള മതിയായ തെളി വാകുന്നു.

## രഹസ്യം പറയൽ

മുസ്‌ലിംകൾക്കിടയിൽ ഭിന്നിപ്പും വിദ്വേഷവും സൃഷ്ടിക്കുവാൻ പിശാച് ഉപയോഗപ്പെടുത്തുന്ന ഏറ്റവും നല്ല അവസരമാണ് മൂന്നാളു കൾ ഉള്ളപ്പോൾ രണ്ടാളുകൾ മാത്രം രഹസ്യം പറയൽ. നബിﷺ പറ ഞ്ഞു:

((إذا كنتم ثلاثة فلا يتناجى رجلان دون الآخر حتى تختلطوا بالناس من أجل أن ذلك يحزنه)) رواه البخاري، فتح الباري ١١/٨٣

**നിങ്ങൾ മൂന്നാളുകൾ മാത്രമാകുമ്പോൾ ജനങ്ങൾക്കി ടയിൽ എത്തുന്നതുവരെ രണ്ടാളുകൾ മാത്രം സ്വകാര്യം പറയരുത്. കാരണം അത് അപരനെ ദുഃഖിപ്പിച്ചേക്കും.** [ബുഖാരി]

നാലാളുകൾ മാത്രമുള്ളപ്പോൾ മൂന്നാളുകൾ മാത്രം നടത്തുന്ന സ്വകാര്യ സംഭാഷണവും, ഒരാൾക്കു മാത്രം മനസ്സിലാകാത്ത ഭാഷ ഉപയോഗിക്കുന്നതും ഈ ഗണത്തിലുൾപ്പെടും. ഇങ്ങനെ നടക്കുന്ന സ്വകാര്യ സംഭാഷണങ്ങൾ മൂന്നാമനിൽ അപകർഷതാ ബോധം സൃഷ്ടിക്കുകയും അവനെക്കുറിച്ചുള്ള ഗൂഢാലോചനയാണെന്ന് ന്യായമായും സംശയിക്കുകയും ചെയ്യും.

## വസ്ത്രം വലിച്ചിഴക്കൽ

ജനങ്ങൾ നിസ്സാരമാക്കുന്നതും അല്ലാഹുവിങ്കൽ ഗുരുതരവുമായ തെറ്റാണ് വസ്ത്രം വലിച്ചിഴക്കൽ. നെരിയാണിക്കു താഴെ വസ്ത്രം താഴുന്നതിനെ ഇസ്‌ലാം വിലക്കിയിരിക്കുന്നു. എങ്കിലും ചിലർ നെരിയാണിക്കു താഴെ വസ്ത്രം ധരിക്കുന്നവരും മറ്റുചിലർ നിലത്ത് വലിച്ചിഴച്ചു നടക്കുന്നവരുമാണ്. ഒരു ഹദീഥ്:

عــن أبي ذرّ مرفوعا((ثلاثة لا يكلمهم الله يوم القيامة ولاينظر إليهم ولا يزكيهم ولهم عذاب اليم: المسبل (وفي رواية:إزاره) والمنان (وفي رواية: الذي لا يعطي شيئا إلا منه) والمنفق سلعته بالحلف الكاذب)) رواه مسلم ١٠٢/١

മൂന്നു വിഭാഗം ആൾക്കാരോട് അല്ലാഹു ഖിയാമത്ത് നാളിൽ സംസാരിക്കുകയോ അവരെ നോക്കുകയോ സംസ്കരിക്കുകയോ ഇല്ല. അവർക്കു വേദനാജനകമായ ശിക്ഷയുണ്ട്: വസ്ത്രം വലിച്ചിഴക്കുന്നവൻ, (ഒരുറിപ്പോർട്ടിൽ: അവൻെറ ഉടുമുണ്ട് എന്നുകൂടിയുണ്ട്.) കൊടുത്തത് എടുത്തുപറയുന്നവൻ, (ഒരുറിപ്പോർട്ടിൽ: അവൻ എടുത്തുപറയാത്ത ഒരു ദാനവുമുണ്ടാകില്ല എന്നു കൂടിയുണ്ട്.) കള്ളസത്യം ചെയ്തു കൊണ്ട് ചരക്ക് വിൽക്കുന്നവൻ. [മുസ്‌ലിം]

വസ്ത്രം വലിച്ചിഴക്കുകയും തനിക്കതിൽ അഹങ്കാരമില്ലെന്ന് വാദിക്കുകയും ചെയ്യുന്ന ചിലരുണ്ട്. അവർ അവകാശപ്പെടുന്നത് ശുദ്ധ കാപട്യമാണ്. നബിﷺ പറഞ്ഞു:

((مــا تحت الكعبين من الإزار ففي النار)) رواه أحمد ٢٥٤/٦، في صحيح الجامع ٥٥٧١

നെരിയാണിക്കു താഴെ പോയ വസ്ത്രം നരകത്തിലാകുന്നു. [അഹ്മദ്]

അഹങ്കാര ലക്ഷണം നെരിയാണിക്കു താഴെ വസ്ത്രം പോവുകയെന്നതാണ്, അല്ലാതെ അഹങ്കാരത്തിൻെറ നിയ്യത്ത് വേണമെന്നില്ല. വസ്ത്രം വലിച്ചിഴക്കുന്നത് ഉദ്ദേശ്യത്തോടെയാണെങ്കിലും അല്ലെങ്കിലും ഈ ഹദീഥിൻെറ താക്കീതിൽ ഉൾപെടുന്നു. നബിﷺ പറഞ്ഞു:

((من جرّ ثوبه خيلاء لم ينظر الله إليه يوم القيامة)) رواه البخاري ٣٤٦٥

**ആരെങ്കിലും അഹങ്കാരത്തോടെ വസ്ത്രം വലിച്ചിഴച്ചാൽ അന്ത്യനാളിൽ അല്ലാഹു അവനെ നോക്കുകയില്ല.** (ബുഖാരി)

വലിച്ചിഴക്കുന്നത് അഹങ്കാരത്തോടെയാണെങ്കിൽ തെറ്റിൻെറ കാഠിന്യം വർദ്ധിക്കുമെന്നാണ് ഈ ഹദീഥ് നൽകുന്ന പാഠം. ഇവൻ രണ്ടു തെറ്റുകൾ ഒരുമിച്ചു ചെയ്യുന്നു.

حديث ابن عمر ((الإسبال في الإزار والقميص والعمامة، من جر منها شيئا خيلاء لم ينظر الله إليه يوم القيامة)) رواه أبوداود ٣٥٣/٤ صحيح الجامع ٢٧٧٠

**വലിച്ചിഴക്കൽ (ഇസ്ബാൽ) ഉടുമുണ്ടിലും കുപ്പായത്തിലും തലപ്പാവിലുമുണ്ട്. അവയിലേതെങ്കിലുമൊന്ന് അഹങ്കാരത്തോടെ ആരെങ്കിലും വലിച്ചിഴച്ചാൽ ഖിയാമത്ത് നാളിൽ അല്ലാഹു അവനെ നോക്കുകയില്ല.** (അബൂദാവൂദ്)

അമിതമായ വലിപ്പം ഏതുതരം വസ്ത്രത്തിനുണ്ടെങ്കിലും അതെല്ലാം നിഷിദ്ധം തന്നെയെന്ന് ഈ ഹദീഥ് സൂചിപ്പിക്കുന്നു. സ്ത്രീകൾക്ക് കാറ്റിൽ അവരുടെ നഗ്നത(ഔറത്ത്) വെളിവാകാതിരിക്കുവാൻ വേണ്ടി ഒരു ചാണോ ഒരു മുഴമോ നെരിയാണിക്കു താഴെ താഴ്ത്തിയിടാൻ നബിﷺ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ചില കല്യാണപ്പുടവകൾ കൂടെയുള്ളവർ പൊക്കിപ്പിടിച്ചു നടക്കേണ്ട രൂപത്തിൽ മീറ്ററുകളോളം വലിപ്പമുള്ളവയാണ്. ഇത്തരം വസ്ത്രധാരണം നബിﷺ വിരോധിച്ചതിലുൾപ്പെടുന്നു.

# പുരുഷന് സ്വർണ്ണാഭരണം?

നബിﷺ പറഞ്ഞു:

((أحـلّ لإنـاث أمتي الحرير والذهب وحرّم على ذكورها)) رواه أحمد ٤/ ٣٩٣ صحيح الجامع ٢٠٧

**എന്റെ സമുദായത്തിലെ സ്ത്രീകൾക്ക് സ്വർണ്ണവും പട്ടും അനുവദിക്കപ്പെടുകയും പുരുഷന്മാർക്ക് നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു.** [അഹ്മദ്]

മാർക്കറ്റുകളിൽ സ്വർണ്ണ നിർമ്മിതമോ പൂശിയതോ ആയ കണ്ണടകൾ, ബട്ടനുകൾ, പേനകൾ, കീച്ചെയിനുകൾ എന്നിവ കാണാം. മാത്രമല്ല, ചില മത്സര സമ്മാനങ്ങളായി പുരുഷന്മാർക്ക് സ്വർണ്ണ വാച്ചുകളുണ്ടെന്ന് പരസ്യം ചെയ്യപ്പെടാറുമുണ്ട്. നബിﷺയുടെ കാലത്തുണ്ടായ ഒരു സംഭവം ശ്രദ്ധിക്കൂ:

عن ابن عباس أن رسول الله ﷺ رأى خاتما من ذهب في يد رجل فنزعه فطـرحه، فقـال:(( يعمـد أحدكم إلى جمرة من نار فيجعلها في يده؟ فقيل للـرجل بعـد ما ذهب رسول الله ﷺ: خذ خاتمك انتفع به، قال: لآ والله لآ آخذه أبدا وقد طرحه رسول الله ﷺ)) رواه مسلم ٣/١٦٥٥

**കയ്യിൽ സ്വർണ്ണ മോതിരം ധരിച്ച ഒരാളിൽ നിന്നും നബിﷺ അത് അഴിച്ചെടുത്തു എറിഞ്ഞു. എന്നിട്ടിങ്ങനെ ചോദിച്ചു: നിങ്ങളാരെങ്കിലും ബോധപൂർവ്വം ഒരു തീക്കനൽ എടുത്ത് കയ്യിൽ ധരിക്കുമോ? നബി ﷺ പോയ ശേഷം അയാളോട് പറയപ്പെട്ടു: നിന്റെ മോതിരം എടുത്തോളൂ, അത് മറ്റേതെങ്കിലും രൂപത്തിൽ ഉപയോഗപ്പെടുത്താം. അദ്ദേഹം പറഞ്ഞു: വേണ്ട, അല്ലാഹു സത്യം, നബിﷺ അത് എറിഞ്ഞു കളഞ്ഞ സ്ഥിതിക്കു ഞാനതെടുക്കുകയില്ല.** [മുസ്ലിം]

നബിﷺ സ്വീകരിച്ച ഈ നിലപാടിൽനിന്നും പുരുഷന്മാർക്ക് സ്വർണ്ണം വളരെക്കുറവാണെങ്കിലു നിഷിദ്ധമാണെന്നു പഠിപ്പിക്കുന്നു.

# സ്ത്രീകളും വസ്ത്രധാരണവും

ആധുനിക കാലത്ത് മുസ്ലിംകളുടെ സാംസ്കാരത്തിനു നേരെ നടക്കുന്ന അത്യധികം ആസൂത്രിതമായ കടന്നാക്രമണമാണ് വസ്ത്ര രംഗത്തുള്ള ഫാഷൻഭ്രമം. നമ്മുടെ ശത്രുക്കൾ വസ്ത്രങ്ങളുടെ

വിവിധ മോഡലുകൾ വിശദവും സമ്പൂർണ്ണവുമായ ചിത്രങ്ങളിലൂടെ പ്രചരിപ്പിക്കുന്നു. നീളക്കുറവുകൊണ്ടും നൈർമല്യം കൊണ്ടും ശരീരത്തിലേക്ക് ഒട്ടിച്ചേർന്നു നിൽക്കുന്നതും മറക്കപ്പെടേണ്ട ഭാഗങ്ങൾ മറക്കാൻ അപര്യാപ്തവുമായ ഇത്തരം വസ്ത്രങ്ങൾ തൻെറ രക്തബന്ധമുള്ളവരുടെയും മറ്റുസ്ത്രീകളുടെ ഇടയിൽപ്പോലുമോ ധരിക്കാൻ പറ്റാത്ത വിധം ആഭാസകരമാണ്. അവസാന കാലഘട്ടത്തിൽ ഇത്തരം വസ്ത്രം ധരിക്കുന്നവരുണ്ടാകുമെന്ന് അബൂഹുറയ്റ (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ പറഞ്ഞിരിക്കുന്നു:

((صنفان من أهل النارلم أرهما: قوم معهم سياط كأذناب البقر يضربون بها الناس، ونساء كاسيات عاريات مميلات مائلات رؤسهن كأسنمة البخت المائلة، لا يدخلن الجنة ولا يجدن ريحها وإن ريحها ليوجد من مسيرة كذا وكذا)) رواه مسلم ١٦٨٠/٣

**ഞാൻ കണ്ടിട്ടില്ലാത്ത രണ്ടുവിഭാഗം നരകാവകാശികളുണ്ട്. പശുവിൻ വാലു പോലുള്ള ചാട്ടവാറുകൊണ്ട് ജനങ്ങളെ അടിക്കുന്നവർ. വസ്ത്രം ധരിച്ചാലും നഗ്നകളും അന്യരെ ആകർഷിക്കുന്നവരും തന്നിലേക്ക് ആകർഷിപ്പിക്കുന്നവരും ചായുന്ന ഒട്ടകപ്പൂഞ്ഞകളെപ്പോലുള്ള തലമുടിയുള്ളവരുമായ സ്ത്രീകളും.ഈ രണ്ടുവിഭാഗങ്ങളും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ വളരെ വിദൂരത്തേക്ക് അടിച്ചു വീശുന്ന അതിൻെറ സുഗന്ധം പോലും ആസ്വദിക്കുകയോ ചെയ്യുന്നതല്ല.** [മുസ്ലിം]

അടിമുതൽ മുകൾവരെ തുറന്ന രൂപത്തിലുള്ളതോ അല്ലെങ്കിൽ അങ്ങിങ്ങായി തുറന്ന രൂപത്തിൽ ഡിസൈൻ ചെയ്തതും ഇരുന്നാൽ സ്ത്രീയുടെ ശരീഭാഗങ്ങൾ വെളിവാകുന്നതുമായ വസ്ത്രങ്ങളും ഈ ഇനത്തിലുൾപെടുന്നു. ആധുനികതയുടെ പേരിലോ ഫാഷൻ ഭ്രമത്തിലോ അവിശ്വാസികളെ പിൻതുടരുന്നവരുടെ പ്രവൃത്തിയിൽ നിന്നും അല്ലാഹുവിൽ ശരണം തേടുകയല്ലാതെ നിർവ്വാഹമില്ല.

അതുപോലെ അപമാനകരമാണ് വസ്ത്രങ്ങളിൽ കാണുന്ന ചില ചിത്രവേലകൾ. സംഗീത സാമ്രാട്ടുകൾ, ഗായക സംഘങ്ങൾ, മദ്യചഷകങ്ങൾ, ജീവജാലങ്ങൾ, കുരിശടയാളങ്ങൾ എന്നിവയുടെ ചിത്രങ്ങളും സാംസ്കാരിക അധഃപതനം വിളിച്ചോതുന്ന ക്ലബ്ബുകളുടെ പരസ്യങ്ങളും, സംസ്കാരശൂന്യമായ പദപ്രയോഗങ്ങളും

വസ്ത്രങ്ങളുടെ അലങ്കാരമായി മാറിയിരിക്കുന്നു. ഇവയിൽ പലതും അന്യഭാഷകളിലാണെന്നു മാത്രം. ഇത്തരംപേക്കോലങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടുകയെന്നത് ഒരു മുസ്ലിമിന്റെ അന്തസ്സാർന്ന ജീവിതത്തിന്റെ ഭാഗമാണ്.

## കൃത്രിമ മുടി

അസ്മാഅ് ബിൻത് അബീബകർ (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥ്:

جائت امرأة إلى النبي ﷺ فقالت يا رسول الله إن لي ابنة عريسا أصابتها حصبة فتمرق شعرها أفأصله فقال ﷺ:(( لعن الله الواصلة والمستوصلة))
رواه مسلم ١٦٧٦/٣

**ഒരു സ്ത്രീ പ്രവാചക സന്നിധിയിൽ വന്നു പറഞ്ഞു: പ്രവാചകരേ, അടുത്തു തന്നെ ഭർതൃ വീട്ടിലേക്കയക്കേണ്ട എന്റെ മകൾക്കു പകർച്ചപ്പനി ബാധിച്ചു, അവളുടെ മുടി കൊഴിയുന്നുണ്ട്. ഞാനവൾക്കു കൃത്രിമ മുടി വെക്കട്ടെയോ? നബി: കൃത്രിമ മുടി വെക്കുന്നവളെയും വെക്കപ്പെടുന്നവളെയും അല്ലാഹു ശപിച്ചിരിക്കുന്നു.** [മുസ്ലിം]

ജാബിർ (റ) ൽ നിന്നുള്ള മറ്റൊരു റിപ്പോർട്ട്:

((زجر النبي ﷺ أن تصلي المرأة برأسها شيئا)) رواه مسلم ١٦٧٩/٣

**സ്ത്രീ അവളുടെ തലയിൽ കൃത്രിമമായ വല്ലതും വച്ചുകെട്ടാൻ ഉപയോഗിക്കുന്നത് നബിﷺ വിരോധിച്ചിരിക്കുന്നു.** [മുസ്ലിം]

ബ്യൂട്ടിപാർലറുകളും അവയിലെ അവിശ്വാസിനികളുടെ കേശാലങ്കാരവേലകളും നടീനടന്മാരെപ്പോലെ കൃത്രിമ മുടി ഉപയോഗിക്കുന്നതുമെല്ലാം ഇസ്ലാം നിരോധിച്ച നിഷിദ്ധ കാര്യവും പരലോക പ്രതിഫലം നഷ്ടപ്പെടുന്നവരുടെ പ്രവർത്തനവുമാണ്.

## വേഷം മാറൽ

അല്ലാഹുവിന്റെ സൃഷ്ടി നിയമങ്ങൾക്കനുസൃതമായി മനുഷ്യകുലം മുന്നോട്ടു നീങ്ങുമ്പോൾ മാത്രമേ അവരുടെ ഗമനം ശാന്തസുന്ദരമായിത്തീരുകയുള്ളൂ. പുരുഷൻ തന്റെസൃഷ്ടി പ്രകൃതിയും,

സ്ത്രീ അവളുടെ സൃഷ്ടിപ്രകൃതിയും നിലനിർത്തണമെന്നാണ് അല്ലാഹുവിൻെറ നിയമം. പുരുഷൻ സ്ത്രീയാവാനോ സ്ത്രീ പുരുഷനാകാനോ ശ്രമിക്കുന്നതു മൂലം സാമൂഹിക ജീവിതത്തിൻെറ നിയമങ്ങൾ കുത്തയഞ്ഞു പോവുകയും അവരുടെ വംശനാശത്തിനു തന്നെ ഇടവരുത്തുകയും ചെയ്യും. സ്ത്രീയും പുരുഷനും അവരുടെ സൃഷ്ടിപ്രകൃതിക്കു വിരുദ്ധമായ സ്വഭാവം സ്വീകരിക്കുന്നത് മതദൃഷ്ട്യാ നിഷിദ്ധമാക്കപ്പെട്ടതും അങ്ങനെ ചെയ്യുന്നവരെ ശപിക്കുക മൂലം ആ പ്രവൃത്തി വൻദോഷത്തിൽപെട്ടതാണെന്ന് ഇസ്ലാം പഠിപ്പിക്കുകയും ചെയ്യുന്നു. ഇബ്നുഅബ്ബാസിൽ നിന്നുള്ള ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

((لعـن رسـول الله ﷺ المتشبهين من الرجال بالنساء والمتشبهات من النساء بالرجال)) رواه البخاري، فتح الباري ١٠/٣٣٢

**സ്ത്രീവേഷം കെട്ടുന്ന പുരുഷന്മാരെയും പുരുഷവേഷം കെട്ടുന്ന സ്ത്രീകളെയും പ്രവാചകൻ ﷺ ശപിച്ചിരിക്കുന്നു. [ബുഖാരി]**

മറ്റൊരു റിപ്പോർട്ടിൽ:

((لعـن رسول الله ﷺ المخنثين من الرجال والمترجلات من النساء)) رواه البخاري، فتح الباري ١٠/٣٣٣

**സ്ത്രീ സ്വഭാവം (സംസാരം) സ്വീകരിക്കുന്ന പുരുഷനെയും പുരുഷ സ്വഭാവം (സംസാരം) സ്വീകരിക്കുന്ന സ്ത്രീയെയും അല്ലാഹുവിൻെറ ദൂതൻ ശപിച്ചിരിക്കുന്നു. [ബുഖാരി]**

ചലന, നിശ്ചലനങ്ങളിലോ സംസാര, സഞ്ചാരങ്ങളിലോ ശാരീരികപ്രകൃതികളിലോ മാറ്റംവരുത്തിക്കൊണ്ടാണ് സ്ത്രീ പുരുഷന്മാർ പരസ്പരം വേഷം മാറാറുള്ളത്.

പുരുഷൻ വള, മാല, കാൽതള എന്നിവ ധരിക്കാൻ പാടില്ല. എന്നാൽ ഹിപ്പികളും സ്ത്രീകളെപ്പോലെ മുടി നീട്ടിയവരും സ്ത്രീകളുടെ കണ്ഠ കർണ്ണാഭരണങ്ങൾ ധരിക്കുന്നതായി കാണാം. സ്ത്രീകൾ പുരുഷന്മാരുടെ വേഷം സ്വീകരിക്കരുത്, എന്നു മാത്രമല്ല, സ്ത്രീ അവളുടെ വസ്ത്രവും വേഷവും നിർബന്ധമായി സ്വീകരിക്കുകയും വേണം. അബൂഹുറയ്റ (റ) യിൽ നിന്നു ഉദ്ധരിക്കപ്പെടുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

((لعـن الله الرجل يلبس لبسة المرأة والمرأة تلبس لبسة الرجل)) رواه أبوداود ٤/٣٥٥ صحيح الجامع ٥٠٧١

സ്ത്രീയുടെ വസ്ത്രം ധരിക്കുന്ന പുരുഷനെയും പുരുഷ ൻെറ വസ്ത്രം ധരിക്കുന്ന സ്ത്രീയെയും അല്ലാഹു ശപിച്ചി രിക്കുന്നു. (അബൂദാവൂദ്)

## മുടി കറുപ്പിക്കൽ

നബി ﷺ പറഞ്ഞു:

((يكون قوم يخضبون في آخر الزمان بالسواد كحواصل الحمام لا يريحون رائحة الجنة)) رواه أبوداود ٤/٤١٩، صحيح الجامع ٨١٥٣

ഞാറപ്പക്ഷിയെപ്പോലെ തലമുടിയിൽ കറുപ്പു കൊണ്ട് ചായം പൂശുന്ന ഒരുവിഭാഗം അവസാന കാലത്തുണ്ടാകു ന്നതാണ്. അവർ സ്വർഗ്ഗത്തിൻെറ സുഗന്ധം പോലും ആസ്വദിക്കുകയില്ല. (അബൂദാവൂദ്)

തലമുടിയിൽ നരബാധിച്ചാൽ പലരും കറുപ്പുചായം നൽകി കൃത്രിമ യൗവനം ഉണ്ടാക്കാറുണ്ട്. മേൽപറയപ്പെട്ട ഹദീഥ് ഇതിനെ തിരെ ശക്തമായ താക്കീതാണ് നൽകുന്നത്. തലമുടി കറുപ്പിക്കുന്ന തു കൊണ്ട് അല്ലാഹുവിൻെറ സൃഷ്ടിപ്പിനെ മറച്ചുവെക്കാനുള്ള ശ്രമ മാണ് നടത്തുന്നത്. അതുകൊണ്ട് പലപ്പോഴും അന്യരും ചിലപ്പോൾ താൻ തന്നെയും വഞ്ചിക്കപ്പെടുവാനുള്ള സാധ്യതയുണ്ട്.

നബി ﷺ മഞ്ഞ, ചെമപ്പ്, കാപ്പിവർണ്ണം എന്നീ നിറങ്ങൾ വരാവുന്ന വസ്തുക്കൾ ഉപയോഗിച്ചു തലമുടിക്കു നിറം നൽകുന്നത് അനുവ ദിച്ചിരിക്കുന്നു. മക്കാവിജയ ദിവസം വളരെ വെളുത്ത മുടിയുമായി അബൂബകർ സിദ്ദീഖിൻെറ പിതാവ് അബൂഖുഹാഫയെ കാണാനിട യായ നബി ﷺ പറഞ്ഞു:

((غيّروا هذا بشيء واجتنبوا السواد)) رواه مسلم ٣/١٦٦٣

ഇത് (തലമുടിയിലെ നര) കറുപ്പു കൊണ്ടല്ലാത്ത മറ്റെന്തു കൊണ്ടെങ്കിലും നിറം മാറ്റുവിൻ. (മുസ്ലിം)

# ജീവനുള്ള വസ്തുക്കളുടെ ചിത്രീകരണം

നബിﷺ പറഞ്ഞു:

عـن عـبد الله بن مسعود مرفوعا ((إن أشد الناس عذابا عند الله يوم القيامة المصوّرون)) رواه البخاري، فتح الباري ٣٨٢/١٠

**ഖിയാമത്ത്നാളിൽ അല്ലാഹുവിൻെറ കഠിന ശിക്ഷക്കു വിധേയരാകുന്നവർ ചിത്രകാരന്മാരാണ്. [ബുഖാരി]**

((قـال الله تعـالى: ومـن أظلـم ممن ذهب يخلق كخلقي فليخلقوا حبة وليخلقوا ذرّة)) رواه البخاري، فتح الباري ٣٨٥/١٠

**അല്ലാഹു പറയുന്നു: എൻെറ സൃഷ്ടിപ്പുപോലെ സൃഷ്ടിക്കാൻ ഒരുമ്പെട്ടവനെക്കാൾ അക്രമിയാരുണ്ട്? എങ്കിലവൻ ഒരു ധാന്യമണിയോ അണുവിനെയോ സൃഷ്ടിക്കട്ടെ. [ബുഖാരി]**

وعـن ابـن عباس مرفوعا(( كل مصور في النار، يجعل له بكل صورة صوّرها نفسا فتعذّب في جهنم))رواه مسلم ١٦٧١/٣

**എല്ലാ ചിത്രകാരന്മാരും നരകത്തിലാണ്. അവർ വരച്ച ഓരോ ചിത്രങ്ങൾക്കും ജീവൻ നൽകപ്പെടുകയും നരകത്തിലവനെ ശിക്ഷിക്കുകയും ചെയ്യുന്നതാണ്. [മുസ്ലിം]**

قـال ابن عباس : (إن كنت لا بد فاعلا فاصنع الشجر ومالا روح فيه) رواه مسلم ١٦٧١/٣

**ഇബ്നു അബ്ബാസ്(റ) പറഞ്ഞു: ഇനി നിനക്കു വരക്കൽ നിർബന്ധമാണെങ്കിൽ മരമോ ആത്മാവില്ലാത്ത മറ്റു വസ്തുക്കളെയോ വരക്കുക. [മുസ്ലിം. 3/1671]**

നിഴലുകളുണ്ടാകുന്നവ (ത്രിമാനങ്ങൾ) ആയാലും ഇല്ലെങ്കിലും മനുഷ്യൻെറയോ ആത്മാവുള്ള മറ്റു ജീവജാലങ്ങളുടേയോ ചിത്രങ്ങൾ കൈകൊണ്ട് വരക്കുന്നതും ചുവരിൽ പെയ്ൻറ് ചെയ്യുന്നതും, പ്രിൻറു ചെയ്യുന്നതും, കൊത്തിയുണ്ടാക്കുന്നതും, വാർത്തെടുക്കുന്നതുമെല്ലാം വിരോധിക്കപ്പെട്ടിരിക്കുന്നു എന്നാണ് മേൽപറയപ്പെട്ട ഹദീഥുകൾ പഠിപ്പിക്കുന്നത്.

ഹദീഥുകളുടെ സുവ്യക്തമായ കൽപനകൾ അനുസരിക്കുകയാണ് ഒരു മുസ്ലിമിൻെറ ബാധ്യത. അതിൽ തർക്കമുന്നയിക്കുന്ന പ്രവണത നല്ലതല്ല. ഞാൻ ചിത്രങ്ങളെ ആരാധിക്കുകയോ ആദരി

ക്കുകയോ പ്രണമിക്കുകയോ ചെയ്യില്ല, അതല്ലേ ഇസ്‌ലാം വിരോധിച്ചത് എന്ന ന്യായീകരണം ചിലർ ഉന്നയിക്കാറുണ്ട്. എന്നാൽ സുന്ദരിമാരുടെ ചിത്രങ്ങൾ കൊണ്ട് മാത്രമുണ്ടാകുന്ന കുഴപ്പങ്ങളും ലൈംഗിക അരാജകത്വങ്ങളും മാത്രം മതി അവയുടെ നാശത്തെക്കുറിച്ചു ദീർഘവീക്ഷണമുള്ള ഒരാൾക്ക് മനസ്സിലാക്കാൻ. നബി ﷺ പറഞ്ഞു:

((لا تدخل الملائكة بيتا فيه كلب ولا تصاوير))رواه البخاري الفتح ١٠/٣٨٠

**ചിത്രങ്ങളും നായയുമുള്ള ഭവനങ്ങളിൽ മലക്കുകൾ പ്രവേശിക്കുകയില്ല.** (ബുഖാരി)

ആത്മാവുള്ള വസ്തുക്കളുടെ ചിത്രങ്ങൾ സൂക്ഷിക്കുന്ന വീടുകളിൽ അല്ലാഹുവിൻെറ അനുഗ്രഹത്തിൻെറ മലക്കുകൾ പ്രവേശിക്കാതിരിക്കാൻ അതു കാരണമായിത്തീരുന്നു എന്നാണ് ഹദീഥിൻെറ സാരം. അതു കൊണ്ട് തന്നെ അവ ഉപയോഗിക്കാതിരിക്കൽ നിർബന്ധമാണ്.

ചില വീടുകളിൽ ബഹുദൈവാരാധകരുടെ ആരാധ്യവസ്തുക്കളുടെ ശിൽപങ്ങൾ അലങ്കാരത്തിനായി വെക്കാറുണ്ട്. ഇതിൻെറ നിഷിദ്ധത അതിശക്തമത്രെ. ചുവരിൽ തൂക്കിയിടപ്പെട്ടവക്ക് അല്ലാത്തവയെക്കാൾ അപകടമുണ്ട്. എത്രയെത്ര ശിൽപങ്ങൾ ആദരിക്കപ്പെടുകയോ ആരാധിക്കപ്പെടുകയോ ചെയ്യുന്നു. വിസ്മൃതിയിലായ എത്രയെത്ര ദുഃഖങ്ങൾ ഫോട്ടോ കാരണമായി പുതുക്കപ്പെടുന്നു.

പലപ്പോഴും നേതാവിനോടുള്ള സ്നേഹമോ അദ്ദേഹത്തിൻെറ സ്മരണ നിലനിർത്തുന്നതിനു വേണ്ടിയോ ആണ് ഫോട്ടോ വെക്കാറുള്ളത്. ഇഷ്ടജനങ്ങളെയും ബന്ധുക്കളെയും ഓർക്കാനും സ്നേഹിക്കാനുമുള്ള മാർഗ്ഗമായി ഇസ്‌ലാം പഠിപ്പിക്കുന്നത് അവരുടെ പരലോക ശാന്തിക്കായി പ്രാർത്ഥിക്കുകയെന്നതാണ്.

ഫോട്ടോകൾ നീക്കിക്കളയാവുന്നത്ര നീക്കുകയും മായ്ച്ചു കളയാവുന്നത് മായ്ക്കുകയും വേണം. ഭക്ഷണം പാക്കു ചെയ്തു വരുന്ന കവറുകളും ടിന്നുകളും ഭാഷാനിഘണ്ടുക്കളുംവരെ ചിത്രാലംകൃതമാണ്. അവയിൽ നിന്നെല്ലാം സാധ്യമാകുന്നത്ര ഫോട്ടോകൾ നീക്കം ചെയ്യുകയും നിവൃത്തിയില്ലാത്തവ മാത്രം നിലനിർത്തുകയും ചെയ്യുക.

തിരിച്ചറിയൽ കാർഡുകൾ, യാത്രാരേഖകൾ എന്നിവക്ക് ഉപയോഗിക്കുന്ന ഫോട്ടോകൾക്കും നിലത്തിട്ടു ചവിട്ടുന്ന വസ്തുക്കളി

ലെ ചിത്രങ്ങൾക്കും ഇളവുണ്ടെന്നതാണ് ഒരു വിഭാഗം പണ്ഡിതരുടെ അഭിപ്രായം. അല്ലാഹു പറയുന്നു:

﴿فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ...﴾ (التغابن:١٦)

**അതിനാൽ നിങ്ങൾക്കു സാധ്യമായ വിധം അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക...**[വി.ഖു. 64:16]

ഈ വചനം ജീവിതത്തിൽ പകർത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.

## കാണാത്ത സ്വപ്നം കണ്ടതായി പറയൽ

ജനങ്ങൾക്കിടയിൽ ശ്രേഷ്ഠത അവകാശപ്പെടുവാനോ പേരും പ്രശസ്തിയും നേടിയെടുക്കുവാനോ എതിരാളികളെ ഭയപ്പെടുത്തുവാനോ ധനലാഭത്തിനോ വേണ്ടി ചിലർ കാണാത്ത സ്വപ്നങ്ങൾ കണ്ടതായി പ്രചരിപ്പിക്കാറുണ്ട്. അതുമുഖേന പാമരജനങ്ങൾ വഞ്ചിക്കപ്പെടുകയും ചെയ്യുന്നു. ഇക്കാര്യം നബിﷺയുടെ താക്കീതിനു വിധേയമായ കാര്യമാണെന്ന് ജനം ചിന്തിക്കാറില്ല. നബിﷺ പറഞ്ഞു:

((إن من أعظم الفرى أن يدعي الرجل إلى غير أبيه، أو يرى عينه مالم تر ويقول على رسول الله ﷺ مالم يقل))رواه البخاري،فتح الباري ٦/٥٤٠

**ഒരാൾ അന്യരിലേക്ക് ചേർത്തതിൻെറ പിതൃത്വം അവകാശപ്പെടുന്നതും താൻ കാണാത്ത കാര്യങ്ങൾ (സ്വപ്നം) കണ്ടതായി അവകാശപ്പെട്ടുകൊണ്ട് അല്ലാഹുവിൻെറ പ്രവാചകൻെറമേൽ കളവു ചമക്കുന്നതും ഏറ്റവും വലിയ കളവാണ്.** [ബുഖാരി]

((من تحلم بحلم لم يره كلف أن يعقد بين شعيرتين ولن يفعل)) رواه البخاري، فتح الباري ١٢/٤٢٧

**കാണാത്ത സ്വപനം കണ്ടതായി അവകാശവാദം നടത്തിയവനോട് രണ്ടുഗോതമ്പു മണികൾക്കിടയിൽ കെട്ടിടാൻ (അസാധ്യമായ കാര്യം ചെയ്യാൻ) കൽപിക്കപ്പെടും. അവനൊരിക്കലും അതു ചെയ്യുക സാധ്യമല്ല.** [ബുഖാരി]

ഇങ്ങനെ കഠിനമായ ഒരു ശിക്ഷ വിധിക്കപ്പെടുവാനുള്ള കാരണം അവൻെറ പ്രവൃത്തിക്കു തുല്യമായ പ്രതിഫലമെന്ന നിലക്കാണ്.

# ഖബ്റിന്നരികിൽ

നബി ﷺ പറഞ്ഞു:

((لأن يجلس أحدكم على جمرة فتحرق ثيابه فتخلص إلى جلده خير له من أن يجلس على قبر)) رواه مسلم ٦٦٧/٢

**നിങ്ങളിലൊരാൾ തീക്കനലിൽ ഇരിക്കുകയും വസ്ത്രം കരിച്ചു കൊണ്ട് നിങ്ങളുടെ തൊലിക്കു തീക്കനൽ ബാധിക്കുകയും ചെയ്യുന്നതാണ് ഖബ്റിന്മേൽ ഇരിക്കുന്നതിനെക്കാൾ നല്ലത്.** (മുസ്ലിം)

ചിലർ മയ്യിത്തു മറവു ചെയ്യുന്നതിനായി വരുമ്പോൾ അടുത്തുള്ള ഖബ്റിന്മേൽ ചവിട്ടാറുണ്ട്. ചിലപ്പോൾ ചെരിപ്പു ധരിച്ചുകൊണ്ടും അങ്ങനെ ചെയ്യുന്നതായി കാണാം. അതെല്ലാം നബി ﷺ വിരോധിച്ചിരിക്കുന്നു:

((لأن أمشـــي على جمرة أو سيف أو أخصف نعلي برجلي أحب إلي من أن أمشي على قبر مسلم...)) رواه ابن ماجه ٤٩٩/١ صحيح الجامع ٥٠٣٨

**ഒരു മുസ്ലിമിന്റെ ഖബ്റിന്മേൽ കൂടി നടക്കുന്നതിനെക്കാൾ എനിക്കിഷ്ടം തീക്കനലിലൂടെയോ വാൾമുനയിലൂടെയോ നടക്കുന്നതോ അല്ലെങ്കിൽ ചെരിപ്പിനോട് ചേർത്തു കാലിനെ തുന്നലോ ആണ്.** (ഇബ്നുമാജ)

ശ്മശാനങ്ങൾ കയ്യടക്കി കച്ചവട സ്ഥാപനങ്ങളും വീടുകളും നിർമ്മിക്കുന്നവരുടെ അവസ്ഥ എന്തായിരിക്കുമെന്ന് ചിന്തിക്കാവുന്നതേയുള്ളൂ. മറ്റു ചില നിർഭാഗ്യവാന്മാർ മലമൂത്ര വിസർജ്ജനത്തിനു ഖബ്ർസ്ഥാൻ തെരഞ്ഞെടുക്കുന്നവരാണ്. അവർ മരണപ്പെട്ടവരെ നിന്ദിക്കുകയാണ് ചെയ്യുന്നത്. നബി ﷺ പറഞ്ഞു:

((وما أبالي أوَسَطَ القبر قضيت حاجتي أو وَسَطَ السوق)) التخريج السابق

**ഖബ്റിന്റെ മദ്ധ്യത്തിൽ വിസർജ്ജനം നടത്തുന്നതും ചന്തയുടെനടുക്ക് വിസർജ്ജനം നടത്തുന്നതും തമ്മിൽ ഞാനൊരു വ്യത്യാസവും കാണുന്നില്ല.** (ഇബ്നുമാജ)

ചന്തകളിൽവെച്ച് നഗ്നതപുറത്തു കാട്ടി മലമൂത്ര വിസർജ്ജനം നടത്തുന്നതു പോലെ വൃത്തികെട്ട പ്രവൃത്തിയായി ഇതിനെയും നബി ﷺ ചിത്രീകരിച്ചിരിക്കുന്നു. അതു പോലെത്തന്നെയാണ് ചപ്പുചവ

റുകളും കുപ്പത്തൊട്ടികളും ഖബ്ർസ്ഥാനിൽ നിക്ഷേപിക്കുന്നവരുടെ പ്രവൃത്തിയും. ഖബർ സന്ദർശന വേളകളിൽ ചെരിപ്പ് അഴിച്ചുവെക്കണമെന്നാണ് ഖബ്ർ സിയാറത്തിൻെറ മര്യാദയായി പണ്ഡിതർ പറഞ്ഞിട്ടുള്ളത്.

## മൂത്ര വിസർജ്ജനത്തിൽ അശ്രദ്ധ

മനുഷ്യ ജീവിതത്തിൻെറ നിഖില മേഖലകളിലും നന്മയുടെ വശങ്ങളിലേക്കു മാത്രം വിരൽ ചൂണ്ടുന്നു എന്നതാണ് ഇസ്ലാമിക ശരീഅത്തിൻെറ പ്രത്യേകത. മല മൂത്ര വിസർജ്ജനാനന്തരം കല്ലുകൊണ്ടോ വെള്ളം കൊണ്ടോ ശുദ്ധിയാക്കണമെന്ന കൽപന അതിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മറ്റു മതങ്ങളിലൊന്നും മൂത്ര വിസർജ്ജനാനന്തരമുള്ള ശുചീകരണം ആധുനിക യുഗത്തിൽ പോലും ഒരു ചിന്താവിഷയമായി വന്നിട്ടില്ലെന്നത് ഇസ്ലാമിക നിയമത്തിൻെറ സമഗ്രതയും പരിശുദ്ധിയോടുള്ള അതിൻെറ പ്രതിബദ്ധതയും വിളിച്ചറിയിക്കുന്നതാണ്. വിസർജനാനന്തരം ശൗച്യം ചെയ്യാത്തവൻ ശരീരവും വസ്ത്രവും മലിനപ്പെടുത്തുകയും, നമസ്കാരം അസ്വീകാര്യമാക്കുന്ന അവസ്ഥ സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. എന്നു മാത്രമല്ല ഖബ്ർ ശിക്ഷക്ക് വിധേയമാകാനുള്ള അവസരവുമുണ്ടാക്കുന്നു. ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

مـــرّ النبي ﷺ بحائط من حيطان المدينة فسمع صوت إنسانين يعذّبان في قـــبورهما فقـــال النبي (( يعذّبان، وما يعذّبان في كبيرثم قال : بلى ،(وفي روايـــة: وإنـــه لكبـــير) كان أحدهما لا يستتر من بوله وكان الآخر يمشي بالنميمة)) رواه البخاري،فتح الباري ٣١٧/١

**നബി ﷺ മദീനയിലെ ഒരു തോട്ടത്തിൻെറ അരികിലൂടെ നടക്കവേ ഖബ്ർ ശിക്ഷക്കു വിധേയമാക്കപ്പെട്ട രണ്ടാൾക്കാരുടെ ശബ്ദം കേൾക്കാനിടയായി. ഇതു കേട്ട നബി ﷺ പറഞ്ഞു: അവർ രണ്ടു പേരും ശിക്ഷിക്കപ്പെടുന്നു, എന്നാൽ വലിയ കാര്യങ്ങൾക്കല്ല ശിക്ഷിക്കപ്പെടുന്നത്.** (മറ്റൊരു റിപ്പോർട്ടിൽ: **അതും വലിയതു തന്നെ.) അവരിലൊരുവൻ മൂത്രമൊഴിക്കുമ്പോൾ മറ സ്വീകരിക്കാറുണ്ടായിരുന്നില്ല. അപരൻ ഏഷണിയുമായി നടക്കുന്നവനുമായിരുന്നു.** (ബുഖാരി)

((أكثر عذاب القبر في البول)) رواه أحمد ٢/٣٢٦، في صحيح الجامع ١٢١٣
**ഖബ്ർ ശിക്ഷയിൽ അധികവും മൂത്രം കാരണമാകുന്നു.** [അഹ്മദ്]

മൂത്ര വിസർജ്ജന മദ്ധ്യേ എഴുന്നേൽക്കുന്നതു കൊണ്ടും ശരീരത്തിലേക്കു തെറിച്ചു വീഴാനുള്ള സാധ്യത അശ്രദ്ധമായി തള്ളിക്കളയുന്നതു കൊണ്ടും ശരീരവും വസ്ത്രവും വൃത്തികേടാവുന്നത് ഈ ഹദീഥിൻെറ മുന്നറിയിപ്പിൽ ഉൾപെടുന്നു.

ആധുനിക രൂപത്തിലുള്ള വിസർജ്ജന സൗകര്യങ്ങൾ പലപ്പോഴും അന്യമതസ്ഥരെ അനുകരിക്കുന്ന പ്രവൃത്തിയായി മാറിയിരിക്കുന്നു. നിന്നു മൂത്രമൊഴിക്കാവുന്ന രൂപത്തിൽ ചുവരിൽ നിരനിരയായി ഘടിപ്പിച്ചിട്ടുള്ള ക്ലോസറ്റുകൾ നിർലജ്ജം നഗ്നത പരസ്പരം കാണാനുള്ള സൗകര്യമുണ്ടാക്കുകയാണ്. അങ്ങിനെ, വരുന്നവരുടെയും പോകുന്നവരുടെയും മുന്നിൽ വച്ചു നാണമില്ലാതെ ആവശ്യങ്ങൾ നിറവേറ്റുക വഴി രണ്ടുതരം ഹറാമുകൾ ഇവർ ഒരുമിച്ചു ചെയ്യുകയാണ്. ഒന്നാമതായി അന്യരുടെ മുന്നിൽ നഗ്നത വെളിവാക്കുന്നു, രണ്ടാമതായി മൂത്രം ശരീരത്തിലാകുന്നത് സൂക്ഷിക്കുന്നുമില്ല.

## അന്യരുടെ സംസാരം കട്ടുകേൾക്കൽ

അല്ലാഹു പറയുന്നു:

﴿...وَلَا تَجَسَّسُوا....﴾ (الحجرات:١٢)

**....നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്...**[വിഖു. 49:12]

നബിﷺ പറഞ്ഞു:

((من استمع إلى حديث قوم وهم له كارهون صبّ في أذنيه الآنك يوم القيامة)) رواه الطبراني في الكبير ١١/٢٤٨-٢٤٩ صحيح الجامع ٦٠٠٤

**ആരെങ്കിലും അന്യരുടെ സംസാരം അവരുടെ വെറുപ്പോടെ കട്ടുകേട്ടാൽ അവൻെറ ചെവിയിൽ ഖിയാമത്ത് നാളിൽ ഈയം ഉരുക്കി ഒഴിക്കപ്പെടുന്നതാണ്.** [ത്വബ്റാനി]

അന്യരുടെ സംസാരം കട്ടുകേൾക്കുകയും ജനങ്ങൾക്കിടയിൽ കുഴപ്പം സൃഷ്ടിക്കുന്നതിനായി മറ്റുള്ളവർക്കെത്തിക്കുകയും ചെയ്

താൽ ചാരവൃത്തിയും ഏഷണിയും കൂടി ചെയ്തവനായിത്തിരുന്നു. നബിﷺ പറഞ്ഞു:

((لا يدخل الجنة قتات)) رواه البخاري،فتح الباري ۱۰/٤٧٢

ഏഷണിക്കാരൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. [ബുഖാരി]

## ചീത്ത അയൽവാസം

അല്ലാഹു പറയുന്നു:

﴿وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَبِذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وَالْجَارِ ذِي الْقُرْبَى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْبِ وَابْنِ السَّبِيلِ وَمَا مَلَكَتْ أَيْمَانُكُمْ إِنَّ اللَّهَ لَا يُحِبُّ مَنْ كَانَ مُخْتَالًا فَخُورًا﴾ (النساء:٣٦)

നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബ ബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതു കൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. [വി.ഖു. 4:36]

അയൽവാസികളോട് വളരെ വലിയ കടപ്പാടുകളുള്ളവരാണ് നാം. അവരെ ഉപദ്രവിക്കുന്നത് മഹാപാപമായി ഹദീഥ് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു:

عن أبي شريح مرفوعا(( والله لا يؤمن، والله لا يؤمن، والله لا يؤمن، قيل ومن يا رسول الله؟ قال: الذي لا يأمن جاره بوائقه)) رواه البخاري فتح الباري ۱۰/٤٤٣

അബൂശുറൈഹ്ﷺ നിവേദനം; നബിﷺ പറഞ്ഞു: അല്ലാഹു സത്യം, സത്യവിശ്വാസിയാവുകയില്ല, അല്ലാഹുസത്യം, സത്യ വിശ്വാസിയാവുകയില്ല, അല്ലാഹുസത്യം, സത്യവിശ്വാസിയാ

**വുകയില്ല. അപ്പോൾ ചോദിക്കപ്പെട്ടു: ആരാണ് നബിയേ? നബി: ആരുടെ അയൽവാസി അവൻെറ അനർത്ഥങ്ങളിൽ നിന്നു മോചിതനായിട്ടില്ലയോ, അവൻ.** [ബുഖാരി]

ഒരാൾ നല്ലവനാണോ ദുഷിച്ചവനാണോ എന്നറിയാനുള്ള മാനദണ്ഡമായി അയൽവാസിയുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്.

عن ابن مسعود قال: قال رجل للنبي ﷺ : يا رسول الله كيف لي أن أعلم إذا أحسنتُ أو إذا أسأتُ؟ فقال النبي ﷺ ((إذا سمعت جيرانك يقولون: قد أحسنت فقد أحسنت، وإذا سمعتهم يقولون: قد أسأت فقد أسأت)) رواه الإمام أحمد ١/٤٠٢ في صحيح الجامع ٦٢٣

**ഇബ്നുമസ്ഊദ്(റ) നിവേദനം; ഒരാൾ നബിﷺയോട് ചോദിച്ചു: നബിയേ, ഞാൻ നല്ലവനാണോ ചീത്തയാണോ എന്ന് എങ്ങനെ എനിക്കറിയാൻ സാധിക്കും? നബി: നിൻെറ അയൽവാസികൾ നീ നല്ലവനാണെന്ന് പറഞ്ഞാൽ നല്ലവനും, മോശക്കാരനാണെന്ന് പറയുന്നുവെങ്കിൽ മോശക്കാരനുമായിരിക്കും.** [അഹ്മദ്]

അയൽവാസികളെ ഉപദ്രവിക്കുന്നതിനു വിവിധരൂപങ്ങളുണ്ട്. നിങ്ങൾക്ക് രണ്ടുപേർക്കും തുല്യാവകാശമുള്ള ചുമരിൽ അവനൊരു മരക്കഷ്ണം ഉറപ്പിക്കുന്നതിനു തടസ്സം നിന്നാൽ നീ അയൽവാസിയെ ഉപദ്രവിച്ചവനായിത്തീരും. അവൻെറ സമ്മതമില്ലാതെ അതിൽ നീ വല്ലതും പണിതുയർത്തി അവനു വായുവും വെളിച്ചവും തടയുന്നതും ഉപദ്രവം തന്നെ. അവരുടെ രഹസ്യങ്ങൾ എത്തി നോക്കാനോ ഉറക്ക വേളകളിൽ ശല്യം ചെയ്യുമാറ് ശബ്ദ കോലാഹലങ്ങൾ ഉണ്ടാക്കുവാനോ പാടില്ല. അയൽവാസിയുടെ കുട്ടികളെ ഉപദ്രവിക്കുകയോ അവർക്കു വിഷമമുണ്ടാക്കുന്ന രൂപത്തിൽ ചപ്പുചവറുകൾ വലിച്ചെറിയുകയോ ചെയ്യരുത്.

അയൽവാസിയുടെ അവകാശവുമായി ബന്ധപ്പെട്ട തെറ്റുകൾ പതിന്മടങ്ങ് കുറ്റകരമായാണ് ഇസ്ലാം പഠിപ്പിച്ചിട്ടുള്ളത്. നബിﷺ പറഞ്ഞു:

((لأن يزني الرجل بعشر نسوة أيسر عليه من أن يزني بامرأة جاره... لأن يسرق الرجل من عشرة أبيات أيسر عليه من أن يسرق من بيت جاره)) رواه البخاري في أدب المفرد رقم ١٠٣ السلسلة الصحيحة (٦٥)

**അയൽവാസിയുടെ ഭാര്യയുമായി വ്യഭിചരിക്കുന്നത് മറ്റുള്ള പത്തു സ്ത്രീകളുമായി വ്യഭിചരിക്കുന്നതിനെക്കാൾ ഗുരുതരമാകുന്നു. അയൽവാസിയുടെ വീട്ടിൽ നിന്നുള്ള മോഷണം മറ്റുള്ള പത്തു വീടുകളിൽ നിന്നുള്ള മോഷണത്തിനു തുല്യവുമാണ്.** [അദബുൽ മുഫ്റദ്]

ചില വഞ്ചകർ അയൽവാസികൾ വീട്ടിലില്ലാത്ത അവസരം ഉപയോഗപ്പെടുത്തി അവിടെ നാശനഷ്ടങ്ങളുണ്ടാക്കുകയും കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്യാറുണ്ട്. അവർക്കു തന്നെയാണ് വേദനാജനകമായ നാളിലെ ശിക്ഷ.

## വസ്വിയ്യത്തിൽ അക്രമം ചെയ്യൽ

അക്രമം നടത്താതിരിക്കുക എന്നത് ഇസ്ലാമിക ശരീഅത്തിൻെറ അടിസ്ഥാന നിയമങ്ങളിൽ പെട്ടതാണ്. അനന്തരാവകാശികളെ മുഴുവനുമോ അവരിൽ ചിലരെയോ വസ്വിയ്യത്തിലൂടെ ഉപദ്രവിക്കുന്നതായി കണ്ടുവരാറുണ്ട്. ഇങ്ങനെ ചെയ്യുന്നതിനെതിരെ നബി ﷺ താക്കീതു ചെയ്തിരിക്കുന്നു:

((مـن ضارّ أضر الله به، ومن شاقّ شق الله عليه)) رواه أحمد ٣/٤٥٣، صحيح الجامع ٦٣٤٨

**ആരെങ്കിലും മറ്റൊരുവനെ ഉപദ്രവിച്ചാൽ അല്ലാഹു അവന് ഉപദ്രവങ്ങൾ ഉണ്ടാക്കും. ആരെങ്കിലും അപരനെ പ്രയാസപ്പെടുത്തിയാൽ അല്ലാഹു അവനും പ്രയാസങ്ങളുണ്ടാക്കും.** [അഹ്മദ്]

അനന്തരാവകാശികളിൽ ആരുടെയെങ്കിലും അവകാശം നിഷേധിക്കുന്ന രൂപത്തിൽ വസ്വിയ്യത്ത് ചെയ്യുന്നതും, അല്ലാഹു നിശ്ചയിച്ച ദായക്രമത്തിനു വിരുദ്ധമായി വസ്വിയ്യത്തു കൊണ്ടു കുറക്കുന്നതും, തൻെറ സ്വത്തിൻെറ മൂന്നിലൊന്നിൽ കൂടുതൽ ആർക്കെങ്കിലും വസ്വിയ്യത്തു ചെയ്യുന്നതും അനന്തരാവകാശികളെ ഉപദ്രവിക്കുന്നതിൻെറ രൂപങ്ങളിൽ പെട്ടതാണ്.

ഇസ്ലാമികേതര ഭരണകൂടങ്ങൾ നിലനിൽക്കുന്ന രാജ്യങ്ങളിൽ മുസ്ലിംകൾ വസ്വിയ്യത്തു (ഇഷ്ടദാനം) മുഖേന ഉപദ്രവിക്കപ്പെട്ടാൽ

തങ്ങളുടെ അവകാശങ്ങൾ തിരിച്ചു കിട്ടാൻ നിവൃത്തിയില്ലാതെ വിഷമിക്കാറുണ്ട്. ശരീഅത്തു വിരുദ്ധ കോടതികളും അവയുടെ രജിസ്റ്റർ നിയമങ്ങളും അനുസരിച്ചു വക്കീൽ മുഖേന റജിസ്റ്റർ ചെയ്യപ്പെട്ട അക്രമപരമായ വസ്വിയ്യത്തിനെ നടപ്പാക്കാൻ ഈ കോടതികൾ കൽപന പുറപ്പെടുവിക്കുകയും ചെയ്യുന്നു. അവരുടെ കൈകൾ കൊണ്ടെഴുതിയതും അവർ സമ്പാദിച്ചതുമെല്ലാം നിമിത്തം അവർക്കു നാശം.

## പകിട കളി

ഇസ്ലാം നിഷിദ്ധമാക്കിയിട്ടുള്ളതും ജനങ്ങൾക്കിടയിൽ പ്രചാരത്തിലിരിക്കുന്നതുമായ ഒരു വിനോദമാണ് പകിട കളി. മനുഷ്യന്റെ വിലപ്പെട്ട സമയങ്ങൾ കവർന്നെടുക്കുന്നതിനോട് കൂടി അവനെ ചൂതാട്ടത്തിലേക്കു നയിക്കാനും ഇത്തരം കളികൾ പ്രേരകമാകും. അതിനെതിരെ നബിﷺ താക്കീതു ചെയ്തതായി കാണാം:

((من لعب بالنردشير فكأنما صبغ يده في لحم خنزيز ودمه)) رواه مسلم

**ആരെങ്കിലും പകിടകളിയിൽ ഏർപ്പെട്ടാൽ അവൻ പന്നി മാംസത്തിലും രക്തത്തിലും കൈമുക്കിയവനെ പോലെയാണ്.** [മുസ്ലിം 1\1770]

وعن أبي موسى ((من لعب بالنرد فقد عصى الله ورسوله)) رواه أحمد ٤/ ٣٩٤ صحيح الجامع ٦٥٠٥

**പകിട കളിക്കുന്നവൻ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിച്ചവനാണ്.** [അഹ്മദ്]

## ശാപ വാക്കുകൾ

പാമരജനങ്ങളിൽ പലരും കോപത്തിന്നടിമയാകുമ്പോൾ അവരുടെ നാവിന്റെ നിയന്ത്രണം തന്നെ വിട്ടുപോകാറുണ്ട്. അങ്ങിനെ ചിലർ കോപാന്ധതയിൽ മനുഷ്യരെയും മൃഗങ്ങളെയും സചേതന അചേതന വസ്തുക്കളെയും കാലത്തെയും ദിവസത്തെയും ഭാര്യാ സന്തതികളെയും എന്നു വേണ്ട, സ്വന്തം ശരീരത്തെപ്പോലും

ശപിക്കാറുണ്ട്. ഇത് ഏറെ കുറ്റകരവും അപകടകരവുമാണെന്ന് ഹദീഥിൽ കാണാം:

((...ومن لعن مؤمنا فهو كقتله)) رواه البخاري، فتح الباري ١٠/٤٦٥

**ഒരു സത്യവിശ്വാസിയെ ശപിക്കുന്നുവെങ്കിൽ അതവനെ കൊല്ലുന്നതു പോലെയാകുന്നു.** (ബുഖാരി)

ശാപവാക്കുകൾ വളരെ കൂടുതൽ ഉണ്ടാകാറുള്ളത് സ്ത്രീകളിൽ നിന്നായതിനാൽ അവർ നരകത്തിൽ കടക്കാനത് കാരണമായിത്തീരുമെന്ന് നബിﷺ പറഞ്ഞിരിക്കുന്നു. അതുപോലെ തന്നെ ശാപവാക്കുകൾ ഉപയോഗിക്കുന്നവർ പരലോകത്തിലെ ശുപാർശക്കാരാവില്ലെന്നും ഹദീഥ് പഠിപ്പിച്ചിരിക്കുന്നു.

ഇനി ശാപവാക്കു പറഞ്ഞത് അനർഹമായിട്ടാണെങ്കിൽ അത് തനിക്കു തന്നെ തിരിച്ചടിക്കുന്നതും സ്വന്തം ശരീരത്തെ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നകറ്റുവാൻ സ്വയം പ്രാർത്ഥിച്ചതു പോലെയായിത്തീരുകയും ചെയ്യുന്നതാണ്.

## മരണവീട്ടിലെ അട്ടഹാസം

ആരെങ്കിലും മരിച്ചാൽ അതിൽ ദുഃഖിതരായ സ്ത്രീകൾ മാറത്തും മുഖത്തും അടിച്ചുകൊണ്ടും വസ്ത്രത്തിന്റെ മാറു വലിച്ചു കീറിയും അട്ടഹസിച്ചു കരയുന്ന ദുഷിച്ച സമ്പ്രദായം ജാഹിലിയ്യ കാലത്ത് ഉണ്ടായിരുന്നു. തലമുടി വെട്ടിക്കളയുക, തല മുണ്ഡനം ചെയ്യുക, മുടി നിശ്ചിത കാലം വരെ പ്രത്യേക രൂപത്തിൽ കെട്ടിവക്കുക എന്നിവയെല്ലാം ഈ ആചാരത്തിന്റെ പ്രത്യേകതയായിരുന്നു. അല്ലാഹുവിന്റെ വിധിയിൽ തൃപ്തിയില്ലായ്മയുടെയും വിഷമ ഘട്ടങ്ങളിൽ ക്ഷമിക്കാൻ കഴിയാത്തതിന്റെയും ലക്ഷണമാണ് ഇതെല്ലാം. ഇസ്‌ലാം അതെല്ലാം നിരോധിക്കുകയും അങ്ങനെ ചെയ്യുന്നവരെ നബി ﷺ ശപിക്കുകയും ചെയ്തിരിക്കുന്നു:

((أن رسول الله ﷺ لعن الخامشة وجهها والشاقة جيبها والداعية بالويل والثبور)) رواه ابن ماجه ١/٥٠٥ صحيح الجامع ٥٠٦٨

**മുഖം മാന്തിക്കീറുന്നവളെയും മാറു വലിച്ചു കീറുന്നവളെയും, നാശമേ എന്നുവിളിച്ചു ആർത്തട്ടഹസിക്കുന്നവളെയും നബിﷺ ശപിച്ചിരിക്കുന്നു.** (ഇബ്നുമാജ)

((ليس منا من لطم الخدود وشق الجيوب ودعا بدعوى الجاهلية)) رواه البخاري، فتح الباري ٣/١٦٣

**മുഖത്തടിച്ചു കരയുന്നവരും മാറിടം വലിച്ചു കീറുന്നവരും ജാഹിലിയ്യഃ പ്രാർത്ഥന നടത്തുന്നവരും നമ്മിൽപ്പെട്ടവരല്ല. [ബുഖാരി]**

قــال النبــي ﷺ: ((النائحة إذا لم تتب قبل موتها تقام يوم القيامة وعليها سربال من قطران ودرع من جرب)) رواه مسلم ٩٣٤

**നബി ﷺ പറഞ്ഞു: അട്ടഹസിച്ചു കരയുന്നവൾ മരിക്കുന്നതിനു മുമ്പ് പശ്ചാത്തപിച്ചിട്ടില്ലെങ്കിൽ ഖിയാമത്തു നാളിൽ അവൾക്ക് പന്തത്തിൻെറ അടിവസ്ത്രവും ചൊറിയുടെ മേലങ്കിയും ധരിപ്പിക്കപ്പെട്ടുകൊണ്ടായിരിക്കും ഉയിർത്തെഴുന്നേൽപിക്കപ്പെടുക. [മുസ്ലിം]**

## മുഖത്ത് അടിക്കലും ചൂടുവക്കലും

عن جابر قال:(( نهى رسول الله ﷺ عن ضرب في الوجه وعن الوسم في الوجه)) رواه مسلم ٣/١٦٧٣

**മുഖത്തടിക്കുന്നതും മുഖത്ത് ചൂടുവക്കുന്നതും നബി ﷺ വിരോധിച്ചിരിക്കുന്നു. [മുസ്ലിം]**

കുട്ടികളെ ശിക്ഷിക്കുന്നതിനായി ചില രക്ഷിതാക്കളും അധ്യാപകരും മുഖത്തടിക്കാറുണ്ട്. ചിലർ തങ്ങളുടെ വേലക്കാരെയും ഇങ്ങനെ ചെയ്യാറുണ്ട്. അല്ലാഹു പവിത്രമായി പ്രഖ്യാപിച്ച ഒരു അവയവത്തെ നിന്ദിക്കൽ മാത്രമല്ല, പഞ്ചേന്ദ്രിയങ്ങളിൽ വളരെ പ്രധാനപ്പെട്ട പലതിനെയും നശിപ്പിക്കുന്നതിനും, തന്മൂലം ഇത് പ്രതിക്രിയക്കു ഇടവരുത്തുന്നതാണ്.

ഉടമകൾക്കു മൃഗങ്ങളെ തിരിച്ചറിയുവാൻ അവയുടെ മുഖത്ത് ചൂടാക്കിയ ഇരുമ്പു കൊണ്ട് ചൂടുവക്കാറുണ്ട്. ഇത് മൃഗങ്ങളോടു കാണിക്കുന്ന ക്രൂരത എന്ന നിലയിലും അല്ലാഹുവിൻെറ സൃഷ്ടിപ്പിലുണ്ടാക്കുന്ന മാറ്റം വരുത്തലെന്ന നിലക്കും നിഷിദ്ധ പ്രവൃത്തിയാണ്.

ചിലർ ഈ പ്രവൃത്തിയെ തങ്ങളുടെ ഗോത്രത്തിൻെറ പ്രത്യേക അടയാളമായി കാണുകയും, മൃഗം നഷ്ടപ്പെട്ടാൽ ഉടമക്കു തിരിച്ചു

കിട്ടാനുള്ള തെളിവായി സ്വീകരിക്കുകയും ചെയ്യുന്നു. ഈ ന്യായീകരണം നടത്തുന്നവർ മുഖമല്ലാത്ത മറ്റു അവയവങ്ങൾ ഇതിന്നായി തെരഞ്ഞെടുക്കുകയാണ് വേണ്ടത്.

## മൂന്നു ദിവസത്തിലധികം പിണക്കം

മുസ്ലിംകൾക്കിടയിൽ ബന്ധങ്ങൾ മുറിക്കപ്പെടുമ്പോൾ അവിടെ പിശാച് തൻെറ കാലടികൾ ഉറപ്പിക്കുന്നു. ഭൗതിക അഭിപ്രായ വ്യത്യാസങ്ങളുടെ പേരിലോ മറ്റു നിസ്സാര കാരണങ്ങൾക്കോ മതനിയമങ്ങൾക്കു വിധേയമല്ലാതെ കുടുംബ ബന്ധങ്ങൾ വിഛേദിക്കുന്നവർ പിശാചിൻെറ കാലടികൾ പിൻപറ്റുന്നവരാകുന്നു. കണ്ടാൽ മിണ്ടുകയില്ലെന്നും വീട്ടിലേക്കു കാലു കുത്തുകയില്ലെന്നും സത്യം ചെയ്യുകയും പിന്നീട് കണ്ടാൽ തിരിഞ്ഞു കളയുകയും വല്ല സദസ്സുകളിലും ഒരുമിച്ചു വന്നാൽ മുന്നിലും പിന്നിലും ഉള്ളവരെ ഹസ്തദാനം നടത്തി സ്വീകരിക്കുകയും അവനെ മാത്രം ഒഴിവാക്കുകയും ചെയ്യാറുണ്ട്. ചിലപ്പോൾ ദിവസങ്ങളോളം ഈ നിലയിൽ തുടരാറുണ്ട്. ഇത് മുസ്ലിം സമുദായഗാത്രത്തിൽ ദൗർബല്യമുണ്ടാക്കുന്ന പ്രധാന കാരണമാണ്. അതുകൊണ്ടു തന്നെ ഇസ്ലാമിക ശരീഅത്ത് അതിനെതിരെ ഈ സമുദായത്തെ താക്കീതു നൽകുകയും ആ കാരണത്തെ വേരോടെ പിഴുതെറിയുകയും ചെയ്തിരിക്കുന്നു. അബൂഹുറയ്റ (റ) നിവേദനം: നബി ﷺ പറഞ്ഞു:

لا يحـــل لمسلم أن يهجر أخاه فوق ثلاث فمن هجر فوق ثلاث فمات دخل النار)) أبوداود ٥/٢١٥ صحيح الجامع ٧٦٣٥

**ഒരു മുസ്ലിം തൻെറ സഹോദരനുമായി മൂന്നു ദിവസത്തിൽ കൂടുതൽ പിണങ്ങി നിൽക്കാൻ പാടില്ല. ആരെങ്കിലും മൂന്നു ദിവസത്തിലധികം പിണങ്ങി നിൽക്കുകയും അങ്ങനെയവൻ മരിക്കുകയും ചെയ്താൽ അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ്.** (അബൂദാവൂദ്)

عــن أبـــي خراش الأسلمي ((من هجر أخاه سنة فهو يسفك (كسفك) دمه))
رواه البخاري في الأدب المفرد رقم ٤٠٦ ، صحيح الجامع ٦٥٥٧

**ആരെങ്കിലും തൻെറ സഹോദരനുമായി ഒരു വർഷം പിണങ്ങിയാൽ അവൻെറ രക്തം ചിന്തിയതിനു സമാനമായി.** [അദബുൽ മുഫ്റദ്, ബുഖാരി]

പിണങ്ങി നിൽക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുന്നത് പിന്തിക്കപ്പെടുമെന്നതു തന്നെ മതി ഇതിനുള്ള ശിക്ഷയായി. അബൂ ഹുറയ്റ (റ) നിവേദനം;

**((تعـرض أعمال الناس في كل جمعة مرتين يوم الإثنين ويوم الخميس، فـيغفر لكـل عبد مؤمن إلا عبدا بينه وبين أخيه شحناء فيقال: اتركوا أو أركوا (يعني: أخروا) هذين حتى يفيئا)) مسلم ١٩٨٨/٤**

**ജനങ്ങളുടെ കർമ്മങ്ങൾ എല്ലാ ആഴ്ചയിലും രണ്ടു പ്രാവശ്യം പ്രദർശിപ്പിക്കപ്പെടും. തിങ്കളാഴ്ചയും വ്യാഴാഴ്ചയും. എല്ലാവിശ്വാസികൾക്കും പൊറുത്തുകൊടുക്കപ്പെടും. തൻെറ സഹോദരനുമായി പിണങ്ങി നിൽക്കുന്ന ഒരാൾക്കൊഴികെ. അവർ വൈരാഗ്യം വെടിഞ്ഞു തിരിച്ചു വരുന്നതുവരെ അവരുടെ കാര്യം മാറ്റിവെക്കുക എന്നു പറയപ്പെടും.** [മുസ്ലിം]

പിണങ്ങി നിന്നവരിൽ ഒരാൾ തൻെറ സഹോദരൻെറ അരികിൽ വന്നു സലാം പറയുകയും അപരൻ വിസമ്മതിക്കുകയും ചെയ്താൽ ഖേദിച്ചു മടങ്ങിയവൻ കുറ്റമുക്തനാവുകയും പാപത്തിൻെറ അനന്തരഫലം പിണക്കം മാറാൻ വിസമ്മതിച്ചവന്നായിത്തീരുകയും ചെയ്യുന്നതാണ്. നബിﷺ പറഞ്ഞു:

**عـن أبـي أيوب مرفوعا(( لا يحلّ لرجل أن يهجر أخاه فوق ثلاث ليال، يلتقـيان فـيعرض هـذا ويعرض هذا وخيرهما الذي يبدأ بالسلام)) رواه البخاري ٤٩٢/١٠**

**ഒരു മുസ്ലിം തൻെറ സഹോദരനുമായി പിണങ്ങിയതിനാൽ കണ്ടു മുട്ടുമ്പോൾ പരസ്പരം മുഖം തിരിഞ്ഞു പോകുന്ന അവസ്ഥയിൽ മൂന്നുദിവസത്തിലധികം കഴിഞ്ഞു കൂടാൻ പാടില്ല. അവരിൽ സലാം പറഞ്ഞുകൊണ്ട് തുടങ്ങുന്നവനാണ് ഏറ്റവും ഉത്തമൻ.** [ബുഖാരി]

ഒരാളുടെ തെറ്റ് മനസ്സിലാക്കി കൊടുക്കുന്നതിനോ തെറ്റിൽ നിന്നും പിന്തിരിപ്പിക്കുന്നതിനോ സാധിക്കുമെങ്കിൽ, മതപരമായ കാരണങ്ങളാൽ നമസ്കാരം ഒഴിവാക്കൽ, തെറ്റിൽ ഉറച്ചു നിൽക്കൽ അയാളുമായി ബന്ധം വെടിയാവുന്നതാണ്. മാത്രമല്ല, ഇതു നിർബന്ധവുമാണ്. എന്നാൽ കൂടുതൽ ദോഷവും നാശവും വരികയും നന്മക്കു പകരം തിന്മ വർദ്ധിക്കുകയും ചെയ്യുമെങ്കിൽ സദുപദേശവും ഉൽബോധനവും നൽകി നല്ലബന്ധം തുടരുന്നതാണ് നല്ലത്.

ജനങ്ങൾക്കിടയിൽ പ്രചരിച്ചിട്ടുള്ള തെറ്റുകളിൽ ചിലത് മാത്രമാണിവിടെ പറഞ്ഞിട്ടുള്ളത്. നമുക്കും തെറ്റുകൾക്കുമിടയിൽ മറയായിത്തീരത്തക്ക വിധം ഭയഭക്തി നൽകാനായി അല്ലാഹുവിൻെറ ഉത്തമനാമങ്ങളാൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. നമ്മുടെ അമിത പ്രവൃത്തികൾ പൊറുക്കപ്പെടുകയും സ്വർഗ്ഗം ലഭിക്കുകയും ചെയ്യുന്നതിന് പ്രാർത്ഥിക്കുന്നു. അവൻെറ ഹലാലു കൊണ്ട് നമ്മെ ഹറാമിന് ആവശ്യമില്ലാത്തവരാക്കട്ടെ. അവൻെറ ഔദാര്യത്താൽ നമ്മുടെയും മറ്റുള്ളവരുടെയും തൗബ അവൻ സ്വീകരിക്കുകയും, നമ്മുടെ പാപങ്ങൾ കഴുകിക്കളയുകയും ചെയ്യട്ടെ. തീർച്ചയായും അവൻ സമീപസ്ഥനും ഉത്തരം നൽകുന്നവനുമാണ്. അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ നബിയിലും അവിടുത്തെ കുടുംബത്തിലും വർഷിക്കുമാറാകട്ടെ. ആമീൻ